# ദീപനാളം

കലാസാംസ്കാരിക ദേശീയവാരിക

ESTD-1968

2020 ഡിസംബർ 17 | ദീപം 53 | നാളം 32 | Published from : PALA | പേജ് 16 | വില 6 രൂപ | www.deepanalam.org




# ഡൽഹിയിലെ തണുപ്പിനെ കീഴടക്കി കർഷകനെഞ്ചിലെ തീ




**പി.സി. സിറിയക്**


ഡൽഹി മഹാനഗരത്തെ ചുറ്റിവളഞ്ഞിരിക്കുന്നു ലക്ഷക്കണക്കിനു കർഷകർ. പഞ്ചാബ്, ഹരിയാന, രാജസ്ഥാൻ, ഉത്തർപ്രദേശ്, മധ്യപ്രദേശ് എന്നീ സംസ്ഥാനങ്ങളിലെ ഉൾനാടൻ ഗ്രാമങ്ങളിൽനിന്ന് ട്രാക്ടർ ട്രെയിലറുകളിലും ലോറികളിലുമായി എത്തിയവരാണവർ. കർഷകനും ഭാര്യയും പ്രായമായ മാതാപിതാക്കളും കുട്ടികളുമടക്കം ആറുമാസക്കാലത്തെ താമസത്തിനാവശ്യമായ ഭക്ഷ്യവസ്തുക്കളുമായിട്ടാണ് അവർ എത്തിയിരിക്കുന്നത്. ഡൽഹിനഗരത്തിൽ പ്രവേശിക്കാൻ ജന്തർമന്ദർ ഭാഗത്തും രാംലീലാ മൈതാനത്തിലും പ്രതിഷേധം പ്രകടിപ്പിക്കാൻ ശ്രമിച്ച കർഷകരെ പോലീസ് അതിർത്തിയിൽ തടഞ്ഞുനിറുത്തുകയായിരുന്നു. വരുംവഴിയിൽ ഹരിയാനയിലും മറ്റും ബി.ജെ.പി. സർക്കാരിന്റെ പോലീസ് ലാത്തിച്ചാർജും കണ്ണീർ വാതകവും ജലപീരങ്കിയുമെല്ലാം നേരിട്ടാണ് അവർ ഡൽഹിയുടെ പ്രാന്തപ്രദേശംവരെ വന്നുചേർന്നത്. ആംആദ്മി പാർട്ടിയുടെ ഡൽഹി സർക്കാരിന് ഡൽഹിയിലെ പോലീസ് സേനയുടെമേൽ നിയന്ത്രണാധികാരമില്ല. അവിടെ പോലീസ്, ലഫ്റ്റനന്റ് ഗവർണ്ണറുടെ, അതായത്, കേന്ദ്രത്തിന്റെ നിയന്ത്രണത്തിലാണല്ലോ.

ഡൽഹിയിലെ സ്റ്റേഡിയങ്ങളെല്ലാം ജയിലുകളായി പ്രഖ്യാപിച്ച്, പ്രക്ഷോഭണം നടത്തുന്ന കർഷകരെ അവിടെ തടവിലാക്കാനായിരുന്നു കേന്ദ്രത്തിന്റെ പ്ലാൻ. പക്ഷേ, സ്റ്റേഡിയങ്ങളുടെ നിയന്ത്രണാധികാരമുള്ള കേജ്രിവാൾ എതിർത്തു. അങ്ങനെ ആ പ്ലാൻ പൊളിഞ്ഞു. ശൈത്യകാലഡൽഹിയിൽ, തണുപ്പേറിയ രാവുകളിൽ ട്രെയിലറിലും ലോറിക്കടിയിലുമെല്ലാം പുതച്ചുമൂടിക്കിടന്ന് അവർ നേരം വെളുപ്പിക്കുന്നു. രാജ്യത്തിനു മുഴുവൻ അരിയും ഗോതമ്പും ഉത്പാദിപ്പിച്ചുതരുന്ന ഈ ഉത്തരേന്ത്യൻകർഷകർ കൊവിഡിനെയും തണുപ്പിനെയും വെല്ലുവിളിച്ചുകൊണ്ടു സമരം ചെയ്യുന്നു. ഇവരെ ഈ സഹനസമരത്തിലേക്കു തള്ളിവിട്ടതാര്?

ഇക്കഴിഞ്ഞ ജൂൺമാസത്തിൽ കേന്ദ്രസർക്കാർ നമ്മുടെ കാർഷികമേഖലയിൽ സമൂലപരിഷ്കരണം കൊണ്ടുവന്ന്, കർഷകരുടെ വരുമാനം ഇരട്ടിയാക്കാമെന്നു പറഞ്ഞ് മൂന്നു പുതിയ ഓർഡിനൻസുകളിറക്കി. സെപ്റ്റംബറിൽ ഈ ഓർഡിനൻസുകൾക്കു പകരം ബില്ലുകളവതരിപ്പിച്ചു. വിശദമായ പരിശോധനയ്ക്കും ചർച്ചയ്ക്കും പുറമേ, പൊതുജനാഭിപ്രായംകൂടി തേടിയിട്ടു വേണം ബില്ലുകൾ പാസ്സാക്കാൻ എന്നു പ്രതിപക്ഷകക്ഷികളെല്ലാം ആവശ്യപ്പെട്ടിട്ടും, ഒട്ടും വഴങ്ങാതെ സർക്കാർ ലോക്സഭയിൽ മൃഗീയ ഭൂരിപക്ഷം ഉപയോഗിച്ച് ബിൽ പാസ്സാക്കിയെടുത്തു. അതു കഴിഞ്ഞാണ് ബി.ജെ.പി.യുടെ ആദ്യകാലംതൊട്ട് സഖ്യകക്ഷിയായിരുന്ന അകാലിദൾ സഖ്യം ഉപേക്ഷിച്ച് മന്ത്രിയെ രാജിവയ്പിച്ച് പുറത്തിറങ്ങിയത്.

ബി.ജെ.പി.ക്കു തനിച്ചു ഭൂരിപക്ഷമില്ലാത്ത രാജ്യസഭയിൽ പ്രതിപക്ഷം 'ഡിവിഷൻ' ആവശ്യപ്പെട്ടിട്ടും അതിന് അനുവാദം നൽകാതെ നിയമം ലംഘിച്ച് ബി.ജെ.പി. ക്കാരനായ രാജ്യസഭാ ഉപാദ്ധ്യക്ഷൻ, ശബ്ദവോട്ടോടെ ബിൽ പാസ്സായതായി പ്രഖ്യാപിക്കുകയായിരുന്നു! ഒരേയൊരു മെമ്പർ മാത്രം ആവശ്യപ്പെട്ടാലും 'ഡിവിഷൻ'അനുവദിച്ച് തലയെണ്ണി വോട്ടെടുപ്പു നടത്തണം എന്ന നിയമമാണ് ഒരു കൂസലുമില്ലാതെ ലംഘിക്കപ്പെട്ടത്. ഒരു നിശ്ചിതസമയത്തിനുള്ളിൽ ഈ ബില്ലുകളെല്ലാം പാസ്സാക്കിയെടുത്ത് നിയമമാക്കിക്കൊള്ളാം എന്ന് ആർക്കോ നൽകിയ വാഗ്ദാനം എങ്ങനെയെങ്കിലും നടപ്പാക്കാൻ വാശിയോടെ പ്രവർത്തിക്കുന്ന ഒരു സർക്കാരിനെയാണ് നാം ഇവിടെ കണ്ടത്.

ഒരു കാര്യം വ്യക്തമാണ്. കൊവിഡിന്റെ പശ്ചാത്തലത്തിൽ വരുമാനവും തൊഴിലും നഷ്ടപ്പെട്ട ജനങ്ങളുടെ വാങ്ങൽ ശക്തി തീരെക്കുറഞ്ഞുപോയി; വ്യാവസായികോത്പന്നങ്ങൾ വാങ്ങാൻ ആളില്ലാത്ത സ്ഥിതി. അപ്പോൾ വ്യവസായമേഖലയിൽനിന്നുള്ള വിറ്റുവരവിനെയും ലാഭത്തെയും മാത്രം ആശ്രയിച്ചാൽ കമ്പനികൾക്ക് ഉദ്ദേശിച്ചത്ര ലാഭം നേടാൻ എളുപ്പമല്ല. അതേസമയം, ഇക്കൊല്ലം ഇന്ത്യമുഴുവൻ നല്ല മഴ. മൺസൂണിന്റെ ബലത്തിൽ നല്ല വളർച്ചാനിരക്ക് കാണിക്കുന്ന കാർഷികമേഖലയാണ് ശരണം. അവിടെ പ്രവേശിച്ച് കാർഷികോത്പന്നങ്ങൾ വിപണനം ചെയ്തു ലാഭം നേടണം എന്ന് തീരുമാനിച്ചുറച്ചു അംബാനി, അദാനി തുടങ്ങിയ വൻവ്യവസായികൾ. അവരെ എന്തിലും ഏതിലും സഹായിക്കാൻ നിൽക്കുന്ന ഇന്നത്തെ കേന്ദ്രസർക്കാർ, ഉടനെ ധൃതിപ്പെട്ട് അവർക്ക് ഈ മേഖലയിലേക്കു സുഗമമായി പ്രവേശിച്ച് വിജയകരമായി ബിസിനസ് നടത്താൻ ആവശ്യമായ മൂന്നു നിയമങ്ങൾ തയ്യാറാക്കിയെടുത്തു.

▶10

# ധാർമികത തകർന്നടിയുമ്പോൾ




**കൊഴുവനാൽ ജോസ്**


മാനുഷികമൂല്യങ്ങൾക്ക് ഇന്നത്തേതുപോലെ വിലയിടിഞ്ഞ ഒരു കാലഘട്ടം മുമ്പെങ്ങുമുണ്ടായിട്ടില്ല. സത്യം, നീതി, ന്യായം, ദയ, അനുകമ്പ, കരുണ, പരസ്നേഹം തുടങ്ങിയ നന്മകളും പുണ്യങ്ങളും നാൾക്കുനാൾ സമൂഹത്തിൽ ക്ഷയിച്ചുവരുന്നു. മാത്രമല്ല അസത്യം, അനീതി, അന്യായം, ക്രൂരത, വെറുപ്പ്, പരദ്രോഹം, ചതി, കൊല, കൊള്ള ആദിയായ തിന്മകളും ദോഷങ്ങളും അടിക്കടി പെരുകിവരുകയും ചെയ്യുന്നു. വർത്തമാനപ്പത്രങ്ങളുടെ പേജുകളും ആധുനികവാർത്താമാധ്യമങ്ങളുടെ ഉള്ളടക്കങ്ങളും നാട്ടിൽ നടമാടുന്ന കൊള്ളരുതായ്മകളുടെ വിവരണങ്ങൾകൊണ്ടു നിറയുകയാണ്. മനുഷ്യൻ അവന്റെ നാനാവിധ ആർത്തികളുടെ പൂർത്തീകരണത്തിനുവേണ്ടി കാട്ടിക്കൂട്ടുന്ന കോപ്രായങ്ങളുടെ ഉത്പന്നമാണ് പടർന്നു പന്തലിക്കുന്ന അധാർമികത.

ആർത്തികളിൽ പ്രധാനം ധനാർത്തിതന്നെ. എന്തു കടുംകൈ ചെയ്തിട്ടായാലും അന്യന്റെ കീശയിലെ കാശ് സ്വന്തം മേശയിലെത്തിക്കാൻ കച്ചകെട്ടി ഇറങ്ങിയിരിക്കുന്ന ധനമോഹികൾ ഒത്തിരിയുണ്ട് സമൂഹത്തിൽ. രോഗി മരിച്ചെന്ന് ഉറപ്പുവരുത്തിയിട്ടും വില കൂടിയ മരുന്ന് ആ ശരീരത്തിൽ കുത്തിവയ്ക്കുന്ന ഭിഷഗ്വരനും, കൊലക്കയറോ ജീവപര്യന്തമോ ശിക്ഷ കിട്ടേണ്ട കേസുകളിൽ കള്ളക്കഥകളും ഇല്ലാത്തെളിവുകളുമുണ്ടാക്കി കുറ്റവാളിയെ മോചിപ്പിച്ചുകൊണ്ടുവരുന്ന അഭിഭാഷകനും അക്കൂട്ടത്തിലുണ്ട്. ജനങ്ങൾ തന്നിലർപ്പിച്ച വിശ്വാസത്തിന് വില പേശി കാശുവാങ്ങി കൂറുമാറി ജനാധിപത്യത്തെ പച്ചയ്ക്കു ചുട്ടുതിന്നുന്ന രാഷ്ട്രീയക്കോമരങ്ങളുള്ള നാടാണിത്. ഇവൻ അല്ലെങ്കിൽ ഇവൾ ജീവിച്ചിരുന്നാൽ ഭാഗോടമ്പടിയിൽ സ്വന്തം വിഹിതം കുറയുമെന്നു മുൻകൂട്ടിക്കണ്ട് എട്ടും പൊട്ടും തിരിയാത്ത കുരുന്നിനെ കൂട്ടിക്കൊണ്ടുപോയി പുഴയിലെറിയുന്ന നരാധമന്മാർ ഇവിടെയുണ്ട്. മകനെ കൊല്ലുന്ന അപ്പനും അപ്പനെ കൊല്ലുന്ന മകളും പരിചിതരാണ് നമുക്ക്. നിത്യോപയോഗവസ്തുക്കൾക്ക് കൃത്രിമക്ഷാമമുണ്ടാക്കി വിലക്കയറ്റം സൃഷ്ടിക്കുന്ന വ്യാപാരപ്രമുഖനും പുറമ്പോക്ക് കയ്യേറി റിസോർട്ട് പണിയുന്ന കോടീശ്വരനും ഇവിടെ സുഖിച്ചു വാഴുന്നു.

▶12





മൂല്യാധിഷ്ഠിത പത്രപ്രവർത്തനത്തിന്റെ 53-ാം വർഷം

# സന്ന്യാസത്തിലെ സിംഹരാജൻ

## വിളക്കുമരം



ഡോ. സിറിയക് തോമസ്



ഫാ. വില്യം നേര്യമ്പറമ്പിൽ

കടന്നുപോയ ഒരു കാലഘട്ടത്തിലെ പ്രൗഢസാന്നിധ്യമായിരുന്നു വില്യമച്ചൻ - ഫാദർ വില്യം നേര്യമ്പറമ്പിൽ സിഎംഐ. കർദ്ദിനാൾ മാർ ജോർജ് ആലഞ്ചേരിയും വില്യമച്ചനും ഒരേ ഇടവകക്കാർ. ഒരു തലമുറ വ്യത്യാസത്തിലാണെന്നു മാത്രം. ചങ്ങനാശേരി തുരുത്തിപ്പള്ളിയിലെ പേരുകേട്ട തറവാടായിരുന്നു നേര്യമ്പറമ്പിൽ.

ഒരു പേരിൽ എന്തിരിക്കുന്നുവെന്നു ചോദിക്കുന്നവരുണ്ട്. ഒരു പേരിൽ പലതുമുണ്ടെന്നാണിതിനുത്തരം. ചരിത്രം വച്ചു പറഞ്ഞാൽ വില്യം എന്ന പേരിൽ ഒട്ടേറെ രാജാക്കന്മാർ ഇംഗ്ലണ്ടിലുണ്ടായിരുന്നു. വില്യമെന്നതു കനപ്പെട്ട പേരുതന്നെ. വില്യമച്ചനും കാഴ്ചയിലും കാര്യത്തിലും കനപ്പെട്ട ആളായിരുന്നു. ആറടിയിലധികം ഉയരം. ഉയരത്തിനൊത്ത വണ്ണവും തൂക്കവും. സി.എം.ഐ. സഭയിൽ വില്യമച്ചന്മാർ വേറേയുണ്ടാകാം. എന്നാൽ, ആരെങ്കിലും വില്യമച്ചൻ എന്നു മാത്രം പറഞ്ഞാൽ അന്നും ഇന്നും അത് ഫാദർ വില്യം നേര്യമ്പറമ്പിൽ സി.എം.ഐ. തന്നെ!

ഏതൊരു സമൂഹത്തിനും സംഭവിക്കാവുന്ന ഏറ്റവും വലിയ ദുരന്തം സുനാമിയോ കൊടുങ്കാറ്റോ ഭൂകമ്പമോ ഒന്നുമല്ലെന്നും മറിച്ച്, വലിയ പദവികളിൽ ചെറിയ മനസ്സുള്ളവർ -'പീപ്പിൾ ഓഫ് സ്മാൾ മൈൻഡ്' - വരിക എന്നതാണെന്നും ഒരിക്കൽ പറഞ്ഞത് പ്രഫസർ സുകുമാർ അഴീക്കോടാണ്. അന്നത്തെ ഒരു മുഖ്യമന്ത്രിയെയും വൈസ്ചാൻസലറെയും ഉന്നമിട്ടായിരുന്നു അഴീക്കോട് അമ്പെയ്തത്!

വില്യമച്ചൻ താനിരുന്ന കസേരകളൊക്കെ മഹത്ത്വവത്കരിച്ച മഹാനായിരുന്നു. ജീവിതനിയോഗത്തിൽ സന്ന്യാസി. ജീവിതനിഷ്ഠകളിലും അദ്ദേഹം അങ്ങനെയായിരുന്നു. എസ്.ബി. കോളജിൽ പ്രിൻസിപ്പലായിരുന്നു ഫാദർ വില്യം. മുൻഗാമിയായിരുന്നതു പ്രാഗല്ഭ്യത്തിന്റെ മറുപേരായിരുന്ന പുരയ്ക്കലച്ചനും. തിരുവിതാംകൂറിലെ കോളജുകൾ മദ്രാസ് സർവ്വകലാശാലയുമായി അഫിലിയേറ്റു ചെയ്യപ്പെട്ടിരുന്ന കാലത്ത് വില്യമച്ചൻ മദ്രാസ് സർവ്വകലാശാല സിൻഡിക്കേറ്റംഗമായി. വൈസ് ചാൻസലർ പദവിയിൽ തുടർച്ചയായി ഇരുപത്തിയെട്ടു വർഷമിരുന്നു ലോകറിക്കാർഡിട്ട ഡോ. എ. ലക്ഷ്മണസ്വാമി മുതലിയാരുടെ ഭരണകാലം. ഡോ. മുതലിയാർക്കും വില്യമച്ചനെ ബഹുമാനമായിരുന്നു. ഡോ. ലക്ഷ്മണസ്വാമി മുതലിയാർ മദ്രാസ് മെഡിക്കൽ കോളജിന്റെ പ്രിൻസിപ്പലായിരുന്നു. ഇരട്ടസഹോദരൻ ഡോ. ഏ. രാമസ്വാമി മുതലിയാർ പേരുകേട്ട കപ്പൽവ്യവസായിയും ഷിപ്പിംഗ് എൻജിനീയറും. വട്ടമേശസമ്മേളനത്തിൽ ഇന്ത്യൻ പ്രതിനിധിയായിരുന്ന ഡോ. രാമസ്വാമി മുതലിയാർ ഐക്യരാഷ്ട്രസഭയിലേക്കുള്ള ആദ്യത്തെ ഇന്ത്യൻ ഡെലിഗേഷനിലും അംഗമായിരുന്നു. തിരുവിതാംകൂറിൽ ദിവാനും വൈസ്ചാൻസലറുമായിരുന്ന സർ സി.പി. നാടുവിട്ടോടിയപ്പോൾ പകരം വൈസ്ചാൻസലറായി ഡോ. രാമസ്വാമി മുതലിയാരെയാണ് ശ്രീചിത്തിരതിരുനാൾ മഹാരാജാവ് നിയമിച്ചത്. ഒരേസമയം മദ്രാസിലും തിരുവനന്തപുരത്തും വൈസ്ചാൻസലർമാരായും മുതലിയാർ സഹോദരന്മാർ പ്രസിദ്ധി നേടി. അക്കാലത്ത് ആർക്കൊക്കെയൊപ്പമാണ് വില്യമച്ചൻ കസേരയിട്ടിരുന്നതെന്നു സൂചിപ്പിച്ചുവെന്നു മാത്രം!

പില്ക്കാലത്ത് വില്യമച്ചൻ ദീപികയുടെ ചീഫ് എഡിറ്ററായി. നിധീരിക്കൽ മാണിക്കത്തനാർക്കുശേഷം ആ കസേരയിലെത്തിയ പ്രഗല്ഭനായ പത്രാധിപരും വില്യമച്ചൻതന്നെ. പ്രിൻസിപ്പലായും പത്രാധിപരായും പദവികൾക്കു പദവി നൽകിയ മഹാനായിരുന്നു വില്യമച്ചൻ. വലിയ പദവികളിൽ വലിയ മനുഷ്യർ ഇരുന്നിരുന്ന ഒരു കാലവും നമുക്കുണ്ടായിരുന്നുവെന്നതിന്റെ നേർസാക്ഷ്യമായിരുന്നു ഫാദർ വില്യം. വ്യത്യസ്തമായ മണ്ണു കൊണ്ടാവണം ദൈവം വില്യമച്ചനെ മെനഞ്ഞെടുത്തത്.

കാഴ്ചയിൽ തിടമ്പേറ്റിയ ഗുരുവായൂർ കേശവന്റെ തലയെടുപ്പായിരുന്നു അച്ചന്. ഉയരം കുത്തബ്മീനാറിനെ ഓർമ്മിപ്പിക്കുന്നതും. താടികൊണ്ട് വ്യാസമഹർഷിയുടെ മുഖസാദൃശ്യം. സ്വഭാവത്തിൽ ഭഗവദ്ഗീത പറയുമ്പോലെ, സ്ഥിതപ്രജ്ഞൻ. വില്യമച്ചൻ വാക്കുപറഞ്ഞാൽ വാക്കായിരുന്നു. നിലപാടുകളിലും ഉറപ്പുണ്ടായിരുന്നു അച്ചന്. നൂറു ശതമാനവും സന്ന്യാസി. എന്നാൽ, ഭരണകാര്യക്ഷമതയിൽ മറ്റൊരു സർദാർ പട്ടേൽ. ഉരുക്കുമനുഷ്യനായിരുന്നു അച്ചൻ. നിർഭയനും. പാണ്ഡിത്യത്തിന്റെ ഗർവ്വില്ലാത്ത പണ്ഡിതൻ. ഭക്തിപ്രകടനങ്ങളില്ലാത്ത ഭക്തൻ. എല്ലാവർക്കും ഗുരു. വാത്സല്യത്തിന് അതിർവേലി കെട്ടാത്ത ആത്മീയാചാര്യൻ. ഹല്ലേലുയ്യായും പ്രെയ്സ് ദ ലോർഡുമൊന്നും അച്ചന്റെ നിഘണ്ടുവിലുണ്ടായിരുന്നില്ല. എന്നിട്ടും വിശ്വാസികൾ അദ്ദേഹത്തെ ധ്യാനഗുരുവെന്നു വാഴ്ത്തി. എഴുത്തുകാരനായിരുന്നു അച്ചൻ. ഒന്നാംതരം പ്രഭാഷകനും. അധികാരപദവികളോടു നിസംഗത കാട്ടി എന്നു പറഞ്ഞുകൂടാ. എന്നാൽ, പദവികളൊന്നും അച്ചന്റെ തലക്കനം കൂട്ടിയില്ല എന്നതായിരുന്നു ശ്രദ്ധേയം.

വില്യമച്ചന്റെ കാലത്തെ വൈസ് ചാൻസലർമാരുടെ താരത്തിളക്കംപോലെതന്നെ പ്രിൻസിപ്പൽമാരുടെ ഔന്നത്യവും ഒട്ടും കുറഞ്ഞതായിരുന്നില്ല. അവർക്കിടയിൽ ഒന്നാംനിരയിലായിരുന്നു വില്യമച്ചന്റെ സ്ഥാനം. സിംഹങ്ങൾക്കിടയിൽ തലയെടുപ്പോടെ നിന്ന ഒരു സിംഹരാജൻ!

□

## സൂക്തിമഞ്ജരി

ഡോ. സി.ടി. ഫ്രാൻസീസ്



## അധികാരം കർമ്മത്തിൽ മാത്രമാകട്ടെ

"കർമണ്യേവാധികാരസ്തേ മാ ഫലേഷു കദാചന
മാ കർമ ഫലഹേതുർഭൂർമാ തേ സംഗോസ്ത്വകർമണി"
(ഭഗവദ്ഗീത2/47)

അർത്ഥം അന്വയക്രമത്തിൽ - കർമണി ഏവ തേ അധികാരഃ - നിനക്ക് അധികാരം കർമ്മത്തിൽ മാത്രമാണ്; കദാചന ഫലേഷു മാ (അസ്തു) - ഒരിക്കലും ഫലങ്ങളിലായിരിക്കരുത്; കർമ ഫലഹേതുഃ മാ ഭൂഃ - കർമ്മം ഫലത്തിന്നു കാരണമാകരുത്; (തതഃ അപി) തേ സംഗഃ അകർമണി മാ അസ്തു - എന്നിരുന്നാലും നീ കർമ്മവിമുഖനാവുകയുമരുത്.

ഭഗവദ്ഗീതയിൽ ശ്രീകൃഷ്ണൻ അർജുനനു നൽകുന്ന ഈ ഉപദേശം വളരെയേറെ തെറ്റായി മനസ്സിലാക്കപ്പെടുന്ന ഒന്നാണ്. കർമ്മം ചെയ്യുന്ന മനുഷ്യന്, കൂലിക്കുപോലും അവകാശമില്ലെന്ന നിലയിൽവരെ ഇതിന്റെ വ്യാഖ്യാനം ചെന്നെത്തിയിട്ടുണ്ട്! എന്നാൽ, കൃഷ്ണൻ പറയുന്നത്, നിനക്കു ഫലത്തിൽ അധികാരമില്ലെന്നല്ല, നിന്റെ അധികാരം ഫലത്തിൽ ആകരുതെന്നാണ്! ഒരു വസ്തുവിൽ അധികാരമുള്ളയാൾക്ക്, ആ വസ്തു വിൽക്കുകയോ കൈമാറ്റം ചെയ്യുകയോ ആകാം. അപ്പോൾ കർമ്മാധികാരിക്ക് തന്റെ കർമ്മം അഥവാ സേവനം വിൽക്കുവാൻ അധികാരമുണ്ടല്ലോ! അപ്രകാരമുള്ള ഒരധികാരത്തിൽ അധിഷ്ഠിതമാണ് ലോകത്തിൽ നിലവിലുള്ള സേവനവേതന വ്യവസ്ഥകളെല്ലാം.

അപ്പോൾ പിന്നെ കൃഷ്ണൻ നൽകുന്ന ഈ ഉപദേശത്തിന് പ്രസക്തിയെന്താണ്? സാധാരണഗതിയിൽ തൊഴിൽ ചെയ്യുന്നവൻ തന്റെ കർമ്മം വിറ്റു ജീവിക്കുകയാണു ചെയ്യുന്നത്. കർമ്മം വിറ്റ്, കർമ്മത്തിനു വില ലഭിക്കുന്നതോടെ അയാളുടെ അധികാരം തീരുന്നു. എന്നാൽ, ഇന്നത്തെ സ്ഥിതിയെന്താണ്? കർമ്മം വിൽക്കുന്നവൻ കർമ്മഫലത്തെക്കുറിച്ചാണു ചിന്തിക്കുന്നത്! പാടത്തു പണിയെടുത്തതിന്റെ ഫലം വിളവാണ്. താൻ ജോലി ചെയ്തതിനു തനിക്കു കിട്ടിയ കൂലിമാത്രം പോരാ, തന്റെ തൊഴിൽകൊണ്ട് തൊഴിലുടമയ്ക്കുണ്ടായ നേട്ടത്തിനും താൻ അവകാശിയാണെന്നയാൾ ശഠിക്കുന്നു. ഈ വ്യവസ്ഥിതിയിൽ നിന്നാണല്ലോ ലോകത്തിൽ മനുഷ്യജീവിതംതന്നെ ദുസ്സഹമാക്കിത്തീർത്ത കമ്മീഷൻ സമ്പ്രദായത്തിന്റെ ആവിർഭാവം! രോഗിയെ പരിശോധിച്ച് രോഗനിർണ്ണയം നടത്തി മരുന്നു നിശ്ചയിക്കുന്ന ഡോക്ടർ, താൻ ചെയ്യുന്ന അത്രയും പ്രവൃത്തിയുടെ പ്രതിഫലം സ്വീകരിക്കുമ്പോൾ അദ്ദേഹം തനിക്കവകാശപ്പെട്ട കർമ്മത്തിന്റെ വിലയാണു സ്വീകരിക്കുന്നത്. എന്നാൽ, രോഗനിർണ്ണയത്തിനായി നടത്തിയ ടെസ്റ്റുകളുടെ ഫലമായി, മെഡിക്കൽ ലാബുകൾക്കും, ഔഷധം വിറ്റതിനു കടക്കാർക്കും കിട്ടിയ ലാഭത്തിന്റെ വിഹിതംകൂടി തനിക്കു വേണമെന്നു ഡോക്ടർ പറയുന്നത് കർമ്മഫലത്തിലേക്കുള്ള കടന്നുകയറ്റമാണ്. ദൂരവ്യാപകമായ ദുഷ്ഫലങ്ങളുളവാക്കുന്ന ഈ വ്യവസ്ഥയ്ക്കെതിരായ മുന്നറിയിപ്പാണ് ശ്രീകൃഷ്ണൻ ലോകത്തിനു നൽകുന്നത്!

## പാലാ രൂപത ബൈബിൾ കൺവൻഷൻ ഡിസംബർ 19 മുതൽ 23 വരെ

പാലാ: 38-ാമത് പാലാ രൂപത ബൈബിൾ കൺവൻഷൻ ഡിസംബർ 19 മുതൽ 23 വരെ തീയതികളിൽ നടക്കും. കൊവിഡിന്റെ പശ്ചാത്തലത്തിൽ ഓൺലൈനിൽ രാത്രി ഒൻപതുമുതൽ 10.45 വരെയാണ് കൺവൻഷൻ ക്രമീകരിച്ചിരിക്കുന്നത്. തിരുവനന്തപുരം മൗണ്ട് കാർമൽ റിട്രീറ്റ് സെന്റർ ഡയറക്ടർ ഫാ. ഡാനിയേൽ പൂവണ്ണത്തിൽ കൺവൻഷൻ നയിക്കും. ഷെക്കെയ്നാ ടെലിവിഷൻ ചാനലിലും പാലാ രൂപത ഒഫീഷ്യൽ, ഷലോം ഓൺലൈൻ ടി.വി., സെന്റ് അൽഫോൻസാ ഷ്റൈൻ എന്നീ യൂട്യൂബ് ചാനലുകളിലും കൺവൻഷന്റെ ലൈവ് ലഭ്യമാണ്.

ബിഷപ്സ് ഹൗസിൽ നടന്ന കൺവൻഷൻ അവലോകനത്തിൽ രൂപത വികാരി ജനറാൾ മോൺ. സെബാസ്റ്റ്യൻ വേത്താനത്ത് അധ്യക്ഷത വഹിച്ചു. ഇവാഞ്ചലൈസേഷൻ ഡയറക്ടർ ഫാ. വിൻസെന്റ് മൂങ്ങാമാക്കൽ, രൂപത ഇന്റർനെറ്റ് മിഷൻ ഡയറക്ടർ ഫാ. ജോയൽ പണ്ടാരപ്പറമ്പിൽ, ഫാ. തോമസ് ഓലായത്തിൽ, ജോണിച്ചൻ കൊട്ടുകാപ്പള്ളി, തങ്കച്ചൻ ശ്രാമ്പിക്കൽ, സണ്ണി വാഴയിൽ, ജോർജുകുട്ടി ഞാവള്ളിൽ തുടങ്ങിയവർ യോഗത്തിൽ പങ്കെടുത്തു.

# ലോകസമാധാനത്തിനും മനുഷ്യസാഹോദര്യത്തിനും

## ഇസ്ലാംമതം രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളിൽ



**ഫാ. ഡോ. ഡൊമിനിക് വെച്ചൂർ**

**ആമുഖം**

പ്രത്യക്ഷത്തിൽ ശരിയെന്നു തോന്നുന്ന തരത്തിലുള്ള വഴി തെറ്റിക്കുന്ന പഠനങ്ങളും വ്യാഖ്യാനങ്ങളും ഇക്കാലഘട്ടത്തിന്റെ ഒരു പ്രത്യേകതയാണ്. വിശ്വാസ-ആത്മീയമേഖലകളിൽ ഇത് ഏറെക്കൂടുതലാണ്. അത്തരത്തിലുള്ള ഒരു അബദ്ധപ്രബോധനമാണ്, 'ക്രൈസ്തവരും ഇസ്ലാംമതവിശ്വാസികളും ഒരേ ദൈവത്തെയാണ് ആരാധിക്കുന്നത്' എന്നത്. ഇതിന് ഉപോദ്ബലകമായി ഇവർ ഉദ്ധരിക്കുന്നതാകട്ടെ, രണ്ടാം വത്തിക്കാൻ കൗൺസിൽ പ്രബോധനങ്ങളിലെ തിരുസ്സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെ 16-ാമത്തെ ഖണ്ഡികയും അക്രൈസ്തവമതങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനത്തിന്റെ മൂന്നാമത്തെ ഖണ്ഡികയുമാണ്. ഈ രണ്ട് ഖണ്ഡികകളെയും തെറ്റായി മനസ്സിലാക്കുന്നതുകൊണ്ടാണ് മേല്പറഞ്ഞ വികലപ്രബോധനം ഇന്ന് ജനമധ്യത്തിൽ പ്രചരിക്കുന്നത്.

**രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ ചരിത്രപ്രാധാന്യം**

തിരുസ്സഭയുടെ ചരിത്രത്തിലെ ഇരുപത്തിയൊന്നാമത്തെ സാർവ്വത്രികസൂനഹദോസാണ് രണ്ടാം വത്തിക്കാൻ കൗൺസിൽ. വി. ജോൺ ഇരുപത്തിമൂന്നാമൻ പാപ്പാ വിളിച്ചുകൂട്ടിയ ഈ കൗൺസിൽ ആരംഭിച്ചത് 1962 ഒക്ടോബർ മാസം പതിനൊന്നാം തീയതിയായിരുന്നു. സമാപിച്ചതാകട്ടെ 1965 ഡിസംബർ മാസം എട്ടാം തീയതിയും. ഇടയ്ക്കുവച്ച് ജോൺ ഇരുപത്തിമൂന്നാമൻ പാപ്പാ കാലം ചെയ്തതിനാൽ തുടർന്നുവന്ന വി. പോൾ ആറാമൻ മാർപാപ്പായാണ് കൗൺസിൽ പൂർത്തിയാക്കിയത്.

ആധുനികകാലഘട്ടത്തിലെ ഏറ്റവും വലിയ 'സഭാസംഭവ'മായിട്ടാണ് ഈ കൗൺസിൽ സമ്മേളനത്തെ ചരിത്രകാരന്മാർ വിശേഷിപ്പിക്കുന്നത്. കാർക്കശ്യംകൊണ്ടല്ല, കാരുണ്യത്തിന്റെ തൈലംകൊണ്ട് വിശ്വാസിസമൂഹത്തിന്റെയും മാനവകുലത്തിന്റെ മുഴുവന്റെയും മുറിവുകൾ ഉണക്കുകയും ഇതര ക്രൈസ്തവസമൂഹങ്ങളോടും വിവിധ മതങ്ങളോടും ദൈവത്തിൽ വിശ്വസിക്കുന്നില്ലാത്തവരോടും തുറവോടെ സംഭാഷണങ്ങളിൽ ഏർപ്പെടുകയും ചെയ്യുക എന്നത് ഈ സൂനഹദോസിന്റെ ഒരു പ്രധാന ലക്ഷ്യമായിരുന്നു. പക്ഷേ, ശരിയായ ആത്മബോധത്തിൽനിന്നും ദൗത്യബോധത്തിൽനിന്നും രൂപപ്പെടുന്നതായിരിക്കണം ഈ സംഭാഷണചൈതന്യം എന്ന് കൗൺസിൽപിതാക്കന്മാർക്ക് നിർബന്ധവുമുണ്ടായിരുന്നു.

കൗൺസിലനന്തരകാലഘട്ടത്തിൽ വളരെ സ്വതന്ത്രവും ചിലപ്പോഴെങ്കിലും വികലവും വൈരുദ്ധ്യം നിറഞ്ഞതുമായ വ്യാഖ്യാനങ്ങൾ ഉണ്ടാകുവാനിടയായിട്ടുണ്ട്. അതുകൊണ്ട് കൗൺസിൽ പ്രബോധനങ്ങൾ ശരിയായി വായിക്കുകയും സമഗ്രമായി വ്യാഖ്യാനിക്കുകയും വേണം.

**ഇസ്ലാംമതം രണ്ടാം വത്തിക്കാൻ കൗൺസിൽ രേഖകളിൽ**

സംവാദത്തിന്റെയും സംഭാഷണത്തിന്റെയും ഒരു ശൈലിയും കാഴ്ചപ്പാടും കൗൺസിലിന്റെ ഒരു വലിയ പ്രത്യേകതയായിരുന്നു. ഈ സംഭാഷണത്തിന് പ്രധാനമായും നാലു മുഖങ്ങളാണുള്ളത്. 1. തിരുസ്സഭയ്ക്കുള്ളിലെ സംഭാഷണം, 2. ഇതര ക്രൈസ്തവസഭകളോടുള്ള സംഭാഷണം, 3. മറ്റു മതങ്ങളോടുള്ള സംഭാഷണം. 4. ദൈവത്തിലും മതത്തിലും വിശ്വസിക്കാത്തവരോടുള്ള സംഭാഷണം. നാലു തരത്തിലുമുള്ള ഈ സംഭാഷണങ്ങളുടെ പശ്ചാത്തലത്തിൽ വേണം ഇസ്ലാംമതത്തെക്കുറിച്ചുള്ള രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പരാമർശങ്ങൾ മനസ്സിലാക്കാൻ. മറ്റു മതങ്ങളെ ബഹുമാനത്തോടെയും ആദരവോടെയുമാണ് കത്തോലിക്കാത്തിരുസ്സഭ എന്നും വീക്ഷിക്കുന്നത് (അക്രൈസ്തവമതങ്ങൾ, 2. മതസ്വാതന്ത്ര്യം, 14). മാത്രവുമല്ല മതസ്വാതന്ത്ര്യം എല്ലാ മനുഷ്യരുടെയും ജന്മാവകാശവും മനുഷ്യമഹത്ത്വത്തിന്റെ അടിത്തറയുമാണ് (മതസ്വാതന്ത്ര്യം, 1-3).

തിരുസ്സഭയെക്കുറിച്ചുള്ള കോൺസ്റ്റിറ്റ്യൂഷന്റെ രണ്ടാം അദ്ധ്യായത്തിലാണ് ഇസ്ലാംമതത്തെക്കുറിച്ചുള്ള ആദ്യസൂചന നാം കാണുന്നത്. ഒന്നാം അദ്ധ്യായത്തിൽ തിരുസ്സഭ എന്ന ദൈവികരഹസ്യം എന്തെന്നും അവളുടെ അനന്യത എന്തെന്നും വ്യക്തമായി പഠിപ്പിച്ചശേഷം (1-3) തിരുസ്സഭയുടെ സാമൂഹികവും മാനുഷികവുമായ വശം എന്തെന്നു വ്യക്തമാക്കുകയാണ് 'ദൈവത്തിന്റെ ജനം' എന്ന രണ്ടാം അദ്ധ്യായത്തിൽ. പഴയനിയമത്തിൽ ഇസ്രായേൽജനം ദൈവത്തിന്റെ സ്വന്തം ജനപദമായിരുന്നതുപോലെ പുതിയനിയമത്തിൽ തിരുസ്സഭ ദൈവത്തിന്റെ സ്വന്തം ജനമാണ്. മാമ്മോദീസാ സ്വീകരിച്ചവരെല്ലാം ദൈവത്തിന്റെ സ്വന്തമാണ് (9-13). പതിന്നാലാമത്തെ ഖണ്ഡികയിൽ ഈശോയുടെ അനന്യതയും കത്തോലിക്കാസഭയുടെ അതുല്യതയും കൗൺസിൽ പഠിപ്പിക്കുന്നു. തുടർന്ന് പതിനഞ്ചാമത്തെ ഖണ്ഡികയിൽ അകത്തോലിക്കരായ ക്രൈസ്തവസഹോദരങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്നു. പതിനാറാമത്തെ ഖണ്ഡികയിൽ അക്രൈസ്തവസഹോദരങ്ങളെക്കുറിച്ചു പ്രതിപാദിക്കുന്ന ഭാഗത്താണ് ഇസ്ലാംമതത്തെക്കുറിച്ച് കൗൺസിൽ പിതാക്കന്മാർ പഠിപ്പിക്കുന്നത്. സുവിശേഷം സ്വീകരിക്കാത്തവരും ദൈവജനത്തോടു വിവിധ രീതികളിൽ ബന്ധപ്പെട്ടാണിരിക്കുന്നത്. ഈ പശ്ചാത്തലത്തിലാണ് കത്തോലിക്കർ യഹൂദരും മുസ്ലീംകളും മറ്റു മതസ്ഥരുമായും ബന്ധപ്പെട്ടിരിക്കുന്നത് എന്ന് കൗൺസിൽ പഠിപ്പിക്കുന്നത്: "സ്രഷ്ടാവായ ദൈവത്തെ ഏറ്റുപറയുന്നവരും അവിടുത്തെ പരിത്രാണപദ്ധതിയിൽപ്പെടുന്നു. മുഹമ്മദീയരാണിവരിൽ പ്രധാനപ്പെട്ടവർ. അബ്രാഹത്തിന്റെ വിശ്വാസം അവരും ഏറ്റുപറയുന്നു. ഏകനും കരുണനിറഞ്ഞവനും, അന്ത്യനാളിൽ മനുഷ്യരെ വിധിക്കാനിരിക്കുന്നവനുമായ ദൈവത്തെ നമ്മോടൊത്ത് അവരും ആരാധിക്കുന്നുണ്ട്."

മുസ്ലീം സഹോദരങ്ങളും 'ഏകദൈവത്തെ' (Deum unicum) നമ്മോടൊപ്പം ആരാധിക്കുന്നു എന്നേ പറഞ്ഞിട്ടുള്ളൂ. "ഒരേ ദൈവത്തെ" (Deum eodem) എന്നല്ല പറഞ്ഞിരിക്കുന്നത്. മുസ്ലീംകളും ഏകദൈവത്തിൽ വിശ്വസിക്കുന്നുണ്ട്. പക്ഷേ, വ്യത്യസ്തമായ ദൈവസങ്കല്പങ്ങളാണ് മുസ്ലീംകളുടെയും ക്രൈസ്തവരുടെയും. ക്രിസ്തുവിനുശേഷം ഏഴാം നൂറ്റാണ്ടിൽ മുഹമ്മദ് നബിയാണ് (571-634) ഇസ്ലാംമതം സ്ഥാപിച്ചത്. അദ്ദേഹത്തിന്റെ പ്രയത്നഫലമായി തന്റെ സമൂഹത്തെ ഏകദൈവവിശ്വാസത്തിലേക്കു പടിപടിയായി കൊണ്ടുവരുകയായിരുന്നു. ഇക്കാര്യത്തിൽ യഹൂദ, ക്രൈസ്തവ സ്വാധീനങ്ങൾ ഉണ്ടായിട്ടുണ്ടാകാം. പക്ഷേ, ഇസ്ലാം സഹോദരങ്ങൾ ഏറ്റുപറയുന്ന ഏകദൈവവിശ്വാസവും ക്രൈസ്തവരുടെ ത്രിയേകദൈവവിശ്വാസവും ഒന്നല്ല. പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ച വിശ്വാസസത്യം സാർവ്വത്രികസഭയുടെ മതബോധനഗ്രന്ഥം ഇപ്രകാരം വിശദീകരിക്കുന്നു: "ത്രിത്വം ഏകമാകുന്നു. നമ്മൾ വിശ്വസിക്കുന്നത് മൂന്നു ദൈവങ്ങളിലല്ല, മൂന്നു വ്യക്തികളായ ഏകദൈവത്തിൽ ഏകത്വത്തോടുകൂടിയ ത്രിത്വത്തിലാണ്" (നമ്പർ 253) ത്രിയേകദൈവം ചരിത്രത്തിലൂടെ സത്യമായും പൂർണ്ണമായും വെളിപ്പെടുത്തപ്പെട്ട ഏകദൈവമാണ്. നാം പരി. കുർബാനയിൽ പ്രാർത്ഥിക്കുന്നതുപോലെ, 'ഏകപിതാവ് പരിശുദ്ധനാകുന്നു, ഏകപുത്രൻ പരിശുദ്ധനാകുന്നു, ഏകറൂഹാ പരിശുദ്ധനാകുന്നു. പിതാവിനും പുത്രനും പരിശുദ്ധാത്മാവിനും എന്നേക്കും സ്തുതി. ആമ്മേൻ.' ഇസ്ലാംമതം ഈശോമിശിഹായുടെ ദൈവത്വത്തിലും ഉയിർപ്പിലും വിശ്വസിക്കുന്നില്ല എന്നതും നാം ഓർക്കേണ്ടതുണ്ട്. ഈശോയെ ഒരു പ്രവാചകനായി മാത്രമേ മുസ്ലീം സഹോദരങ്ങൾ കാണുന്നുള്ളൂ.

ഇസ്ലാം മതത്തെക്കുറിച്ചുള്ള വത്തിക്കാൻ കൗൺസിലിന്റെ രണ്ടാമത്തെ സൂചന നാം കാണുന്നത് അക്രൈസ്തവമതങ്ങളെക്കുറിച്ചുള്ള പ്രഖ്യാപനത്തിന്റെ മൂന്നാം ഖണ്ഡികയിലാണ്. ഒന്നാമത്തെ ഖണ്ഡികയിൽ മനുഷ്യകുലത്തിന്റെ പൊതുവായ സാഹോദര്യവും രണ്ടാമത്തെ ഖണ്ഡികയിൽ ഹൈന്ദവ-ബുദ്ധ മതങ്ങളിലെ ദൈവചിന്തയും ചിന്താവിഷയമാക്കുന്നു. തുടർന്നുവരുന്ന മൂന്നാമത്തെ ഖണ്ഡികയിലാണ് കൗൺസിൽപിതാക്കന്മാർ ഇസ്ലാംമതത്തെക്കുറിച്ചു പ്രതിപാദിക്കുന്നത്. മുഹമ്മദീയരെയും തിരുസ്സഭ ബഹുമാനത്തോടെ വീക്ഷിക്കുന്നു. അവരും ഏകദൈവത്തെ ആരാധിക്കുന്നവരും അബ്രാഹത്തോടു ബന്ധപ്പെടുന്നതിൽ അഭിമാനം കൊള്ളുന്നവരുമാണെന്നും അന്തിമവിധിയിലും ശരീരങ്ങളുടെ ഉയിർപ്പിലും വിശ്വസിക്കുന്നവരുമാണെന്നും അംഗീകരിക്കുന്നു. ചരിത്രത്തിൽ ഉണ്ടായിട്ടുള്ള ഇസ്ലാം-ക്രൈസ്തവമാത്സര്യങ്ങളും കലഹങ്ങളും വിസ്മരിച്ച് പരസ്പരധാരണയോടെ മുന്നേറുവാനും കൗൺസിൽപിതാക്കന്മാർ ആഹ്വാനം ചെയ്യുന്നു.



ഇതരമതങ്ങളിലെ നന്മയുടെയും സത്യത്തിന്റെയും അംശങ്ങൾ കത്തോലിക്കാസഭ അംഗീകരിക്കുമ്പോഴും എല്ലാ മതങ്ങളും പൂർണ്ണങ്ങളാണെന്നും തുല്യമാണെന്നും വരുന്നില്ല. 1. മറ്റു മതങ്ങളിലും സത്യത്തിന്റെ കിരണങ്ങളുടെ പ്രതിഫലനമുണ്ട് (അക്രൈസ്തവമതങ്ങൾ), 2) മറ്റു മതങ്ങൾ സുവിശേഷസ്വീകരണത്തിനുള്ള ഒരുക്കങ്ങളാണ് (തിരുസ്സഭ, 16; പ്രേഷിതപ്രവർത്തനം, 3). മറ്റു മതങ്ങളിലും ദൈവവചനത്തിന്റെ വിത്തുകൾ ഒളിഞ്ഞുകിടപ്പുണ്ട് എന്നും രണ്ടാം വത്തിക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (പ്രേഷിതപ്രവർത്തനം, 11). എന്നാൽ, വഴിയും സത്യവും ജീവനുമായ (യോഹ. 14,6) ഏകരക്ഷകനായ ഈശോയിലാണ് (അപ്പ. 4,12) മനുഷ്യന്റെ മതാത്മകജീവിതത്തിന്റെ സാക്ഷാത്കാരം ദർശിക്കുന്നത്. അവിടുന്നാണ് ജനതകളുടെ പ്രകാശം (ലൂക്കാ. 2, 31-32). എല്ലാ മനുഷ്യരെയും പ്രകാശിപ്പിക്കുന്ന യഥാർത്ഥവെളിച്ചം (യോഹ. 1,9) എല്ലാവരുടെയും രക്ഷയാണ് ഈശോമിശിഹായുടെയും തിരുസ്സഭയുടെയും ലക്ഷ്യം. കാതോലികമായ സഭ എല്ലാ ജനതകളെയും എല്ലാ ദേശങ്ങളെയും ഉൾക്കൊള്ളുന്നു. അതുകൊണ്ടുതന്നെ പ്രേഷിതപ്രവർത്തനം തിരുസ്സഭയുടെ അസ്തിത്വപരമായ ദൗത്യവുംകൂടിയാണ്. ഇസ്ലാംമതത്തെക്കുറിച്ചുള്ള കൗൺസിൽ പ്രബോധനങ്ങൾ തന്നെയാണ് സാർവ്വത്രികസഭയുടെ മതബോധനഗ്രന്ഥവും (നമ്പർ 839-856) പഠിപ്പിക്കുന്നത്.

*തുടരും*

# കാരുണ്യത്തിന്റെ കാലടികൾ



ഫാ. റ്റോമി കാരംവേലി സി.എം.ഐ.

**ദൈ**വികനിയമത്തിൽ അധിഷ്ഠിതമായ കരുണ, ദൈവത്തിന്റെ സ്വഭാവംകൂടിയാണ്. അവന്റെ രക്ഷാകര സംഭവങ്ങളിലേക്കു നമ്മെ ക്ഷണിക്കുന്നതും ദൈവത്തിന്റെ കരുണയാണ്. വൈകുന്നേരമായപ്പോൾ മുന്തിരിത്തോട്ടത്തിലെ ഉടമസ്ഥൻ കാര്യസ്ഥനോടു പറഞ്ഞു: "ജോലിക്കാരെ വിളിച്ച് അവസാനം വന്നവർ തുടങ്ങി ആദ്യം വന്നവർ വരെ കൂലികൊടുക്കുക." അവസാനത്തേതുപോലും ആദ്യത്തേതായി കണക്കാക്കാൻ കഴിയുന്നവൻ. സാധാരണമനുഷ്യന്റെ ചിന്താഗതിയിൽനിന്നല്ല കർത്താവ് കാര്യങ്ങൾ കണക്കുകൂട്ടുന്നത്. അതുകൊണ്ടുതന്നെയാണ് തൊണ്ണൂറ്റിയൊമ്പതിനെയും വിട്ട് ഒന്നിനെത്തേടി യാത്രയായത്. അവന്റെ ചിന്ത, നഷ്ടപ്പെടാൻ സാധ്യതയുള്ളതിനെക്കുറിച്ചല്ല മറിച്ച്; നഷ്ടപ്പെട്ടതിനെക്കുറിച്ചാണ്. ഭാവിയല്ല, വർത്തമാനമാണ് പ്രധാനം. "അന്നന്നു വേണ്ട ആഹാരം ഇന്നു ഞങ്ങൾക്കു നൽകണമേ" (മത്തായി 6:11). ഇന്നിന്റെ മക്കൾക്കാണ് കരുണ ലഭിക്കുന്നത്. കാനായിലെ



കല്യാണഭവനത്തിൽ ലഭിച്ച കാരുണ്യമാണ് പരിശുദ്ധ കന്യാമറിയം. ആ കാരുണ്യത്തെയാണ് കാൽവരിയിൽവച്ച് ദൈവം ലോകത്തിനു നൽകിയത്. ഭൂമിയിലെ ഓരോ അമ്മമാരുമാണ് ഇവിടെയുള്ള കരുണയുടെയും കരുതലിന്റെയും ഉറവിടം.

സൃഷ്ടിമുതൽ ദൈവത്തിന്റെ കാരുണ്യമാണ് ദൈവജനത്തെ നയിക്കുന്നത്. എത്രയോ വ്യക്തികളുടെയും സമൂഹങ്ങളുടെയും കാരുണ്യംകൊണ്ടാണ് ഓരോരുത്തരും ജീവിക്കുന്നത് എന്നതാണ് സത്യം. കാരുണ്യത്തിന്റെ സ്വാധീനമില്ലാത്ത നിയമങ്ങൾ ആത്മാവ് നഷ്ടപ്പെട്ട ജഡംപോലെയാണ്. സമ്പത്തിന്റെ നിയമങ്ങളി ൽനിന്ന് ക്രിസ്തു നടന്നകലുന്നതും കാരുണ്യത്തിന്റെ മു ഖമില്ലാത്ത യഹൂദനിയമങ്ങളെ ലംഘിക്കുന്നതും കരുണയുടെ കാവലാളായതുകൊണ്ടാണ്. ആ കരുണയുടെ സുന്ദരമായ ചിത്രമാണ് അന്ത്യത്താഴവേളയിൽ പ്രകാശിക്കുന്നതും. പാപിനിയായ സ്ത്രീയുടെ പാപങ്ങളെല്ലാം മഞ്ഞുപോലെ അലിഞ്ഞുപോകുന്നത് ക്രിസ്തുവിന്റെ കാരുണ്യത്തിന്റെ നിഴലേൽക്കുമ്പോഴാണ്. ഓരോരുത്തർക്കും ലഭിച്ച കരുണ പങ്കുവയ്ക്കുന്നിടത്താണ് കൃപയ്ക്കുമേൽ കൃപപോലെ കരുണയും ചൊരിയപ്പെടുന്നത്.

കരുണയുള്ള മുഖം പത്രോസിന്റെ നേരേ തിരിഞ്ഞപ്പോൾ അത് കണ്ണീരണിഞ്ഞതായി. അത് സഭയുടെയും ലോകത്തിന്റെയും മാറ്റത്തിനു വഴിയൊരുക്കി. കരുണ കാണിക്കുന്നവർക്ക് ഒരു പുതിയ ലോകത്തെത്തന്നെ വാർത്തെടുക്കാൻ കഴിയുമെന്നതിൽ സംശയമില്ല. കുടുംബത്തിലെ അംഗങ്ങൾതമ്മിലും അയൽക്കാർതമ്മിലും കരുണയുടെ സുവിശേഷം പങ്കുവയ്ക്കുമ്പോൾ അവിടെ ക്രിസ്തു ജനിക്കും. വചനം ശ്രവിക്കാൻ തിങ്ങിക്കൂടിയ ജനതതിയോട് അവന് അലിവുതോന്നി. അലിവ് അദ്ഭുതമായി മാറുന്നു. അർഹിക്കുന്നവർക്കും അശരണർക്കും കരുണ ലഭിക്കുമ്പോൾ അവരുടെ ജീവിതത്തിൽ അദ്ഭുതങ്ങൾക്കി ടവരുത്തും. "കരുണയുള്ളവർ ഭാഗ്യവാന്മാർ, അവർക്കു കരുണ ലഭിക്കും" (മത്തായി 5:7). അതുപോലെതന്നെയാണ് വി. ലൂക്കായുടെ സുവിശേഷം, 'നിങ്ങളുടെ പിതാവ് കരുണയുള്ളവനായിരിക്കുന്നതുപോലെ നിങ്ങളും കരുണയുള്ളവരായിരിക്കുക' എന്നോർമ്മപ്പെടുത്തുന്നതും. ക്രിസ്തു പഠിപ്പിക്കുന്ന 'സ്വർഗസ്ഥനായ ഞങ്ങളുടെ പിതാവേ' എന്ന വിശിഷ്ടമായ പ്രാർത്ഥനയുടെ രണ്ടാംപാദത്തിൽ 'ഞങ്ങളുടെ കടക്കാരോട് ഞങ്ങൾ ക്ഷമിക്കുന്നതുപോലെ, ഞങ്ങളുടെ കടങ്ങളും പാപങ്ങളും ഞങ്ങളോടും ക്ഷമിക്കണമേ' എന്നിടത്ത് കരുണയുടെ യാചനയാണ് അപേക്ഷിക്കുന്നത്. ക്ഷമ കരുണയാണ്. ക്ഷമിക്കുന്നവൻ കരുണ കാണിക്കുന്നവനാണ്. യേശുവിന്റെ വാക്കുകളിലും പ്രവൃത്തികളിലും കരുണയുടെ വിവിധ രൂപങ്ങളാണ് തെളിയുന്നത് .

കരുണയുടെ ആൾരൂപമായി മറിയം മാറ്റപ്പെടുന്നത്, പിതാവായ ദൈവം മനുഷ്യനോടു കാണിക്കുന്ന കരുണയുടെ വാഹകയായിട്ടാണ്. കാരുണ്യാനുഭവമാണ് എലിസബത്ത് അനുഭവിച്ചറിയുന്നതും. "ആ ദിവസങ്ങളിൽ മറിയം യൂദയായിലെ മലമ്പ്രദേശത്തുള്ള ഒരു പട്ടണത്തിലേക്ക് തിടുക്കത്തിൽ യാത്രപുറപ്പെട്ടു" (ലൂക്കാ.1:39). അവിടെയെത്തി എലിസബത്തിനെ ശുശ്രൂഷിച്ചു. "തന്റെ കാരുണ്യം അനുസ്മരിച്ചുകൊണ്ട് അവിടുന്ന് തന്റെ ദാസനായ ഇസ്രയേലിനെ സഹായിച്ചു" (ലൂക്കാ.1:54). കരുണയുടെ മാനദണ്ഡം എളിമയാണ്. എളിമയുള്ളവന് കാരുണ്യം സമൃദ്ധമായി ലഭിക്കുന്നു. അങ്ങനെ കാരുണ്യം ലഭിക്കുന്നവനേ കരുണയോടെ പെരുമാറാനും ജീവിക്കാനും കഴിയൂ. 'താണ നിലത്തേ നീരോടു' എന്ന പഴമൊഴി കരുണയുടെ മാത്രമല്ല ദൈവാനുഗ്രഹങ്ങളുടെയും ഭാവരീതികൾ പറഞ്ഞുതരുന്നു.

അപരനായ വഴിപോക്കന്റെ കടമയ്ക്കപ്പുറമുള്ള കരുണയുടെ കരം നീട്ടിയപ്പോൾ ഒരു ജീവനെത്തന്നെയാണ് സമരിയാക്കാരൻ രക്ഷിച്ചെടുക്കുന്നത്. കടമകൾ ചെയ്തുതീർത്തു മാന്യതയുടെ രൂപം ധരിക്കാൻ ആഗ്രഹിക്കുമ്പോൾ കരുണയുടെ കരം ആഗ്രഹിക്കുന്ന ഒരുപിടി ജന്മങ്ങൾ നമുക്കുചുറ്റും അവഗണിക്കപ്പെടുന്നു എന്ന സത്യം വിസ്മരിക്കരുത്. കരുണയാണ് ദൈവികസ്നേഹത്തിന്റെ ആഴം വർദ്ധമാനമാക്കുന്നത്. തന്റെ സൃഷ്ടിയായ മനുഷ്യനെ സ്നേഹിക്കുന്നതും അവന്റെ വീണ്ടെടുപ്പു സാധ്യമാക്കുന്നതും ക്രിസ്തുവിന്റെ അകമഴിഞ്ഞ കരുണയാലാണ്. ആ കാരുണ്യം അതും കടന്ന് അപ്പത്തിന്റെ രൂപത്തിൽ എന്നും നമ്മോടുകൂടി ആയിരിക്കുന്നു. പ്രായമായ മാതാപിതാക്കൾക്കൊപ്പം മക്കൾ ആയിരിക്കുന്നിടവും കാരുണ്യത്തിന്റെ ഇടങ്ങളാണ്. ■

---

## പ്രണയപാഠാവലി (64)

# മനോരാജ്യത്തെ രാജാവും രാജ്ഞിയും



ഡോ. ആന്റണി ജോസ്

"പറയുന്നതൊന്നും കേട്ട ഭാവമേയില്ല. വേറേതോ ലോകത്തിലാണ്." ഒരാൾക്ക് സ്വന്തം പങ്കാളിയെക്കുറിച്ചുള്ള പരാതിയാണ്.

ഇതു മനഃപൂർവ്വമുള്ള അവഗണനയല്ല. അവർ യാഥാർത്ഥ്യത്തിൽനിന്നു വളരെയേറെ അകലെയുള്ള ഒരു ലോകത്തിലാണ്.

മനോരാജ്യമാണ് ഈ പ്രതിരോധ തന്ത്രം.

ഇക്കൂട്ടർ മിക്കപ്പോഴും ദിവാസ്വപ്നത്തിൽ മുഴുകിയിരിക്കും. വിവാഹിതരും അവിവാഹിതരും ഇക്കാര്യത്തിൽ ഒരുപോലെയാണ്.

ചെയ്യുന്ന ജോലിയിൽ പിഴവു പറ്റുക, ജോലി പൂർത്തീകരിക്കാൻ സാധിക്കാതെ വരുക - ഇതൊക്കെ നിത്യസംഭവങ്ങളായിരിക്കും.

കയ്പേറിയ യാഥാർത്ഥ്യങ്ങളുമായി ഒത്തുപോകാൻ സാധിക്കുന്നില്ല. പരാജയമോ തിരിച്ചടിയോ ഒക്കെയാണ് അനുഭവം. അപ്പോഴാണ് ആത്മസാക്ഷാത്കാരത്തിനായി മനസ്സ് ഈ തന്ത്രത്തെ കൂട്ടുപിടിക്കുന്നത്.



ഭാവനയുടെ കവാടങ്ങൾ മലർക്കെ തുറക്കപ്പെടുന്നു... മോഹപ്പക്ഷികൾ അനന്തവിഹായസ്സിലേക്ക് ചിറകടിച്ചുയരുകയായി...

പേരും പെരുമയും കിട്ടാത്തവർ കലാകായികരംഗത്തെ താരങ്ങളായി വിരാജിക്കുന്നു. നല്ല വീടില്ലാത്തവർ കൊട്ടാരസദൃശ്യങ്ങളായ ബംഗ്ലാവുകളിൽ ചേക്കേറുന്നു...

സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തിയില്ലാത്തവർക്ക് രാഷ്ട്രീയനേതാക്കന്മാരും, ഉന്നതപോലീസുദ്യോഗസ്ഥരും ചങ്ങാതിമാരാണ്!

പ്രണയം നഷ്ടപ്പെട്ടവർ...

പ്രണയം കൊതിക്കുന്നവർ...

തനിക്കിണങ്ങിയ പങ്കാളിക്കൊപ്പം മായികലോകത്തിൽ വിഹരിക്കുന്നു.

മനോരാജ്യത്തിൽ ചോദിക്കാനും പറയാനും ആരുമില്ല.

ഒക്കെ നമ്മുടെ നിബന്ധനയ്ക്കനുസരിച്ചാണ്.



പക്ഷേ, ഒരു പ്രതിസന്ധി രൂപപ്പെടുമ്പോൾ, ഒരു തീരുമാനമെടുക്കേണ്ടിവരുമ്പോൾ, മനോരാജ്യക്കാരന്റെ സംഭാവന പൂജ്യമായിരിക്കും. മറ്റേ പങ്കാളി, ഒറ്റയ്ക്കായി പോകുകയും ജീവിതയാത്രയിൽ കാലിടറുകയും ചെയ്യും.

മനോരാജ്യം, സ്വയം സുഖിക്കാനുള്ള ഒരു ഉപാധിയല്ല. അതൊരു നിവൃത്തികേടാണ്. മക്കളിൽ അത്തരം പ്രവണതകളുണ്ടെങ്കിൽ വിവാഹത്തിനുമുമ്പേ തിരുത്തപ്പെടാനുള്ള സാഹചര്യം മാതാപിതാക്കന്മാരൊരുക്കണം. വിവാഹശേഷമാകട്ടെ, പങ്കാളിയുടെ കരുണയിലാശ്രയിച്ചായിരിക്കും മുമ്പോട്ടുള്ള കാര്യങ്ങൾ. □

---

**നുറുങ്ങുകഥ | ഉണ്ണി വാരിയത്ത്**

## ഒരു സുഹൃത്തിനെയെങ്കിലും

പ്രശ്നങ്ങളിൽ അവൻ നട്ടംതിരിഞ്ഞപ്പോൾ ഒരു നല്ല ദിവസം വരുമെന്നു സാന്ത്വനിപ്പിക്കാൻ സുഹൃത്തുക്കളാരും ഉണ്ടായില്ലത്രെ!

എങ്കിലും, അവന്റെ ദിവസം വന്നപ്പോൾ സന്തോഷത്തിൽ പങ്കുചേരാൻ അവരെയെല്ലാം അവൻ ക്ഷണിച്ചു. പക്ഷേ, എന്തോ ദുരുദ്ദേശമാണെന്നു സംശയിച്ചിട്ടാവാം അവരാരും വന്നില്ലെന്ന്!

അവരെ സൗഹൃദത്തിന് തീരെ കൊള്ളില്ലെന്ന് അവന് ഉറപ്പായി. ഇനി അവന് അവനെപ്പോലെയുള്ള ഒരു സുഹൃത്തിനെയെങ്കിലും വേണംപോലും!

ദീപനാളം

ചീഫ് എഡിറ്റർ : റവ. ഫാ. കുര്യൻ തടത്തിൽ
അസോസിയേറ്റ് എഡിറ്റർ : റവ. ഫാ. ജോസഫ് തെരുവിൽ

ദൈവത്തെ അനുസരിക്കുക വലിയ ബഹുമതിയും അവിടുത്തെ അംഗീകാരം ദീർഘായുസ്സുമാണ്.

**പ്രഭാഷകൻ 23 : 28**

**എഡിറ്റോറിയൽ**

# പ്രചോദനാത്മകം ഈ കായികജീവിതം

2003 ൽ പാരീസിൽ നടന്ന ലോക അത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ ലോങ്ജംപിൽ വെങ്കലമെഡൽ നേടിയ അഞ്ജു ബോബി ജോർജ് തനിക്ക് ഒരു വൃക്ക മാത്രമേയുള്ളൂ എന്ന യാഥാർത്ഥ്യം തിരിച്ചറിഞ്ഞുകൊണ്ടുതന്നെയാണ് കളിക്കളത്തിലിറങ്ങി പോരാടിയതെന്നറിയുമ്പോൾ, നമിക്കുകതന്നെവേണം ഓരോ മലയാളിയും ഈ കായികപ്രതിഭയെ. ആത്മവിശ്വാസവും നിശ്ചയദാർഢ്യവും ചേർത്തുപിടിച്ചാൽ ഏതു പ്രതിസന്ധിഘട്ടത്തിലും ആർക്കും എവിടെയും നേട്ടങ്ങൾ കൊയ്തെടുക്കാമെന്നതിന്റെ മറ്റൊരു ജീവിതസാക്ഷ്യം കൂടിയാണിത്.

ജന്മനാ ഒരു വൃക്ക മാത്രമുള്ള റീനൽ അജെനെസിസ് എന്ന അവസ്ഥയുമായാണ് ഇക്കാലമത്രയും താൻ ജീവിച്ചതെന്ന് ട്വിറ്ററിലൂടെയാണ് ഈയടുത്തദിവസം അഞ്ജു ബോബി ജോർജ് വെളിപ്പെടുത്തിയത്. ലോകഅത്‌ലറ്റിക് ചാമ്പ്യൻഷിപ്പിൽ മെഡൽ നേടിയ ഒരേയൊരിന്ത്യൻ താരമാണ് അഞ്ജു. കോമൺ വെൽത്ത് ഗെയിംസ്, ഏഷ്യൻ ഗെയിംസ്, ഏഷ്യൻ ചാമ്പ്യൻഷിപ്പ്, സാഫ് ഗെയിംസ് തുടങ്ങിയ രാജ്യാന്തരമണ്ഡലങ്ങളിൽ തിളക്കമാർന്ന നേട്ടങ്ങളാണ് അഞ്ജു കൊയ്തെടുത്തിട്ടുള്ളത്.

ഏതൊരു കായികതാരത്തിന്റെയും കരുത്തിന്റെ അടയാളമെന്നത് അയാളുടെ ശാരീരികക്ഷമതയാണ്. അപൂർണതകളോ പ്രതിസന്ധികളോ അലട്ടുന്നെങ്കിൽ ഒരു കായികതാരത്തെ സംബന്ധിച്ചിടത്തോളം അതൊരശുഭലക്ഷണമായി വ്യാഖ്യാനിച്ചേക്കാം. അവിടെയാണ് അഞ്ജു ഒറ്റവൃക്കയുമായി നേട്ടങ്ങൾ കൊയ്തെടുത്ത അതിസാഹസികതയുടെ ആത്മകഥ പറയുന്നത്.

ഒറ്റ വൃക്ക അഥവാ റീനൽ അജെനെസിസ് ഒരു രോഗാവസ്ഥയല്ല, ശാരീരികാവസ്ഥ മാത്രമാണ്. പ്രവർത്തനക്ഷമമായ ഒരു വൃക്കയുണ്ടെങ്കിൽ സാധാരണ ഒരു വ്യക്തിയെപ്പോലെതന്നെ അയാൾക്കും എല്ലാക്കാര്യങ്ങളും ചെയ്യാൻ കഴിയും. അതിനാലാണ് രണ്ടു വൃക്കകളിലൊന്നു ദാനം ചെയ്ത് ജീവിതം മഹത്തരമാക്കിയ സുകൃതംനിറഞ്ഞ ചിലരെയെങ്കിലും നമുക്കു പരിചയമുള്ളത്. എന്നാൽ, ഒരു വൃക്ക മാത്രമുള്ളവർ കായികരംഗത്ത് അഭൂതപൂർവമായ നേട്ടങ്ങൾ സ്വന്തമാക്കുന്നത് അപൂർവമാണ്. ശാരീരികാധ്വാനം ഏറെ വേണ്ടിവരുന്ന കായികമേഖലയിൽ മനക്കരുത്തിന്റെ മത്സരപ്പോരാട്ടത്തിൽ പൊരുതി ജയിച്ചാണ് അഞ്ജുവിനെപ്പോലുള്ളവർ ഉയരങ്ങളിലെത്തിയത്.

കായികരംഗത്ത് ഒരു മില്ലീമീറ്റർപോലും വലിയ ദൂരമാണ്. ഒരു സെക്കന്റിന്റെ നൂറിലൊരംശംപോലും ദീർഘമായ സമയമാണ്. ശാരീരികമായ ഏതൊരപൂർണതയും ഒരു കായികതാരത്തിന് വലിയ പ്രതികൂലഘടകമായിരിക്കേയാണ്, കഴിഞ്ഞ ഇരുപതുവർഷമായി അഞ്ജു പൂർണാരോഗ്യവതിപ്പോലെ ജീവിച്ച് അനേകർക്കു പ്രചോദനവും ആവേശവുമായത്.

രണ്ടായിരത്തിന്റെ തുടക്കത്തിൽ കരിയറിൽ സജീവമായിരുന്ന സമയത്താണ് പരിശീലനത്തിന്റെ ഭാഗമായുള്ള രക്തപരിശോധനയിൽ ചില സംശയങ്ങൾ കണ്ടുതുടങ്ങിയത്. രക്തത്തിൽ പല ഘടകങ്ങളുടെയും അളവു കൂടിയും കുറഞ്ഞുമിരിക്കുന്നു. ഡോക്ടർമാരുടെ നിർദ്ദേശപ്രകാരം വിശദമായ പരിശോധനയിൽ സ്കാനിംഗിലൂടെയാണ് ജന്മനാ തനിക്ക് ഒരു വൃക്ക മാത്രമേയുള്ളൂവെന്ന് അഞ്ജു ആദ്യമായി തിരിച്ചറിയുന്നത്. ശരിക്കും ഞെട്ടിപ്പോയി. പക്ഷേ, ഡോക്ടർമാരും അഞ്ജുവിന്റെ പരിശീലകൻകൂടിയായ ഭർത്താവ് ബോബി ജോർജും നല്കിയ പിന്തുണയും ആത്മവിശ്വാസവുമാണ് മുന്നോട്ടു കുതിക്കാനുള്ള കരുത്തുപകർന്നതെന്ന് ഇന്ത്യൻ അത്‌ലറ്റിക് ഫെഡറേഷൻ സീനിയർ വൈസ്പ്രസിഡന്റുകൂടിയായ അഞ്ജു പറയുന്നു. ചങ്ങനാശേരി ചീരഞ്ചിറ സ്വദേശി കെ.ടി. മാർക്കോസിന്റെയും ഗ്രേസിയുടെയും മകളാണ് അഞ്ജു. ഭർത്താവ് ബോബിയോടും മക്കളായ ആരൺ, ആൻഡ്രിയ എന്നിവരോടുമൊപ്പം ബംഗളൂരുവിലാണ് ഇപ്പോൾ താമസം.

ഒരു വൃക്കയില്ലാതെയും നേട്ടങ്ങളിലേക്കെത്താമെന്ന് ഈ ലോകത്തോടു വിളിച്ചുപറയണമെന്ന് ഇരുപതു വർഷത്തിനുശേഷം അഞ്ജുവെന്ന 43 കാരിക്കു തോന്നിയത് ഒരുൾവിളിയാലാകണം. തോല്ക്കേണ്ടതല്ല, ജയിച്ചു തീർക്കേണ്ടതുതന്നെയാണ് ദൈവം ദാനമായിത്തന്ന ഈ മനോഹരജീവിതമെന്ന് അഞ്ജു സാക്ഷ്യപ്പെടുത്തുന്നു. ചെറിയ പ്രശ്നങ്ങളുടെ പേരിൽ കുട്ടികളെ പുറത്തിറക്കാത്ത രക്ഷിതാക്കൾ തന്റെ ജീവിതകഥ കേട്ടു കണ്ണു തുറക്കുമെന്നാണു പ്രതീക്ഷയെന്നും അഞ്ജു പറയുന്നു. കൊവിഡ്കാലത്ത് പല തരത്തിലുള്ള പ്രതിസന്ധികൾ നേരിടുമ്പോഴും, ഭയവും ലജ്ജയും ജീവിതത്തിൽ ഇരുൾപരത്തി മുന്നേറുമ്പോഴും അതിജീവനത്തിന്റെ കഥ പറയാൻ അഞ്ജുവിനെപ്പോലുള്ളവരെ കാലം കരുതിവച്ചിരിക്കുമെന്നുറപ്പാണ്. പരിമിതികളിലും അപൂർണതകളിലും തളരാതെ ജീവിതത്തിൽ മുന്നോട്ടു കുതിക്കുവാൻ തന്റെ ഒരേയൊരു വൃക്കക്കഥ ആർക്കെങ്കിലും ഊർജ്ജം പകരുമെങ്കിൽ ഹൃദയം നിറഞ്ഞുവെന്നുപറഞ്ഞാണ് അഞ്ജു തന്റെ ട്വിറ്ററിലെ കുറിപ്പവസാനിപ്പിക്കുന്നത്. □

## വിവരാവകാശ കമ്മീഷണർ ജോലി ചെയ്യാൻ മടിയില്ലാത്തവരെ നിയമിക്കണം



**പ്രതികരണം**

ഭരണീയർക്ക് ഏറ്റവുമധികം പ്രയോജനപ്പെടേണ്ടിയിരുന്ന ഒരു ജനപ്രിയനിയമനിർമ്മാണമായിരുന്നു വിവരാവകാശ നിയമം.

ഇന്നതു ശരിക്കും ജനദ്രോഹമെന്ന നിലയിലാണ് പ്രവർത്തനം നടത്തുന്നത്. അടിമുതൽ മുടിവരെ രാഷ്ട്രീയനിയമനം നടക്കുന്ന ഒരു പ്രസ്ഥാനത്തിൽ നിന്നു കറതീർന്ന നീതി കിട്ടുമെന്നു വിഡ്ഢികൾപോലും കരുതുന്നില്ല.

എന്നിരുന്നാലും, ഈ നിയമത്തിന്റെ പിന്നിലെ ആശയം മഹത്തരമാണ്.

സംസ്ഥാനതലവിവരാവകാശ കമ്മീഷണർമാരുടെ നിയമനം കാണുമ്പോൾ, ഒരു സർവീസ്കാലം ഉന്നതതസ്തികകളിലിരുന്നവർക്കു വയസുകാലത്തു വിശ്രമത്തിനുള്ള ലാവണമാണിതെന്നു തോന്നിയിട്ടുണ്ട്. ഈ നിയമത്തെ പാടേ വിഫലമാക്കിക്കൊണ്ട് അനേകം കേസുകളാണു വിവിധ തലങ്ങളിൽ വിധിയാകാതെ കെട്ടിക്കിടക്കുന്നത്.

വീണ്ടും ഒരു വിവരാവകാശ കമ്മീഷണർ നിയമനസമയം വന്നെത്തിയിട്ടുണ്ട്.

നല്ലവണ്ണം ജോലി ചെയ്യേണ്ട വളരെ ജനോപകാരപ്രദമാകേണ്ട ഒരു തസ്തികയാണിത്.

വിശ്രമകാലമായി കാണുന്നവരെ ഈ തസ്തികയിൽ ഇരുത്തരുതെന്ന് അപേക്ഷിച്ചുകൊള്ളുന്നു. നല്ലവണ്ണം ജോലി ചെയ്യാനും ധീരമായി നീതി നടത്താനും മനസുള്ളവരെ മാത്രം നിയമിച്ചു ജനങ്ങളെ സഹായിക്കണം.

## വിദ്യാഭ്യാസസ്ഥാപനങ്ങൾ മാതാപിതാക്കൾ ഉടൻ പരിശോധിക്കണം

കൊറോണ ഇന്നല്ലെങ്കിൽ നാളെ ശമിക്കും. നാട്ടിലെ വിദ്യാഭ്യാസസ്ഥാപനങ്ങൾ തുറക്കുന്ന നാൾ അകലെയല്ല. അതിനു മുമ്പായി കേരളത്തിലെ സർക്കാർ-സ്വകാര്യസ്കൂളുകൾ/കലാലയങ്ങൾ എല്ലാം മാതാപിതാക്കൾ സുസജ്ജരായി കയറിച്ചെന്നു വിശദമായി പരിശോധിക്കണം. അമാന്തമരുത്. കൊവിഡുമൂലം അടഞ്ഞുകിടന്ന കാലത്തു ധാരാളം ആപത്കരസംഭവങ്ങൾ ഈ സ്ഥാപനങ്ങളിൽ നടന്നിരിക്കും.

കുഞ്ഞുങ്ങൾക്ക് സുരക്ഷിതമല്ലാത്ത കെട്ടിടങ്ങൾ, കാടുപിടിച്ച് സുരക്ഷിതമല്ലാത്ത പരിസരങ്ങൾ, തുറന്നുകിടക്കുന്ന കുളങ്ങൾ, വെള്ളക്കുഴികൾ, ചെളിക്കുണ്ടുകൾ, സുരക്ഷിതരായി ആഹാരം കഴിക്കാനും പ്രാഥമികാവശ്യങ്ങൾ നിർവഹിക്കാനും സൗകര്യമില്ലായ്മ, മാന്യതയില്ലാതെ പെരുമാറുന്ന, സംസാരിക്കുന്ന അധ്യാപകർ, അറ്റകുറ്റപ്പണികൾ നടത്താത്ത സ്കൂൾ വണ്ടികൾ ഇത്തരം വിഷയങ്ങൾ എല്ലാം മാതാപിതാക്കളുടെ ഉത്തരവാദിത്വമുള്ള പ്രതിനിധികൾ പരിശോധിച്ചു കുറവുകൾ ഉടൻ പരിഹരിച്ചു ബോധ്യം വരുത്തണം. ഒഴിവാക്കാവുന്ന ദുരന്തങ്ങൾ ഒഴിവാക്കുകതന്നെ വേണം.

ഇക്കാര്യത്തിൽ ആരെയും ഭയപ്പെടേണ്ടതില്ല. ഞങ്ങൾക്ക് എന്തധികാരം, എന്തു കടമ എന്ന് ആരും ചിന്തിക്കരുത്. സൂക്ഷിച്ചാൽ ദുഃഖിക്കേണ്ട.

**അഡ്വ. ഫിലിപ്പ് പഴേമ്പള്ളി**
**പെരുവ**

## അഗസ്ത്യായനം മികച്ച നോവൽ

ഗിരീഷ് കെ. ശാന്തിപുരത്തിന്റെ അഗസ്ത്യായനം മികച്ച നോവലായിരുന്നു. വാഴ്ത്തപ്പെട്ട കുഞ്ഞച്ചന്റെ ബാല്യകാലം മുതലുള്ള ജീവിതത്തെക്കുറിച്ചും സുകൃതങ്ങളെക്കുറിച്ചും രാമപുരത്തിന്റെ ഗ്രാമപശ്ചാത്തലങ്ങളെക്കുറിച്ചും രസാനുഭൂതിയോടെ വായിച്ചറിയാൻ കഴിഞ്ഞു. കുഞ്ഞച്ചനെക്കുറിച്ച് ആദ്യമായി എഴുതപ്പെട്ട നോവലാണിത്. ദീപനാളം ആഴ്ചപ്പതിപ്പിൽ വലിയ ആവേശത്തോടെയാണ് ഓരോ ലക്കവും ഞാൻ വായിച്ചുതീർത്തത്. അതിപ്പോൾ പുസ്തകരൂപത്തിൽ പുറത്തിറങ്ങിയതും ഞാൻ കാണുകയുണ്ടായി. പ്രശസ്ത നോവലിസ്റ്റ് പെരുമ്പടവം ശ്രീധരന്റെ അവതാരിക നോവലിനെ കൂടുതൽ ഈടുറ്റതും ശ്രദ്ധേയവുമാക്കി.

ലളിതവും മനോഹരവുമായ ആവിഷ്കാരശൈലി, ആഴമായ ആത്മീയതത്ത്വങ്ങളുടെ ഏറ്റവും സ്വീകാര്യമായ അവതരണപാടവം. വിനയത്തിന്റെയും ലാളിത്യത്തിന്റെയും ആൾരൂപമായിരുന്ന കുഞ്ഞച്ചനെ ഈ തലമുറയ്ക്ക് സുപരിചിതനാക്കിത്തീർക്കുന്ന തരത്തിൽ അവതരിപ്പിച്ചതിൽ നോവലിസ്റ്റ് വിജയിച്ചിരിക്കുന്നു. നോവലിസ്റ്റിനും ദീപനാളത്തിനും അഭിനന്ദനങ്ങൾ.

**ഡോ. ആൻസി വടക്കേച്ചിറയാത്ത്**
**അരുവിത്തുറ**

## ആത്മസ്പർശിയായ കുടുംബകഥ

ദീപനാളത്തിൽ പ്രസിദ്ധീകരിച്ച നിഷ ആന്റണിയുടെ കഥ ‘മണിനെല്ലൂരിന്റതിര്’ വളരെ ആത്മസ്പർശിയായി അനുഭവപ്പെട്ടു. ഇത് ഓരോ കുടുംബത്തിന്റെയും കഥയാണ്. കുടുംബത്തിലെ കാരണവന്മാരുടെ കരളലയിപ്പിക്കുന്ന കഥയാണിത്. ഇത്തരം കഥകൾ ദീപനാളത്തിൽ ഇനിയുമുണ്ടാകണമെന്ന് ആഗ്രഹിക്കുന്നു.

പി.കെ. ജോർജ്
pkgeorge425@gmail.com

കഥ



മൈമൂനാസ് വെള്ളിമാട്കുന്ന്




# ഖൽബിലെ പുണ്യം

**ഹോ**സ്പിറ്റലിലെ കാഷ്വാലിറ്റി ബെഡ്ഡിൽ ബോധമില്ലാതെ കിടക്കുന്ന അയാളെ നോക്കി ഉറങ്ങാതിരിക്കുകയാണ് ശാലിനി. നിദ്രയുടെ ശല്യം നിരന്തരമായി ഉണ്ടെങ്കിലും അതിനെ തട്ടിയകറ്റി മിഴികൾ വലിച്ചുതുറന്നാണ് അവളുടെ ഇരുപ്പ്. ജീവന്റെ തുടിപ്പുകൾ മാത്രം ശേഷിക്കുന്ന അയാളുടെ മുഖത്ത് ഒരു കൊച്ചുകുഞ്ഞിന്റെ നിഷ്കളങ്കഭാവമായിരുന്നു.

തൊട്ടടുത്ത ബെഡ്ഡിലേക്ക് പെട്ടെന്നാണവളുടെ ശ്രദ്ധ തിരിഞ്ഞത്. അതിൽ കിടക്കുന്ന രോഗി ശ്വാസം കിട്ടാതെ പരാക്രമം



കാണിക്കുന്നതു കണ്ടപ്പോൾ അവളോടിപ്പോയി സിസ്റ്ററിനെ വിളിച്ചു. സിസ്റ്റർമാരും പിന്നാലെ ഡ്യൂട്ടിഡോക്ടറും ഓടിയെത്തി. തിരക്കു പിടിച്ച് ഓക്സിജൻ കൊടുത്തു. ഇഞ്ചക്ഷൻ സൂചിയുമായി ഒരു നഴ്സ് ധൃതിയിലെത്തി. അവരെല്ലാം ആകാംക്ഷാഭരിതരായി അങ്ങോട്ടുമിങ്ങോട്ടും ഓടിനടന്നു.

ഈ ബഹളങ്ങളെല്ലാം നോക്കിക്കണ്ടപ്പോൾ ശാലിനിക്ക് ഭയം തോന്നി. സുധി വരുന്നുണ്ടോ എന്ന് അവൾ ഇടയ്ക്കിടയ്ക്ക് വരാന്തയിലേക്കു പോയി നോക്കി. സ്കാനിംഗും വിവിധതരം ബ്ലഡ് ടെസ്റ്റുകളുമൊക്കെ നടത്തിയപ്പോഴേക്കും അദ്ദേഹത്തിന്റെ കൈയിലുള്ള കാശ് തീർന്നു. പരിചയക്കാരാരെങ്കിലുമുണ്ടെങ്കിൽ പണം കടം ചോദിക്കാൻ വേണ്ടി പുറത്തേക്കു പോയതാണ്. ഈ പാതിരാത്രിയിൽ സഹായിക്കാനായിട്ട് ആരുണ്ടാവാനാണ്? ഒരു ശീട്ടുമായി നഴ്സ് വന്നു വിളിച്ചപ്പോഴാണ് ശാലിനി ചിന്തയിൽനിന്നുണർന്നത്.

"ബി നെഗറ്റീവ് ബ്ലഡ് ഉടനെ വേണം."

അമ്പരപ്പോടെ അവൾ ആ കടലാസ് കൈയിൽ വാങ്ങിയിട്ട് ചോദിച്ചു.

"ഇതെവിടുന്നു കിട്ടും സിസ്റ്റർ?..."

അപ്പോൾ ഹോൺ മുഴക്കിക്കൊണ്ടൊരു വണ്ടി അവിടെ വന്നുനിന്നു. ബ്ലഡ് ബാങ്കിൽ കിട്ടാൻ സാധ്യതയുണ്ട് എന്നു പറഞ്ഞ് നേഴ്സ് ഓടിപ്പോയി. അറ്റൻഡർമാർ പെട്ടെന്നുതന്നെ സ്ട്രെച്ചറുമായി പുറത്തേക്കു പോകുന്നതു കണ്ടു. ഡോക്ടർമാർ ധൃതിപിടിച്ച് ഗ്ലൗസുകൾ ധരിക്കുന്നു. സിസ്റ്റർമാർ അങ്കലാപ്പോടെ മരുന്നുകൾ റെഡിയാക്കുന്നു. ഏതോ ആക്സിഡന്റ് കേസ് എത്തിയതാണെന്ന് ശാലിനി ഊഹിച്ചു.

ഈ പേടിപ്പെടുത്തുന്ന അന്തരീക്ഷത്തിൽ ഏറെനേരമൊന്നും പിടിച്ചുനിൽക്കാനാവില്ലെന്ന് ശാലിനിക്കു മനസ്സിലായി. വീണ്ടും കൈയിലുള്ള കടലാസിലേക്കു നോക്കിക്കൊണ്ടവൾ ചിന്തിച്ചു. ബ്ലഡ് വാങ്ങണമെങ്കിൽ കാശു വേണം. സുധിയേട്ടൻ ഇനിയും എത്തിയിട്ടില്ല. എന്താണിപ്പോ... ഒരു പരിഹാരം?

തന്റെ ഗ്രൂപ്പ് ബി നെഗറ്റീവാണല്ലോ എന്നു പെട്ടെന്നുതന്നെ അവൾ ഓർത്തെടുത്തു. തന്റെ രക്തം കൊടുത്താലോ? സുധിയേട്ടനോടു ചോദിച്ചുനോക്കാം. അവൾ തന്റെ ശരീരത്തിലേക്കു നോക്കി. ഈ മെലിഞ്ഞ ദേഹത്തു നിന്ന് ആവശ്യത്തിനു ബ്ലഡ് കിട്ടുമോ? തനിക്ക് നല്ല ആരോഗ്യവും ഊർജ്ജസ്വലതയുമൊക്കെയുള്ളതിനാൽ കിട്ടുമായിരിക്കും.

ഒരു ശീട്ടും കൈയിൽപിടിച്ച് എന്തോ ആലോചിച്ചുനിൽക്കുന്ന തന്റെ ഭാര്യയോട് അങ്ങോട്ടു കടന്നുവന്ന സുധി ചോദിച്ചു:

"എന്താ ശാലിനീ, മരുന്നിന്റെ കുറിപ്പാണോ ഇത്?"

"അല്ല, ഇതിലെഴുതിയ ബ്ലഡ് ഉടനെ വേണമെന്ന്. കാശെവിടെനിന്നെങ്കിലും കിട്ടിയോ... സുധിയേട്ടാ..."

"പരിചയമുള്ള ഒരാളെയും കണ്ടില്ല. എല്ലാവരും ഓരോ ഭാഗത്ത് കിടന്നുറങ്ങുകയാണ്. നേരം വെളുക്കാതെ ഒന്നിനും മാർഗ്ഗമില്ല."

ശാലിനി ഭർത്താവിന്റെ മുഖത്തേക്കു നോക്കിക്കൊണ്ടു ചോദിച്ചു:

''ഇയാൾക്കുവേണ്ട ബ്ലഡ് എന്റെ ഗ്രൂപ്പാണ്. ഞാൻ തന്നെ കൊടുത്താലോ?"

അതു കേട്ടപ്പോൾ സുധിയുടെ മുഖം പ്രകാശിച്ചു.

"നിന്റെ ഈ തീരുമാനം വളരെ നല്ലതാണ് ശാലിനീ... നിനക്ക് ഇങ്ങനെയൊന്നു തോന്നിയെങ്കിൽ അതൊരു പുണ്യമാണ്..."

ആവേശത്തോടെ അവൻ പറഞ്ഞു.

ഭർത്താവിന്റെ പിന്തുണ ലഭിച്ചപ്പോൾ ശാലിനിക്കു ധൈര്യമായി. അവൾ സിസ്റ്ററിന്റെ അടുത്തെത്തി കാര്യം പറഞ്ഞു. വേണ്ട ചെക്കപ്പുകളൊക്കെ നടത്തിയ ശേഷം സിസ്റ്റർ അവളെ ഒരു മുറിയിലേക്കു കൂട്ടിക്കൊണ്ടുപോയി.

കൈയിൽനിന്ന് ഇഞ്ചക്ഷൻ സൂചി വലിച്ചൂരിക്കൊണ്ട് നഴ്സ് പറഞ്ഞു: തൽക്കാലത്തേക്ക് ഈ ബ്ലഡ് മതിയാകും. ശാലിനി കുറച്ചുസമയം ഇവിടെത്തന്നെ കിടന്നോളൂ. ഇപ്പോൾത്തന്നെ എഴുന്നേറ്റാൽ തലകറങ്ങും. നഴ്സിന്റെ കൈയിലുള്ള കുപ്പിയിലേക്കു നോക്കിയപ്പോൾ അവൾക്കു വല്ലായ്മ തോന്നി. ഇത്രയും ചോര തന്റെ ശരീരത്തിൽ നിന്നു നഷ്ടമായി. സാരമില്ല. ഒരു ജീവൻ രക്ഷിക്കാൻ വേണ്ടിയല്ലേ... അയാളുടെ ജീവൻ തിരിച്ചുകിട്ടുകയാണെങ്കിൽ അതിൽപ്പരം സന്തോഷം വേറേയുണ്ടോ?"

അപ്പോൾ അവൾ തന്റെ കുഞ്ഞുങ്ങളെക്കുറിച്ചോർത്തു. അവരിപ്പോൾ നല്ല ഉറക്കമായിരിക്കും. സുധിയേട്ടന്റെ നാട്ടിൽ ഒരു വിവാഹത്തിൽ പങ്കെടുക്കാൻവേണ്ടി കുഞ്ഞുങ്ങളെ അമ്മയെ ഏല്പിച്ച് പുലർച്ചെ അഞ്ചുമണിക്ക് ഇറങ്ങിയതാണ് ഞങ്ങൾ. കല്യാണം കഴിഞ്ഞ് പുറപ്പെടുമ്പോൾ സന്ധ്യയായി.

കോഴിക്കോട് സ്റ്റേഷനിൽ ട്രെയിനിറങ്ങി ബസ്സ്റ്റാന്റിലെത്തുമ്പോൾ അർദ്ധരാത്രിയായി. സ്റ്റാന്റിൽ കുറെയധികം ബസ്സുകൾ നിർത്തിയിട്ടിട്ടുണ്ടെങ്കിലും ഒന്നിനുപോലും ബോർഡ് ഉണ്ടായിരുന്നില്ല. ഏതു റൂട്ടിൽ പോകുന്ന ബസ്സാണെന്നറിയാതെ കയറിയിരിക്കുന്നതെങ്ങനെ? ശാലിനിയുടെ ഉള്ളിൽ വല്ലാത്തൊരാശങ്ക വന്നു നിറഞ്ഞു. പീഡനത്തിന്റെയും പിടിച്ചുപറിയുടെയും കാലമാണ്. ഓർത്തപ്പോൾ ശരീരത്തിന് വിറയൽ ബാധിച്ചതുപോലെ തോന്നി. നാട്ടിലേക്കുള്ള ഒരു ബസ്സ് പോവാൻ തയ്യാറായി വന്നത് അവർക്കാശ്വാസമായി.

ബസ്സിറങ്ങി നടക്കുമ്പോൾ റോഡിന്റെ ഓരത്ത് വിലങ്ങനെ ഒരു കാറു കിടക്കുന്നത് ശാലിനിയാണാദ്യം കണ്ടത്. പിന്നിലെ ലൈറ്റ് കത്തുന്നതുകൊണ്ടാണ് ശ്രദ്ധയിൽപ്പെട്ടത്.

"സുധിയേട്ടാ... ദേ... ഒരു കാറ്..."

"വാ... പോയി നോക്കാം.."

രണ്ടുപേരും റോഡ് ക്രോസ് ചെയ്തു. കാറിനുള്ളിൽ ഇരുട്ടായതിനാൽ ഒന്നും കാണാനായില്ല. തിരിച്ചുപോകാൻ തുടങ്ങുമ്പോഴാണ് ഒരു ഞരക്കം കേട്ടത്. മൊബൈലെടുത്ത് തെളിച്ചുനോക്കിയപ്പോൾ സ്റ്റീയറിംഗ് വീലിൽ ഒരാൾ തല ചായ്ച് കിടക്കുന്നു. അയാളുടെ നെറ്റിയിൽനിന്ന് രക്തം ഒലിച്ചിറങ്ങുന്നുണ്ട്. ഒന്നും വ്യക്തമാകുന്നില്ല. എന്തു ചെയ്യണമെന്നറിയാതെ പകച്ചുപോയ നിമിഷങ്ങൾ.

"സുധിയേട്ടാ... ഇയാളെ നമുക്കെങ്ങനെയെങ്കിലും ഹോസ്പിറ്റലിലെത്തിക്കണം.'' ഉത്കണ്ഠയോടെ ശാലിനി പറഞ്ഞു.

ഇടയ്ക്കിടയ്ക്ക് വരുന്ന വണ്ടികൾക്കൊക്കെ കൈകാണിച്ചു. ഒന്നുപോലും നിർത്തിയില്ല.

"ഇനിയെന്തു ചെയ്യും. സുധിയേട്ടാ...?"

വീർപ്പുമുട്ടലോടെ അവൾ ചോദിച്ചു.

"നമുക്കൊരു കാര്യം ചെയ്യാം. നീ ഡ്രൈവിംഗ് പഠിച്ചതല്ലെ? വണ്ടിയെടുക്കാൻ പറ്റുമോ എന്നു ശ്രമിച്ചു നോക്ക്..."

"അയ്യോ... ഞാൻ പഠിച്ചതല്ലേയുള്ളൂ... ഒറ്റയ്ക്ക് ഞാനിതുവരെ വണ്ടി ഓടിച്ചിട്ടില്ലല്ലോ.... മാത്രമല്ല ലൈസൻസും കിട്ടിയിട്ടില്ല."

"അതൊക്കെ എനിക്കറിയാവുന്നതല്ലേ ശാലിനീ... എന്നാലും ഒന്നു ശ്രമിക്ക്." അവൻ തിടുക്കം കൂട്ടി.

ഭയമുണ്ടായിരുന്നെങ്കിലും അവളതിനു തയ്യാറായി. കാറിന്റെ മുൻവശം ചളുങ്ങിപ്പോയിരുന്നെങ്കിലും എൻജിനു തകരാറൊന്നും സംഭവിച്ചിരുന്നില്ല.

"ശാലിനി എഴുന്നേറ്റോളൂ..."

നഴ്സിന്റെ ശബ്ദം കേട്ട് അവളുടെ ചിന്ത മുറിഞ്ഞു.

''എന്തെങ്കിലും വിഷമം തോന്നുന്നുണ്ടോ?"

"ഇല്ല സിസ്റ്റർ."

"പിന്നെ... ആ രോഗിക്ക് ബോധം തെളിഞ്ഞൂട്ടോ... അയാള് കണ്ണു തുറന്നു. എല്ലാ ക്രെഡിറ്റും ശാലിനിക്കാണ്."

വർദ്ധിച്ച സന്തോഷത്തോടെ ശാലിനി പെട്ടെന്ന് എഴുന്നേറ്റു. വേച്ചുവീഴാൻ പോയ അവളെ സിസ്റ്റർ താങ്ങി.



# അഴിമുഖം

കവിത

കെ.പി.യൂസഫ്

ചിലപ്പോൾ
അങ്ങനെയാണ്:
അനന്തമായ
സ്വപ്നങ്ങളുടെ
കണ്ണെത്താ
പാളങ്ങളിൽ,
ജീവിതഗന്ധം
വീർപ്പുമുട്ടുന്ന
ഇരുമ്പുബോഗികളിൽ
നമ്മൾ ജീവിതത്തെ
തളച്ചിടാറുണ്ട്.

ചിലപ്പോൾ
ഇങ്ങനെയുമാണ്:
ഭീതിപ്പെടുത്തുന്ന
ആഴപ്പരപ്പിനു
മുകളിൽ
പക്ഷിച്ചിറകുകളിൽ
നമ്മൾ പറക്കും

വിഹ്വല
സ്വപ്നങ്ങളുടെ
ഭാണ്ഡക്കെട്ടുമായ്
ജീവിതത്തിന്റെ

ഏതോ താവളത്തിൽ
നമ്മൾ ലാൻഡ് ചെയ്യും

പിന്നെ സ്വപ്നങ്ങളുടെ
മരുഭൂമിയിൽ
കൈകാലിട്ടടിക്കലാണ്.

കൈയും തലയും
പുറത്തിടരുത്
എന്ന ബോർഡ്
നമ്മൾ കാണും
ഫസ്റ്റ് എയ്ഡ്
കരുതിയിട്ടുണ്ടാകും
പക്ഷേ,
മരണപ്പാച്ചിൽ
നമ്മെ രക്ഷിക്കില്ല.

ജീവിതത്തിന്റെ
പെടാപ്പാടുകളുടെ
ഗർത്തങ്ങൾ
പതുങ്ങിയിരിക്കുന്നത്
നമ്മൾ കാണില്ല.

അഴിമുഖം
നമുക്കറിയാം
പക്ഷേ, നമ്മൾ വീണ്ടും
തുഴയുമല്ലോ...

# ഒരു പേരിൽ ചിലതൊക്കെയുണ്ട്






ഡോ. കുര്യാസ് കുമ്പളക്കുഴി

**ഒ**രു പേരിൽ എന്തിരിക്കുന്നു? ചോദിച്ചത് ഷേക്സ്പിയറാണ്. അനശ്വരമായ ദുരന്തപ്രണയത്തിന്റെ എക്കാലത്തെയും ഉജ്ജ്വലപ്രതീകമായ ജൂലിയറ്റിന്റെ നാവിലൂടെയാണു ലോകം ഈ ചോദ്യം കേട്ടത്. ഇല്ല, ഒരു പേരിൽ പ്രത്യേകിച്ചൊന്നുമില്ല, എന്ന് എല്ലാക്കാലത്തും കുറേപ്പേർ അതിന് ഉദാസീനമായി മറുപടി നല്കിയിട്ടുമുണ്ട്.

പക്ഷേ, ഇപ്പോൾ കേരളീയർ ഒട്ടാകെ പറയുന്നു, ഒരു പേരിൽ ചിലതൊക്കെയുണ്ട് എന്ന്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ രണ്ടാം കാമ്പസിനു പേരു നല്കുന്നതു സംബന്ധിച്ച വിവാദമാണ് ഇങ്ങനെയൊരു സാഹചര്യം സൃഷ്ടിച്ചിരിക്കുന്നത്.

തിരുവനന്തപുരം ആക്കുളത്തു പണിതീർന്നിരിക്കുന്ന ഈ കാമ്പസിന് ആർ.എസ്.എസ്. താത്ത്വികാചാര്യൻ എം.എസ്. ഗോൾവാൾക്കറുടെ പേരു കൊടുക്കണമെന്നാണു കേന്ദ്രഗവൺമെന്റിന്റെ നിർദ്ദേശം. സംസ്ഥാനഗവൺമെന്റും ബിജെപി ഒഴികെയുള്ള രാഷ്ട്രീയകക്ഷികളും ഈ നിർദ്ദേശത്തിനെതിരേ രംഗത്തുവന്നുകഴിഞ്ഞു.

മുഖ്യമന്ത്രി പിണറായി വിജയൻ അഭിപ്രായപ്പെടുന്നത് വിശ്രുതനായ ഒരു ഇന്ത്യൻ ശാസ്ത്രജ്ഞന്റെ പേര് സെന്ററിനു നല്കണമെന്നാണ്. ശ്രീനാരായണ ധർമ്മപരിപാലനയോഗം (എസ്.എൻ.ഡി.പി.) സ്ഥാപകനും പ്രശസ്ത ഭിഷഗ്വരനുമായിരുന്ന ഡോ. പി. പല്പുവിന്റെ പേരു നല്കുന്നതായിരിക്കും ഉചിതമെന്നു ഡോ. ശശി തരൂർ എം.പി. അഭിപ്രായപ്പെടുന്നു. മറ്റു ചില പേരുകളും പലരിൽനിന്നായി ഉയർന്നുവന്നിട്ടുണ്ട്.

ഇന്ന് ഇന്ത്യയിലെ ഏറ്റവും മികച്ച ബയോടെക്നോളജി ഗവേഷണ - പഠനകേന്ദ്രമാണു കേരളത്തിന്റെ അഭിമാനമായ രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജി. ഇന്ത്യാ ഗവൺമെന്റിന്റെ ബയോടെക്നോളജി വകുപ്പിന്റെ നിയന്ത്രണത്തിലാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്.

സ്ഥാപനത്തിന്റെ തുടക്കം ഇങ്ങനെയായിരുന്നില്ല. 1990 ജൂലൈ മൂന്നിനാണതു പ്രവർത്തനമാരംഭിച്ചത്. തിരുവിതാംകൂർ ചാരിറ്റബിൾ സൊസൈറ്റീസ് ആക്ടനുസരിച്ച് രജിസ്റ്റർ ചെയ്യപ്പെട്ട ഒരു പൊതുസംരംഭം. സെന്റർ ഫോർ ഡവലപ്മെന്റ് ഓഫ് എഡ്യുക്കേഷൻ, സയൻസ് ആൻഡ് ടെക്നോളജി എന്നായിരുന്നു പേര്. ചുരുക്കപ്പേര് സിഡെസ്റ്റ്. യശശ്ശരീരനായ ജി. കാർത്തികേയൻ ചെയർമാനായ ഒരു ഭരണസമിതി സി. ഡെസ്റ്റിനുണ്ടായിരുന്നു. മുൻരാഷ്ട്രപതി കെ.ആർ. നാരായണനെപ്പോലെയുള്ള സാമ്പത്തികവിദഗ്ധരും പ്രഖ്യാതശാസ്ത്രജ്ഞരും വിദ്യാഭ്യാസവിദഗ്ധരും അതിൽ അംഗങ്ങളുമായിരുന്നു. മുഖ്യരക്ഷാധികാരി മുൻപ്രധാനമന്ത്രി രാജീവ് ഗാന്ധിയും.

1991 മേയ് 21 ന് രാജീവ് ഗാന്ധി വധിക്കപ്പെട്ടു. ഈ രക്തസാക്ഷിത്വത്തിന്റെ ഓർമ്മയ്ക്കായി ഇൻസ്റ്റിറ്റ്യൂട്ടിന് രാജീവ് ഗാന്ധിയുടെ പേരു നല്കി. ആ വർഷം തന്നെ സംസ്ഥാനഗവൺമെന്റ് സ്ഥാപനത്തിന് ഗ്രാൻഡ് ഇൻ എയ്ഡ് പദവി നല്കുകയും സഹായധനം അനുവദിക്കുകയും ചെയ്തു. അതോടെ രാജീവ് ഗാന്ധിയുടെ പേരിൽ ഇന്ത്യയിലുണ്ടായ ആദ്യഅർദ്ധസർക്കാർ സ്ഥാപനമായി സെന്റർ ഉയർന്നു.

സെന്ററിന്റെ പുതിയ കെട്ടിടത്തിന്റെ ശിലാസ്ഥാപനം അന്നത്തെ പ്രധാനമന്ത്രി നരസിംഹറാവു 1995 നവംബർ 18 നു നിർവ്വഹിച്ചു. 2002 നവംബർ 18 ന്, അന്നത്തെ രാഷ്ട്രപതി എ.പി.ജെ. അബ്ദുൾകലാം ഈ ശാസ്ത്രഗവേഷണകേന്ദ്രത്തെ ഔപചാരികമായി രാഷ്ട്രത്തിനു സമർപ്പിച്ചു.

ഇപ്പോൾ പണി പൂർത്തിയായിരിക്കുന്ന രണ്ടാം കാമ്പസിന്റെ നിർമ്മാണത്തിന് 2013 ൽ ശ്രീമതി സോണിയാഗാന്ധിയാണു ശിലയിട്ടത്. അർബുദരോഗചികിത്സാ ഗവേഷണത്തിന് ഊന്നൽ നല്കുന്ന ഈ രണ്ടാം സെന്റർ 'നാഷണൽ സെന്റർ ഫോർ കോംപ്ലക്സ് ഡിസീസ് ഇൻ കാൻസർ ആൻഡ് വൈറൽ ഇൻഫക്ഷൻ' എന്നാവും അറിയപ്പെടുക.



*രാജീവ് ഗാന്ധി*

ഇപ്പോൾ, പുതിയ സ്ഥാപനത്തിന് എം.എസ്. ഗോൾവാൾക്കറുടെ പേരു നല്കുമെന്നു കേന്ദ്രശാസ്ത്രസാങ്കേതികവകുപ്പുമന്ത്രി ഡോ. ഹർഷവർധൻ അറിയിച്ചിരിക്കുന്നു. അതിനെതിരെയാണു കേരളത്തിൽ വ്യാപകമായ എതിർപ്പുയർന്നിരിക്കുന്നതും.



**രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ നിർദ്ദിഷ്ട രണ്ടാം കാമ്പസ്**

ഒരു ശാസ്ത്രഗവേഷണസ്ഥാപനത്തിന് എങ്ങനെയാണ് ഗോൾവാൾക്കറുടെ പേര് അനുയോജ്യമാവുക എന്നാണു വിമർശകർ ചോദിക്കുന്നത്. ശാസ്ത്രപഠനരംഗത്ത് പ്രത്യക്ഷമായോ പരോക്ഷമായോ അദ്ദേഹത്തിന്റെ എന്തെങ്കിലും സംഭാവനകൾ ഉണ്ടായിട്ടുണ്ടെന്ന് ആരും പറയില്ല. ജവഹർലാൽ നെഹ്റു യൂണിവേഴ്സിറ്റി, ഇന്ദിരാഗാന്ധി നാഷണൽ ഓപ്പൺ യൂണിവേഴ്സിറ്റി, സി.വി. രാമൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, വിക്രം സാരാഭായ് സ്പേസ് സെന്റർ എന്നൊക്കെ സ്ഥാപനങ്ങൾക്കു പേരു നല്കുന്നത് അന്വർത്ഥമായേ നമ്മൾ കാണാറുള്ളൂ. പക്ഷേ, ഗോൾവാൾക്കറുടെ കാര്യം അങ്ങനെയല്ല.

മാധവ് സദാശിവ ഗോൾവാൾക്കർ അറിയപ്പെടുന്നത് ഹിന്ദുത്വചിന്തയുടെ താത്ത്വികാചാര്യൻ എന്ന നിലയിലാണ്. ആർ.എസ്.എസ്. സ്ഥാപകനായ ഹെഡ്ഗേവാറുടെ നിര്യാണശേഷം അദ്ദേഹം സംഘടനയുടെ അധ്യക്ഷനായി നിയോഗിക്കപ്പെട്ടു. 1973 ൽ നിര്യാതനാകുന്നതുവരെ അദ്ദേഹം ആ പദവിയിൽ തുടർന്നു. 1964 ൽ വിശ്വഹിന്ദുപരിഷത്തിനു തുടക്കമിട്ടതും ഗോൾവാൾക്കറാണ്.

ഗോൾവാൾക്കർക്കു ശാസ്ത്രവുമായി ബന്ധമുള്ളത് ഒരു വിദ്യാർത്ഥി എന്ന നിലയിൽ മാത്രമാണ്. ബിരുദപഠനത്തിനും ബിരുദാനന്തരബിരുദപഠനത്തിനും അദ്ദേഹത്തിന്റെ വിഷയം സയൻസായിരുന്നു. തുടർന്ന് മറൈൻ ബയോളജിയിൽ കുറച്ചുകാലം അദ്ദേഹം ഗവേഷണപഠനവും നടത്തി. അതു പൂർത്തിയാക്കാതെ സന്ന്യാസത്തിലേക്കും ആർ.എസ്.എസ്. പ്രവർത്തനങ്ങളിലേക്കും ചുവടു മാറ്റി.

ഗാന്ധിവധത്തെത്തുടർന്ന്, 1948 ഫെബ്രുവരി നാലിന് ആയിരക്കണക്കിന് അനുയായികളോടൊപ്പം ഗോൾവാൾക്കറും അറസ്റ്റു ചെയ്യപ്പെട്ടു. ആർ.എസ്.എസ്. നിരോധിക്കപ്പെട്ടു. സ്വാതന്ത്ര്യസമരത്തിന്റെ നാളുകൾ ഗോൾവാൾക്കറുടെ കൗമാരയൗവനകാലങ്ങളായിരുന്നിട്ടും, ഒരിടത്തും അദ്ദേഹത്തിന്റെ സാന്നിധ്യം ഉണ്ടായിരുന്നില്ല. മുസ്ലീം, ക്രൈസ്തവസമുദായങ്ങളെ ഹിന്ദുത്വത്തിനു ഭീഷണിയുയർത്തുന്ന ഘടകങ്ങളായി അദ്ദേഹം വിലയിരുത്തി. പാശ്ചാത്യസംസ്കൃതിയെ ആസുരമെന്നു പറഞ്ഞു തിരസ്കരിച്ചു.

വസ്തുതകൾ ഇങ്ങനെയാണെന്നിരിക്കെ, പാശ്ചാത്യഗവേഷണപദ്ധതികളോടു തോളുരുമ്മി നിന്ന് ആധുനികശാസ്ത്രരം



*ഡോ. പല്പു*

ഗത്തു രാഷ്ട്രത്തിനു വലിയ നേട്ടമുണ്ടാക്കാൻ ശ്രമിക്കുന്ന ഒരു സ്ഥാപനത്തിനു ഗോൾവാൾക്കറുടെ പേര് എങ്ങനെയാണാവോ യോജിക്കുക? കേന്ദ്രമന്ത്രിയുടെ നിർദ്ദേശം തികച്ചും വിവേകശൂന്യം എന്നേ പറയാനാവൂ.

ഡോ. പല്പുവിന്റെ പേരു നല്കാം എന്ന ശശി തരൂരിന്റെ നിർദ്ദേശം ഹർഷവർധന്റേതിനെക്കാൾ ഭേദമെന്നു വേണമെങ്കിൽ പറയാം. മെഡിക്കൽ സയൻസു പഠിക്കുകയും അതു പ്രാക്ടീസു ചെയ്യുകയും ചെയ്തു എന്ന മേന്മയെങ്കിലുമുണ്ട് പല്പുവിന്. എങ്കിലും അതൊരു തൊഴിൽ എന്നതിനപ്പുറത്ത് ഉപരിഗവേഷണപഠനങ്ങൾക്കുള്ള മേഖലയായി അദ്ദേഹം കണ്ടിട്ടില്ല.

ഇന്ത്യയുടെ ആദ്യത്തെ ഉപഗ്രഹത്തിന് ആര്യഭട്ട എന്നു നാമകരണം ചെയ്തപ്പോൾ, നമ്മുടെ ശാസ്ത്രപാരമ്പര്യത്തിനാണു നമ്മൾ അംഗീകാരം നല്കിയത്. അഞ്ചാം നൂറ്റാണ്ടിൽ ജീവിച്ചിരുന്ന മഹാനായ ഗണിതശാസ്ത്രാചാര്യൻ ആര്യഭടനെ നമ്മൾ ഒരിക്കൽക്കൂടി ആദരിച്ചു. ഒരു ഇന്ത്യൻ ശാസ്ത്രജ്ഞന്റെ പേരു നല്കാമെന്ന കേരള മുഖ്യമന്ത്രിയുടെ അഭിപ്രായമായിരിക്കും കൂടുതൽ സ്വീകാര്യമെന്നു തോന്നുന്നു.

പക്ഷേ, നമുക്കറിയാം അന്തിമതീരുമാനം കേന്ദ്രഗവൺമെന്റിന്റേതായിരിക്കും. സ്ഥാപനം അവരുടെ നിയന്ത്രണത്തിലുള്ളതാണ്. എങ്കിലും കേരളജനതയുടെ വികാരം മാനിക്കാനുള്ള സൗമനസ്യം നരേന്ദ്രമോദി സർക്കാരിൽനിന്നുണ്ടാവും എന്നു നമുക്കു പ്രതീക്ഷിക്കാം. കാരണം, ഒരു പേരിൽ ഒട്ടേറെ കാര്യങ്ങളുണ്ടല്ലോ.

■

# തൂത്തൻഖാമന്റെ സ്വർണമാസ്ക്






പ്രഫ. ചാണ്ടി സഖറിയാസ്

ബ്രിട്ടീഷ് പുരാവസ്തുഗവേഷകനും ഈജിപ്റ്റോളജിസ്റ്റുമായിരുന്ന ഹോവാർഡ് കാർട്ടറാണ് തൂത്തൻഖാമനെ ലോകപ്രശസ്ത ഫറവോയും ചരിത്രപുരുഷനുമാക്കിത്തീർന്നത്. കാർട്ടറുടെ പ്രതിഭ കണ്ടെത്തിയ പിതാവ് ചെറുപ്പത്തിൽത്തന്നെ അദ്ദേഹത്തിനു വേണ്ട പ്രോത്സാഹനങ്ങൾ നല്കിയിരുന്നു. ബാല്യകാലംമുതലേ പുരാവസ്തുഗവേഷണത്തിലും ഈജിപ്റ്റിനെപ്പറ്റിയുള്ള പഠനങ്ങളിലും വ്യാപൃതനായിരുന്ന കാർട്ടർ 1899 ൽത്തന്നെ ഈജിപ്റ്റിലെ ലക്സറിൽ പ്രവർത്തനം ആരംഭിച്ചിരുന്നു. കൃത്യമായിപ്പറഞ്ഞാൽ പതിനേഴാമത്തെ വയസ്സിൽ അദ്ദേഹം ഈജിപ്റ്റിലെത്തിയിരുന്നു. പിന്നീടദ്ദേഹം ചീഫ് ഇൻസ്പെക്ടർ ഓഫ് ഈജിപ്ഷ്യൻ ആന്റിക്യൂറ്റീസ് സർവ്വീസ് ആയിത്തീർന്നു.

ഇതിനിടെ കാർണവോണിലെ പ്രഭുവായിരുന്ന ജോർജ് ഹെർബർട്ട് കാർട്ടർക്കു പിന്തുണയും സംരക്ഷകനുമായി എത്തി. അദ്ദേഹവും ഇത്തരത്തിലുള്ള പര്യവേക്ഷണങ്ങളെ പ്രോത്സാഹിപ്പിച്ചുകൊണ്ട് ഈജിപ്റ്റിൽ പ്രവർത്തിക്കുകയായിരുന്നു. വർഷങ്ങൾ നീണ്ട ശ്രമകരവും നിസ്തന്ദ്രവുമായ പ്രവർത്തനങ്ങൾക്കൊടുവിലാണ് കാർട്ടർ, ലക്സറിനടുത്തുള്ള രാജാക്കന്മാരുടെ താഴ്വരയിൽ തൂത്തൻഖാമന്റെ ശവക്കല്ലറ കണ്ടെത്തിയത്. പിന്നീട് ഒരു വർഷംകൂടി കഴിഞ്ഞാണ് ഏറ്റവുമുള്ളിലുള്ള ഫറവോന്റെ മമ്മിയുൾപ്പെടുന്ന അവിശ്വസനീയലോകം അദ്ദേഹത്തിനു നേരിട്ടു കാണുവാൻ സാധിച്ചത്.

മറ്റൊരു പര്യവേക്ഷകൻ ശവകുടീരത്തിനടുത്ത് എത്തുകയും തൂത്തൻഖാമന്റെ പേരുവരെ കൊത്തിയിട്ടുള്ള ചില വസ്തുക്കൾ കാണുകയും ചെയ്തിരുന്നു. എന്നാൽ, നിർഭാഗ്യവശാൽ അദ്ദേഹത്തിന് യഥാർത്ഥസ്ഥാനം കണ്ടെത്തുവാനായില്ല. മൂവായിരത്തിലേറെ വർഷങ്ങൾ നീണ്ടുപോയ ഇടവേളയിൽ മണ്ണിടിഞ്ഞ് ആ പ്രദേശം മൊത്തം ഭൂമിക്കടിയിൽ പോയിരുന്നു. അതിനു മുകളിൽ ജോലിക്കാർ അവരുടെ വീടുകൾ വച്ചിരുന്നു. ഒരു ദിവസം യാദൃച്ഛികമായി താഴേക്കു നീളുന്ന ഒരു നട അദ്ദേഹം ശ്രദ്ധിക്കുകയുണ്ടായി. അവിടെ നിന്നു മണ്ണുമാറ്റിയപ്പോഴാണ് ശവക്കല്ലറയിലേക്കുള്ള വഴിതുറന്നത്.

ഏറ്റവുമുള്ളിലെ അറയിൽ ഒന്നിനുള്ളിൽ ഒന്നായി മൂന്നു ശവപേടകങ്ങൾ ഉണ്ടായിരുന്നു. അതിൽ ഏറ്റവുമുള്ളിലെ സ്വർണ്ണം കൊണ്ടുള്ള ശവപ്പെട്ടിയിലാണ് തൂത്തൻഖാമന്റെ മൃതശരീരം മമ്മിയാക്കി വച്ചിരുന്നത്. ഇവയെല്ലാംകൂടി ശിലാനിർമ്മിതമായ ശവപ്പെട്ടിയിലാണ് വച്ചിരുന്നത്. തനി സ്വർണ്ണത്തിലുള്ള ഉള്ളിലെ പെട്ടിയിൽ അന്ത്യവിശ്രമംകൊള്ളുന്ന ഫറവോയുടെ തലയും തോളുകളും മൂടിനില്ക്കത്തക്കവണ്ണം സ്വർണ്ണത്തിൽത്തന്നെ അതുല്യമായ കലാമേന്മയോടുകൂടി നിർമ്മിച്ചിരുന്ന മാസ്കും വച്ചിരുന്നു. ലോകത്തിൽ ഇതുവരെ നിർമ്മിച്ചതിൽവച്ച് ഏറ്റവും പ്രസിദ്ധമായ കലാരൂപമാണ് ഈ മാസ്ക്.

ശവപേടകങ്ങൾ വച്ചിരുന്ന ഉള്ളിലെ മുറി മനോഹരമായി പെയിന്റു ചെയ്തിരുന്നു. യുവാവായ ഫറവോയുടെ ജീവിതകാലത്തു സംഭവിച്ചതും മരണാനന്തരജീവിതത്തിൽ സംഭവിക്കാനിരിക്കുന്നതുമായ കാര്യങ്ങളാണ് ഇങ്ങനെ ചിത്രീകരിച്ചിരുന്നത്. ഉള്ളിലെ അറയിൽ 5398 വസ്തുക്കൾ സുരക്ഷിതമായി സൂക്ഷിച്ചിരുന്നത് കണ്ടെത്തുവാൻ കഴിഞ്ഞു. അതിൽ സ്വർണ്ണനിർമ്മിതമായ ശവപ്പെട്ടിയും മാസ്കും 41 ജോടി ചെരിപ്പുകളും സ്വർണ്ണാഭരണങ്ങളും കുതിരവണ്ടിയുടെയും ബോട്ടിന്റെയും മോഡലുകളും അനേകജോടി വസ്ത്രങ്ങളും അടിവസ്ത്രങ്ങളും സുഗന്ധദ്രവ്യങ്ങളും ഭക്ഷണസാധനങ്ങളും ഉണ്ടായിരുന്നു. അതോടൊപ്പം കലാമേന്മയേറിയ ദന്തനിർമ്മിതമായ ഒരു ചെറിയ പെട്ടിയും ഉണ്ടായിരുന്നു. ഇതിൽ തൂത്തൻഖാമൻ സുന്ദരിയായ രാജ്ഞിയുടെകൂടെ വടിപിടിച്ചു കൊണ്ടു നില്ക്കുന്ന രൂപം കൊത്തിപ്പിടിപ്പിച്ചിരുന്നു. പിന്നീടു കണ്ടെത്തിയതുപോലെ അദ്ദേഹത്തിന്റെ കാലിന്റെ പാദത്തിന് വൈകല്യമുണ്ടായിരുന്നു. അദ്ദേഹത്തിനു നടക്കാൻ എന്നും വടിയുടെ ആവശ്യം ഉണ്ടായിരുന്നിരിക്കാം. ഇതുകൊണ്ടാവാം അനേകം ഊന്നുവടികളും മമ്മിയോടൊപ്പം സൂക്ഷിച്ചിരുന്നത്. ഫറവോന് മരണാനന്തരജീവിതത്തിൽക്കൂടി ആവശ്യമായി വരുന്നതെന്നു തോന്നുന്ന വസ്തുക്കളാണ് ഇങ്ങനെ മമ്മിയോടൊപ്പം സൂക്ഷിച്ചുവച്ചിരുന്നത്.


തൂത്തൻഖാമന്റെ ശവകുടീരം കണ്ടെത്തിയ ബ്രിട്ടീഷ് പര്യവേഷകൻ ഹോവാർഡ് കാർട്ടർ

1925 ലെ ഒരു ഒക്ടോബർ 25 ന് സീലു ചെയ്തുവച്ചിരുന്ന ഉള്ളിലെ അറയിലേക്ക് ഒരു സുഷിരത്തിൽക്കൂടി നോക്കിനിന്നിരുന്ന കാർട്ടറോട് മറ്റുള്ളവർ എന്തെങ്കിലും കാണുവാൻ സാധിക്കുന്നുണ്ടോയെന്നു ചോദിച്ചു. അന്ന് കാർട്ടർ പറഞ്ഞു: 'അദ്ഭുതകരമായ സംഗതികൾ. ആയിരക്കണക്കിനു നിധികൾ കല്ലറയ്ക്കുള്ളിൽ' എന്ന്. 3300 വർഷംമുമ്പ് ഭൂമിക്കുള്ളിൽ അടക്കം ചെയ്ത തൂത്തൻഖാമന്റെ മമ്മിയും അതോടൊപ്പമുണ്ടായിരുന്നു. അമൂല്യനിധികളും വസ്തുക്കളും 20-ാം നൂറ്റാണ്ടിനുവേണ്ടി കാർട്ടർ ആദ്യമായി കാണുകയായിരുന്നു. പിന്നീട് അദ്ദേഹത്തോടൊപ്പമുണ്ടായിരുന്ന കാർണവോണിലെ പ്രഭുവും മറ്റു വിദഗ്ധരായ സഹപ്രവർത്തകരും അദ്ഭുതലോകത്തിനു സാക്ഷ്യം വഹിച്ചു.

കാർട്ടറുടെ ഈ കണ്ടുപിടിത്തം ഈജിപ്റ്റോളജിയിൽ ഒരു വിജ്ഞാനവിസ്ഫോടനത്തിനു വഴിതുറന്നു. ലോകമെമ്പാടും ഈജിപ്ഷ്യൻസംസ്കാരത്തെപ്പറ്റിയും ഫറവോമാരുടെ ഐതിഹാസികജീവിതത്തെപ്പറ്റിയും ആവേശമാർന്ന പഠനങ്ങൾ ആരംഭിച്ചു. ഈജിപ്തിന്റെ സംസ്കാരവും ജീവിതശൈലിയും ആധുനികലോകത്തിന്റെ ജീവിതത്തെയും ഫാഷനെയും സ്വാധീനിച്ചുതുടങ്ങി. മ്യൂസിയങ്ങളിൽ ഈജിപ്തിനുവേണ്ടിത്തന്നെയുള്ള സ്ഥലങ്ങൾ മാറ്റിവച്ചു. ഈജിപ്റ്റോളജി പല യൂണിവേഴ്സിറ്റികളിലെയും പഠനത്തിനും ഗവേഷണത്തിനുമുള്ള വേദിയായി.

### ഫറവോയുടെ ശാപം

തുത്തൻഖാമന്റെ ശവക്കല്ലറയും മമ്മിയും കണ്ടെത്തി ഏതാനും മാസങ്ങൾക്കുള്ളിൽ പര്യവേക്ഷണത്തിനു പിന്തുണയും സാമ്പത്തികസഹായവും നല്കിവന്ന കാർണവോൺ പ്രഭു മരിച്ചു. അതുപോലെ പര്യവേക്ഷണത്തിൽ ഏർപ്പെട്ടിരുന്ന ഏതാനും പേർകൂടി അവിശ്വസനീയമായ സാഹചര്യത്തിൽ മരിച്ചു. ഇതു മരിച്ചുപോയ ഫറവോയുടെ ശാപംകൊണ്ടാണെന്ന് ഇന്നും പല ഈജിപ്തുകാരും വിശ്വസിക്കുന്നുണ്ട്. ഇതിനെ തൂത്തൻഖാമന്റെ ശാപം എന്നു വിളിക്കാറുണ്ട്. പക്ഷേ, ഇതിന് ശാസ്ത്രീയ അടിത്തറയില്ല. കാർണവോൺ പ്രഭു നേരത്തേ തന്നെ ആരോഗ്യപ്രശ്നങ്ങളുള്ള ആളായിരുന്നു. ഒരുപക്ഷേ, കല്ലറയിൽ അടക്കപ്പെട്ടിരുന്ന ബാക്ടീരിയകൾ മരണകാരമായിരിക്കാം.

കാർട്ടർ 1932 വരെ ഈജിപ്റ്റിൽ തന്റെ പഠനങ്ങളും പര്യവേക്ഷണങ്ങളും തുടർന്നു. ഇംഗ്ലണ്ടിൽ തിരിച്ചെത്തിയ അദ്ദേഹം തന്റെ പ്രിയവിഷയങ്ങൾ പഠിച്ചും പഠിപ്പിച്ചും ജീവിതത്തിൽ ഏകനായി ജീവിച്ചു. തന്റെ അനുഭവങ്ങളും കണ്ടെത്തലുകളും ആധാരമാക്കി അദ്ദേഹം അനേകം ഗ്രന്ഥങ്ങളും രചിക്കുകയുണ്ടായി. കാർട്ടർ തന്റെ സംഭാവനകളിലൂടെ ഈജിപ്റ്റോളജിക്ക് വിലതീരാത്തതും എക്കാലത്തും നിലനില്ക്കുന്നതുമായ സംഭാവനകൾ നല്കി. അതോടൊപ്പം ചരിത്രത്തിന്റെ നിഗൂഢതയിൽ ആണ്ടുകിടന്നിരുന്ന ഈജിപ്റ്റിന്റെ മഹത്തായ സംസ്കാരത്തിലേക്കും ചരിത്രത്തിലേക്കുമുള്ള സുവർണവാതിൽ തുറക്കുകകൂടി ചെയ്തു.


കെയ്റോ മ്യൂസിയത്തിലുള്ള തൂത്തൻഖാമന്റെ തനി സ്വർണ്ണത്തിലുള്ള ലോകപ്രശസ്ത മാസ്ക്.

### തൂത്തൻഖാമന്റെ സ്വർണ്ണമാസ്ക്

തൂത്തൻഖാമന്റെ കല്ലറയിൽ നിന്നു ലഭിച്ച വിലയേറിയതും കലാവൈശിഷ്ട്യമുള്ളതും പിന്നീടു ലോകത്തിൽ ഏറ്റവും കൂടുതൽ പ്രശസ്തവുമായ വസ്തുവാണ് ഈ സ്വർണ്ണമാസ്ക്. ഇതിപ്പോൾ കെയ്റോയിലെ കെയ്റോ മ്യൂസിയത്തിൽ സ്വർണ്ണശവപ്പെട്ടിയോടും മറ്റനവധി അമൂല്യശേഖരങ്ങളോടും കൂടി സൂക്ഷിച്ചിട്ടുണ്ട്. ലോകമെമ്പാടുംനിന്നുവരുന്ന ലക്ഷക്കണക്കിന് സന്ദർശകരെ ഏറ്റവും കൂടുതലായി ആകർഷിക്കുന്ന ഒന്നുകൂടിയാണിത്.

ആചാരപ്രകാരം മമ്മിയാക്കി സ്വർണ്ണപേടകത്തിലാക്കിയിരിക്കുന്ന തുത്തൻഖാമന്റെ ശരീരത്തിനുള്ളിൽ ചാർത്തിയിരുന്നതായിരുന്നു സ്വർണ്ണമാസ്ക്. കാർട്ടറുടെ രാജാക്കന്മാരുടെ താഴ്വരയിലെ കണ്ടെത്തലുകളോടുകൂടിയാണ് മാസ്ക് ഭുവനപ്രസിദ്ധമായത്. എംബാം ചെയ്ത് ലിനനിലും ബാൻഡേജിലും പൊതിഞ്ഞിരുന്ന ശരീരം വച്ചിരുന്ന ഏറ്റവുമുള്ളിലെ ശവപ്പെട്ടിമേൽ തോളും ശിരസ്സും മൂടുന്ന വിധത്തിലായിരുന്നു മാസ്ക് വച്ചിരുന്നത്. 10.23 കിലോ സ്വർണ്ണം കൊണ്ടും ഗ്ലാസ് ഫെയിസ്റ്റു കൊണ്ടും ഉണ്ടാക്കിയിരുന്നതും വിലയേറിയ കല്ലുകൾ പതിച്ചിരുന്നതും അതിസൗന്ദര്യമുള്ളതുമാണ് ഈ മാസ്ക്. ബി.സി. 1323 ലാണ് ഇതു നിർമ്മിച്ചത്. ഈജിപ്റ്റുകാരുടെ പ്രാമാണിക ആദ്ധ്യാത്മികഗ്രന്ഥമായിരുന്ന ബുക്ക് ഓഫ് ഡെഡിൽ നിന്നുള്ള പ്രസക്തഭാഗങ്ങൾ ഹൈറോ ഗ്ലിഫെസിൽ മാസ്കിന്റെ തോൾഭാഗത്ത് പൊഴിച്ചെഴുതിയിട്ടുണ്ട്.

മരണശേഷം ആത്മാവിന് ശരീരത്തെ തിരിച്ചറിയുന്നതിനുവേണ്ടിയാണ് ഈ മാസ്ക് ധരിപ്പിച്ചിരുന്നത് എന്നായിരുന്നു വിശ്വാസം. പൈശാചികബന്ധനത്തിൽനിന്നുള്ള മോചനത്തിനും ഇതുപകരിക്കുമെന്ന് പുരാതന ഈജിപ്റ്റുകാർ കരുതിയിരുന്നു. ഇത് അക്കനേറ്റന്റെ (പിതാവ്) സുന്ദരിയും പ്രതാപശാലിയും മഹാറാണിയുമായിരുന്ന ഭാര്യ നെഫെർറ്റെനിക്കുവേണ്ടി ഉണ്ടാക്കിയതാണ് എന്നും കരുതുന്നു. കാരണം, അവരുടെ പേര് മാസ്കിന്റെ ഉൾവശത്ത് രേഖപ്പെടുത്തിയിട്ടുണ്ടായിരുന്നു. മാസ്ക് തൂത്തൻഖാമന്റെ ആയിരുന്നുവെങ്കിലും അതിന് ഒസിറിസ് ദേവനോടു രൂപസാദൃശ്യമുണ്ടായിരുന്നു. ഒസിറിസ് മരണത്തിന്റെയും നിത്യജീവനിലേക്കുള്ള ഉയിർപ്പിന്റെയും ദൈവമായിരുന്നു; അതുപോലെ കൃഷിയുടെ ഫലസമൃദ്ധിയുടെയും. ഫറവോമാർ ജീവിതകാലത്തു കൃത്രിമത്താടി ധരിക്കുമായിരുന്നു. അതുകൊണ്ട് സ്വർണ്ണമാസ്കിൽ രണ്ടു കിലോ തൂക്കമുള്ള ഒരു സ്വർണ്ണത്താടിയും ഘടിപ്പിച്ചിരുന്നു. ഇത് ഒരിക്കൽ അടർന്നുവീഴുകയും പിന്നീട് ഈജിപ്ഷ്യൻ-ജർമ്മൻവിദഗ്ധർ അതു പൂർവ്വസ്ഥിതിയിലാക്കുകയും ചെയ്തു.

ഞാൻ ഈജിപ്ഷ്യൻ മ്യൂസിയം സന്ദർശിച്ച അവസരത്തിൽ അവിടെ സൂക്ഷിച്ചിരുന്ന മാസ്കും തുത്തൻഖാമന്റെ ശവകുടീരത്തിൽനിന്നു കിട്ടിയതുൾപ്പെടെയുള്ള ആയിരക്കണക്കിന് വസ്തുക്കളും കാണുകയുണ്ടായി.

പക്ഷേ, തുത്തൻഖാമന്റെ മമ്മി അന്നും ലക്സറിനടുത്തുള്ള രാജാക്കന്മാരുടെ താഴ്വരയിൽത്തന്നെയായിരുന്നു. ഇന്ന് കെയ്റോ മ്യൂസിയത്തിന്റെ പ്രധാന ആകർഷണങ്ങളിലൊന്ന് ഈ മാസ്കാണ്. ഒരുപക്ഷേ, തൂത്തൻഖാമനെ ഭുവനപ്രസിദ്ധനാക്കിയത് തന്റെ മമ്മിയെക്കാൾ മമ്മിയെ അലങ്കരിച്ചിരുന്ന ഈ മാസ്കായിരിക്കാം. കാരണം, ഇതു ലോകം ഇതുവരെ കണ്ടിട്ടുള്ളതിൽ വച്ച് ഏറ്റവും വിലയേറിയ കലാരൂപമാണ്. കാർട്ടറുടെ കണ്ടുപിടിത്തത്തോടുകൂടി തൂത്തൻഖാമനും അദ്ദേഹത്തോടു ബന്ധപ്പെട്ട കാര്യങ്ങളും ചരിത്രത്തിന്റെ വിലയേറിയ അധ്യായങ്ങളായി. അത് ഒരു കാല്പനികകഥപോലെ സുന്ദരമായി ഇന്നും നിലനില്ക്കുന്നു; ഈജിപ്റ്റ് ചരിത്രത്തിനു നല്കിയ വിലയേറിയ കൈയൊപ്പുമായി.

□

# വീട്ടകങ്ങളിലെ വിഷമവൃത്തങ്ങൾ



സി. ഡോ. നിക്കോൾ
എസ്.വി.എം.

കഴിഞ്ഞ ഒൻപതു മാസമായി ലോകം മുഴുവൻ ഒരു പിരിമുറുക്കത്തിലൂടെ കടന്നുപോകുകയാണ്. കൊറോണ എന്ന മഹാമാരി 2019 ഡിസംബർ 31 നാണ് ചൈനയിൽ ഔദ്യോഗികമായി സ്ഥിരീകരിക്കപ്പെട്ടത്. അതിനുശേഷം ലോകത്തിന്റെ ഗതിതന്നെ മാറി. ലോക്ഡൗൺ നാളുകളിൽ വീട്ടിൽ ശാന്തിയും സമാധാനവും രൂപപ്പെട്ടുവെന്ന് പലരും പറഞ്ഞിട്ടുണ്ട്. ഒരർത്ഥത്തിൽ ശരിയായിരുന്നു. എന്നാൽ, മറുവശം ആരും കണ്ടില്ല.

രോഗപ്രതിരോധത്തിനു മുൻഗണന കൊടുക്കുമ്പോഴും ജനങ്ങളുടെ ജീവിതാവസ്ഥയുടെ ശരിക്കുള്ള പഠനം നടത്തിയിരുന്നോ എന്നു ഞാൻ പലപ്പോഴും ചിന്തിച്ചിട്ടുണ്ട്. എന്തായാലും കേരളത്തിൽ 2020 മാർച്ച് 23 മുതൽ ഏപ്രിൽ 18 വരെ വിവിധ സർക്കാർ ഏജൻസികളിൽ ലഭിച്ച പരാതികളിൽ കൂടുതലും ഗാർഹികപീഡനം സംബന്ധിച്ചായിരുന്നു. 188 പരാതികളാണ് 28 ദിവസംകൊണ്ടു ലഭിച്ചത്. ഇതിൽ 102 എണ്ണം ശാരീരികപീഡനത്തിനാണ്. കൂടാതെ, മാനസികപീഡനം, ലൈംഗികപീഡനം, സൈബർ പീഡനം എന്നിങ്ങനെ പോകുന്നു വിവിധ പരാതികൾ. ഗാർഹികപീഡനത്തിനു പ്രധാന കാരണമായി ചൂണ്ടിക്കാട്ടിയത് സാമ്പത്തികഞ്ഞെരുക്കമാണ്. ലോക്ഡൗൺ തുടങ്ങിയപ്പോൾമുതൽ ഇന്ത്യയിൽ അറുപതു ശതമാനം പേർ രണ്ടു നേരം മാത്രമാണ് ഭക്ഷണം കഴിക്കുന്നത് എന്ന കാര്യം നാം വിസ്മരിക്കരുത്. കുടുംബത്തിലെ സാമ്പത്തികഞ്ഞെരുക്കമാണ് ഇപ്പോൾ കുടുതലും യുവജനങ്ങളെ വഴിയോരക്കച്ചവടത്തിലേക്കു തിരിക്കാൻ കാരണം. ഈ നാളുകളിൽ ഒരു സ്ഥലത്തും ജോലിക്ക് ആളുക്കളെ എടുക്കുന്നില്ല. ഉള്ളവരെ പിരിച്ചുവിട്ടുകൊണ്ടിരിക്കുന്നു. കൊറോണക്കാലം പല കമ്പനികൾക്കും ജീവനക്കാരുടെ വേതനം വെട്ടിച്ചുരുക്കാൻ ലഭിച്ച അവസരമായിട്ടുണ്ട്. കമ്പനികൾ ലാഭത്തിലായിട്ടുംവേതനം പുനഃസ്ഥാപിക്കാത്തവരുമുണ്ട്.

ടിവി ഇല്ലാത്തതിന്റെ പേരിൽ ഓൺലൈൻ ക്ലാസ് തുടങ്ങിയ നാളിൽത്തന്നെ ആത്മഹത്യ ചെയ്ത പെൺകുട്ടി നമ്മുടെ കേരളത്തിലുണ്ട്. പ്രണയപരാജയം, രക്ഷിതാക്കളുടെ ശകാരം, അല്ലെങ്കിൽ നിയന്ത്രണം, മൊബൈൽ – ഇന്റർനെറ്റ് അമിതോപയോഗം, ലൈംഗികാതിക്രമം, കുടുംബവഴക്ക്, നിരാശ, ഒറ്റപ്പെടൽ ഇവയൊക്കെയാണ് ഈ ആത്മഹത്യകളുടെ കാരണങ്ങളായി കണ്ടെത്തിയിരിക്കുന്നത്.

കൊറോണ തുടങ്ങിയപ്പോൾ മുതൽ ഏറെ ബുദ്ധിമുട്ടനുഭവിക്കുന്നത് ഇടത്തരം കുടുംബങ്ങളാണ്. ഇങ്ങനെയുള്ള കുടുംബങ്ങളിൽ സ്ത്രീകൾ വളരെയധികം പീഡിപ്പിക്കപ്പെടുന്നുണ്ട്. പുരുഷന്മാരുടെ കൈയിൽ പണമില്ല. വീട്ടിൽ കൊണ്ടുവരുന്ന ഭക്ഷണസാധനങ്ങളുടെ അളവും വൈവിധ്യവും കുറയുന്നു. ഭക്ഷണം എന്നും ഒരുപോലെയാകുമ്പോൾ അവർ അക്രമാസക്തരാകുന്നുവെന്നാണ് സ്ത്രീകളുടെ അഭിപ്രായം. പുരുഷന്മാർക്ക് അധികം പുറത്തുപോകാൻ പറ്റാത്തതും കൂട്ടുകാരുമായുള്ള തമാശകളും മറ്റ് ഉല്ലാസപരിപാടികളും ഇല്ലാത്തതും പിരിമുറുക്കങ്ങൾക്കു കാരണമാകുന്നു.

ലോക്ഡൗൺ കാലത്ത് മദ്യം കിട്ടാത്തതിന്റെ പേരിൽ ആത്മഹത്യ ചെയ്തവരെക്കുറിച്ചു നാം കേട്ടതാണ്. എന്നാൽ, അതു കിട്ടാൻ നിവൃത്തിയില്ലാത്തപ്പോൾ അതിന് അടിമപ്പെട്ടവർ വിറയൽ, അക്രമസ്വഭാവം, അമിതമായ ആകാംക്ഷ, വിഷാദം, ആത്മഹത്യാപ്രവണത തുടങ്ങിയവ കാണിക്കും. ഇങ്ങനെയുള്ളവർ ഡോക്ടറെ കാണുന്നതാണ് ഏറ്റവും നല്ല പരിഹാരം.

ഗവൺമെന്റോ സമൂഹമോ ആശങ്കപ്പെട്ടയത്രയും പ്രശ്നങ്ങൾ മദ്യപാനാസക്തരിൽനിന്ന് ഉണ്ടായില്ല എന്ന കാര്യം ഗൗരവമായി വിലയിരുത്തണം. മദ്യം ലഭിക്കാത്തതിന്റെ പേരിൽ ഏതാനും ആത്മഹത്യകൾ ഉണ്ടായി എന്നതു സത്യംതന്നെ. പക്ഷേ, മദ്യത്തിന്റെ ഉപയോഗം ഇല്ലാതിരുന്നതിനാൽ ഉണ്ടായ നന്മകൾ – കുടുംബത്തിലും സമൂഹത്തിലും – വളരെ വലുതുതന്നെ. മൊത്തത്തിൽ നോക്കുമ്പോൾ മദ്യം ഇഷ്ടാനുസരണം ഉപയോഗിക്കുന്നതുമൂലമുണ്ടാകുന്ന അക്രമങ്ങളെക്കാൾ പരിമിതമാണ് അതിന്റെ അലഭ്യതമൂലമുണ്ടായ അക്രമസംഭവങ്ങൾ. സ്ത്രീകൾക്കും കുട്ടികൾക്കുമെതിരേയുള്ള അക്രമങ്ങളെക്കുറിച്ചു പരാതിപ്പെട്ടവരിൽ ആരും സമ്പന്നരോ തീരെ ദരിദ്രരോ അല്ല, ഇടത്തരം സാമ്പത്തികസ്ഥിതിയിൽ ഉള്ളവരാണ്. ഒരു രീതിയിൽ നോക്കുമ്പോൾ ഇന്ന് ഏറ്റവും കൂടുതൽ വിഷമിക്കുന്നതും പിരിമുറുക്കത്തിലൂടെ കടന്നുപോകുന്നതും ഈ മധ്യവർഗ്ഗ കുടുംബസാഹചര്യത്തിൽപ്പെട്ടവരാണ്. പുറമേ കുഴപ്പമൊന്നും ഇല്ലായെന്നുതോന്നുമെങ്കിലും വളരെയധികം സാമ്പത്തികബുദ്ധിമുട്ടിലും മാനസിക പിരിമുറുക്കത്തിലും വിഷാദത്തിലും കഴിയുന്നവരുമാണ് ഇക്കൂട്ടർ.

ഏതു സാമ്പത്തികസ്ഥിതിയിലുള്ളവരാണെങ്കിലും തങ്ങളുടെ പിരിമുറുക്കങ്ങളിൽ എന്തിനാണ് സ്ത്രീകളെ ഉപദ്രവിക്കാൻ തുനിയുന്നത് എന്നുചിന്തിക്കുമ്പോൾ മനസ്സിലാകുന്ന വസ്തുത, സ്ത്രീകളോട് ഒരു അടിമത്ത സ്വഭാവം വച്ചുപുലർത്തുന്നതുകൊണ്ടും ആരെയും പേടിയില്ലാത്തതുകൊണ്ടും യഥാർത്ഥ സ്നേഹം പരസ്പരം ഇല്ലാത്തതിനാലുമാണെന്നാണ്. കാരണം, കേരളത്തിലെ പുരുഷന്മാർ ആരും തീരെ അറിവുകുറഞ്ഞവരല്ല. എല്ലാം അറിയാമെങ്കിലും ഒന്നും അറിയാത്തവരെപ്പോലെ ചിലപ്പോഴൊക്കെ ചിലർ ജീവിക്കുന്നു എന്നേയുള്ളൂ. എഫേ: 5/28 ൽ പറയുന്നു: "ഭർത്താക്കന്മാർ ഭാര്യമാരെ സ്വന്തം ശരീരത്തെ എന്നപോലെ സ്നേഹിക്കണം. ഭാര്യമാരെ സ്നേഹിക്കുന്നവൻ തന്നെത്തന്നെയാണ് സ്നേഹിക്കുന്നത്.'' ഇതിന്റെ അർത്ഥം സ്വയം അല്ലെങ്കിൽ തന്നോടു തന്നെ സ്നേഹമില്ലാത്തവനാണ് ഭാര്യയെ സ്നേഹിക്കാൻ സാധിക്കാത്തത് എന്നാണ്. സ്വയം വെറുപ്പ് ഭാര്യയോടു തീർക്കുന്നത് വേദനാജനകമാണ്. ശാരീരികമായുള്ള പീഡനം അതിന്റെ ഇരട്ടിയായി മാനസികപീഡനത്തിനു വഴിതെളിക്കും.

സാമ്പത്തികപീഡനങ്ങളിൽ കൂടുതലും സ്ത്രീധനത്തുകബാക്കിയോ, ഭാര്യ പണിയെടുത്തുണ്ടാക്കിയ പണമോ, കൂടാതെ ഭാര്യവീട്ടിൽനിന്ന് ഓരോ ആവശ്യങ്ങൾ പറഞ്ഞുള്ള പണമോ ചോദിച്ചതിന്റെ പേരിലാണ്. അതുകൊണ്ടാണല്ലോ കൊല്ലത്ത് ഉത്രയെന്ന പെൺകുട്ടി പാമ്പു കടിയേറ്റു മരിക്കേണ്ടിവന്നത്. ഇവിടെ സ്ത്രീകൾ ഒരുപാട് ടെൻഷൻ അനുഭവിക്കുന്നുണ്ട്. നാടുമുഴുവൻ ദാരിദ്ര്യത്തിലായിരിക്കുന്ന സാഹചര്യത്തിൽ സ്വന്തം വീട്ടിൽപോയി പണമാവശ്യപ്പെടാൻ അവർ കൂട്ടാക്കിയെന്നുവരില്ല. അതുപോലെതന്നെ പകലന്തിയോളം തങ്ങൾ പണിയെടുത്തുണ്ടാക്കിയ പണം കൂട്ടുകാരുടെകൂടെ ചെലവിടാൻ ചോദിച്ചാൽ വിവരമുള്ള ഒരു സ്ത്രീയും നൽകിയെന്നുവരില്ല. എന്നാൽ, ഭാര്യമാർ വീട്ടാവശ്യങ്ങൾക്കുമിക്കവാറും ഒരു വിട്ടുവീഴ്ചയ്ക്കു തയ്യാറാകും. ഇക്കാര്യത്തിലുണ്ടാകുന്ന തർക്കവിതർക്കങ്ങൾ പലപ്പോഴും ഗാർഹികപീഡനത്തിലേക്കു നയിക്കും.

പുരുഷന്മാർ തങ്ങളുടെ യഥാർത്ഥമായ അവസ്ഥ ഭാര്യയോടു പറയുകയും അവരെയും കൂട്ടി പ്രശ്നപരിഹാരത്തിനായി ആലോചിക്കുകയും വേണം. അപ്പോൾ പരസ്പരം ബഹുമാനിച്ചുകൊണ്ട് സംസാരിക്കുകയും വിവിധങ്ങളായ ആശയങ്ങൾ ഉണ്ടാവുകയും ചെയ്യും. അല്ലാതെ, എപ്പോഴും ജീവിതപങ്കാളിയുടെമേൽ അനാവശ്യമായ ആധിപത്യമല്ല വേണ്ടത്. ഭർത്താവിന്റെ ദേഷ്യം ഭാര്യമാരിൽ ഒരുപാട് പിരിമുറുക്കങ്ങളും അസ്വസ്ഥതകളും ശാരീരികാസുഖങ്ങളും ഉണ്ടാക്കുകയും അതുപോലെതന്നെ അവർക്ക് ലൈംഗികമായ ആകർഷണമോ ആഗ്രഹമോ ഇല്ലാതാവുകയും ചെയ്യും. സ്ത്രീകളുടെ ഭാഗത്തുനിന്നുള്ള ലൈംഗികസഹകരണത്തിന്റെ കുറവും പുരുഷന്മാരുടെ ലൈംഗിക സംതൃപ്തിയുടെ അഭാവവും കലഹത്തിനു കാരണമാവുകയും പിന്നീട് അത് ലൈംഗികപീഡനമായി ചിത്രീകരിക്കപ്പെടുകയും ചെയ്യും. അതിനാൽ ദാമ്പത്യജീവിതം സന്തുലിതമാക്കുവാൻ ഭാര്യാഭർത്താക്കന്മാർ ഒന്നിച്ചു പരിശ്രമിക്കണം. അല്ലെങ്കിൽ ജീവിതത്തോണി മുങ്ങിപ്പോകുവാനുള്ള സാധ്യത ഏറെയാണ്.

ലോക്ഡൗൺ ഘട്ടത്തിൽ സ്ത്രീപീഡനം അല്ലെങ്കിൽ ഗാർഹികപീഡനം കൂടിയത് മദ്യപാനം കൊണ്ടുമാത്രമല്ല, തൊഴിലില്ലായ്മയും ജോലിയിൽനിന്നുള്ള പിരിച്ചുവിടലും, ഉള്ള ജോലി തുടർന്നു ചെയ്യാൻ പറ്റാതെ വന്നതും അതുളവാക്കിയ പിരിമുറുക്കവും ഒക്കെക്കൊണ്ടാണ്. കുടുംബനാഥൻ ഭാര്യയോടും മക്കളോടുംകൂടി കൂടുതൽ സമയം ചെലവഴിക്കുന്നത് കുടുംബത്തിലെ ഐക്യത്തിനും സമാധാനത്തിനും അനുപേക്ഷണീയമാണ്. ഈ ഒന്നിച്ചുള്ള സഹവാസം എല്ലാവർക്കും ആനന്ദദായകമാകണം. ആനന്ദത്തിനു പകരം ദുഃഖവും അശാന്തിയും സൃഷ്ടിക്കുന്ന ഒന്നായി ഇതു മാറിയാൽ അതുതന്നെ ഗാർഹികപീഡനത്തിലേക്കു നയിക്കും.



കുട്ടികളുടെ ആത്മഹത്യയ്ക്കു പ്രധാന കാരണം കുടുംബത്തിലെ അവസ്ഥയാണ്. ഇക്കാലയളവിൽ കുട്ടികൾ വളരെയേറെ ടെൻഷൻ അനുഭവിക്കുന്നുണ്ട്. വീടുകളിൽത്തന്നെ ഇരുന്നു പഠിക്കുകയും കളിക്കുകയും ഭക്ഷിക്കുകയും ചെയ്യേണ്ടിവന്നതിൽ അവർക്ക് നിരാശയും സങ്കടവും ഉണ്ട്. ഈ വസ്തുത മനസ്സിലാക്കി മാതാപിതാക്കൾ അവരോട് അനുകമ്പയോടെ ഇടപെടണം. അവരുടെമേൽ നിയന്ത്രണങ്ങൾ വയ്ക്കുമ്പോൾ എന്തുകൊണ്ട് എന്നു വ്യക്തമാക്കുകയും അതുപോലെ തിരുത്തലുകൾ സ്വകാര്യമായി നൽകുകയും വേണം. ഇപ്പോൾ വീടുകളിൽ മൊബൈലിനു വേണ്ടി കുട്ടികളും മാതാപിതാക്കളും ഒരുപോലെ മത്സരിക്കുന്ന സ്ഥിതിവിശേഷമുണ്ട്. അഞ്ചു വയസുമുതലുള്ള കുട്ടികളിൽ ഇന്ത്യയിൽ മൊബൈൽ ഉപയോഗം കൂടുതലാണ്. ഈ സാഹചര്യത്തിൽ മാതാപിതാക്കൾ മൊബൈലിന്റെ ഉപയോഗം കുറച്ച് കുട്ടികൾക്ക് മാതൃകയായാൽ ഓരോ കുടുംബവും സ്വർഗമാകുമെന്ന കാര്യത്തിൽ സംശയമില്ല. ■

ചിരിപൊരി — താവളം



1-ാം പേജ് തുടർച്ച

# ഡൽഹിയിലെ തണുപ്പിനെ കീഴടക്കി കർഷകനെഞ്ചിലെ തീ

ഇന്ന് കർഷകർ എതിർത്തു സമരം ചെയ്ത്, റദ്ദു ചെയ്യാൻ ആവശ്യപ്പെടുന്ന നിയമങ്ങളാണ് ഇവ മൂന്നും. ഏതെല്ലാമാണീ മൂന്നു നിയമങ്ങൾ?

ഒന്ന്, കോൺട്രാക്ട് കൃഷി നിയമവിധേയമാക്കാനുള്ള നിയമം. രണ്ട്, ഇന്നു കാർഷികവിഭവങ്ങളുടെ വിപണനരംഗത്ത് മിക്ക ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിലും കുത്തകയുള്ള എ.പി.എം.സി. എന്ന അഗ്രികൾച്ചർ പ്രൊഡക്ട്സ് മാർക്കറ്റിംഗ് കമ്മിറ്റിയുടെ 'മണ്ഡികൾ' എന്നു വിളിക്കുന്ന നാടൻചന്തകളുടെ കുത്തക ഒഴിവാക്കി അവയെ ദുർബലപ്പെടുത്താനുള്ള നിയമം. മൂന്ന്, കാർഷികോത്പന്ന വിപണനമേഖലയിൽ പ്രവേശിക്കുന്ന കമ്പനികൾക്കു ലാഭകരമായി പ്രവർത്തിക്കാൻ അവസരമൊരുക്കാൻവേണ്ടി അവശ്യവസ്തുക്കളുടെ വിലനിയന്ത്രണനിയമത്തിൽ ഭേദഗതികൾ കൊണ്ടുവരുന്ന നിയമം. ഈ നിയമങ്ങൾ റദ്ദു ചെയ്യണമെന്ന് കർഷകർ ആവശ്യപ്പെടുന്നതെന്തുകൊണ്ട്?

ആദ്യത്തെ നിയമമനുസരിച്ച് കോൺട്രാക്ട് അടിസ്ഥാനത്തിൽ കർഷകരുമായി കരാർ ഉണ്ടാക്കി ഉത്പന്നം വാങ്ങാനെത്തുന്ന കമ്പനിക്ക് മണ്ഡികൾക്കു പുറത്തും എവിടെ വച്ചു വേണമെങ്കിലും വ്യാപാരം നടത്താം. ഒരു 'പാൻ കാർഡ്' മാത്രമാണ് യോഗ്യത. ഒരു ലൈസൻസോ രജിസ്ട്രേഷനോ ആവശ്യമില്ല. ഈ വ്യാപാരത്തിന്മേൽ നികുതി ചുമത്താൻ സംസ്ഥാനസർക്കാരിന് അനുമതിയില്ല. അതോടെ കാർഷികോത്പന്നങ്ങൾ വിപണനം ചെയ്യാൻ എ.പി.എം.സിയെയോ മണ്ഡികളെയോ ആശ്രയിക്കേണ്ട കാര്യമില്ല എന്നതായി സ്ഥിതി. മണ്ഡികളിൽ ഉത്പന്നത്തിന്റെ വിപണനം നടക്കുമ്പോൾ 7-8 ശതമാനം നികുതി കൊടുക്കേണ്ടിവരും. മണ്ഡിക്കു പുറത്ത് കരാറുകാരന് ഉത്പന്നം വില്ക്കുമ്പോൾ നികുതി കർഷകനു ലാഭിക്കാം. അതോടെ മിക്ക കർഷകരും മണ്ഡിയെ ഉപേക്ഷിച്ച് കരാർക്കമ്പനിയെയോ അവരുടെ ഏജൻസിമാരെയോ സമീപിക്കും. ആദ്യവർഷങ്ങളിൽ കമ്പനി മോഹവില നല്കി കർഷകരെ ആകർഷിക്കാനും ശ്രമിക്കും. അതോടെ മണ്ഡികളിൽ ബിസിനസ് ഇല്ലാതാകും. മാർക്കറ്റ് കമ്മിറ്റികളും അവയുടെ ചന്തകളും ബലഹീനമാകുന്നതോടെ കരാർക്കമ്പനികൾ തങ്ങളുടെ വിശ്വരൂപം കാണിക്കാൻ തുടങ്ങും. കർഷകർ ചൂഷണം ചെയ്യപ്പെടും. പല കാരണങ്ങൾ (ഗുണനിലവാരം മുതലായവ) ചൂണ്ടിക്കാട്ടി വിലകുറയ്ക്കും. കർഷകനേതാക്കൾക്ക് ഈ ഭയം മനസ്സിലുണ്ട്. സർക്കാരിന് മണ്ഡികളിൽനിന്നു ലഭിച്ചിരുന്ന നികുതിവരുമാനം നഷ്ടമാകുന്നതോടെ സംസ്ഥാനസർക്കാരുകളും പുതിയ പദ്ധതിയെ എതിർക്കും. സംസ്ഥാനസർക്കാരുകളുടെ ഈ വരുമാനം ഇല്ലാതാകുന്നതോടെ ഗ്രാമങ്ങളിലെ അടിസ്ഥാനസൗകര്യങ്ങൾ മെച്ചപ്പെടുത്താനുള്ള സംസ്ഥാന സർക്കാരുകളുടെ കഴിവില്ലായ്മ തങ്ങളെ ബാധിക്കുമെന്ന് കർഷകരും ഭയപ്പെടുന്നു.

കർഷകരുടെ മറ്റൊരു വലിയ ഭയം മാർക്കറ്റ് കമ്മിറ്റികളും ചന്തകളും ബലഹീനമാകുന്നതോടെ പ്രധാന ഉത്പന്നങ്ങളായ നെല്ലിനും ഗോതമ്പിനും ഇന്നു ലഭിക്കുന്ന വിലസംരക്ഷണം നഷ്ടമായേക്കും എന്നതാണ്. പഞ്ചാബിലെയും ഹരിയാനയിലെയും പ്രധാനകൃഷികളാണ് നെല്ലും ഗോതമ്പും. സ്വാതന്ത്ര്യം കിട്ടിയ കാലത്ത് നമുക്ക് ആവശ്യത്തിനു ഭക്ഷ്യധാന്യം ഉത്പാദിപ്പിക്കാൻ കഴിഞ്ഞിരുന്നില്ല. പട്ടിണിമരണം വളരെ സാധാരണമായിരുന്നു. ക്രമേണ, പഞ്ചവത്സരപദ്ധതികളിലൂടെ ജലസേചനസൗകര്യം വർദ്ധിച്ചു. (ഭക്രാനംഗൽ, ഹിരാക്കുഡ്). 1960 കളുടെ മദ്ധ്യത്തിൽ ഉയർന്ന ഉത്പാദനശേഷിയുള്ള ഹൈബ്രിഡ് വിത്തുകളുമെത്തി. അങ്ങനെ കാർഷികോത്പാദനം വൻതോതിൽ ഉയർന്നു. അതോടൊപ്പം, കർഷകനെ എന്നും ഭയപ്പെടുത്തിയിരുന്ന ഒരു ദുരന്തം, വിളവെടുപ്പിന്റെ സമയത്തുണ്ടാകുന്ന വിലത്തകർച്ച ഒഴിവാക്കാനുള്ള നടപടികളും വന്നു. വിളവെടുപ്പിന്റെ സമയത്ത് അധികം ഉത്പന്നം പെട്ടെന്ന് വിപണിയിലെത്തുമ്പോൾ ഉണ്ടാകുന്ന വിലയിടിവ് ഒഴിവാക്കാനായി താങ്ങുവില നിർണ്ണയിച്ച്, ആ വിലയ്ക്ക് ഉത്പന്നം സർക്കാർ സംഭരിക്കുന്ന സമ്പ്രദായം നിലവിൽ വന്നു. ആണ്ടുതോറും ഉത്പാദന ച്ചെലവ് കണക്കാക്കി ഈ സംഭരണവില, താങ്ങുവില, അതായത്, മിനിമം സപ്പോർട്ട് പ്രൈസ് എന്ന എം.എസ്.പി. കർഷകന് ഉറപ്പായതോടെ, ആത്മവിശ്വാസത്തോടെ ഉത്പാദനം ഉയർത്താൻ വേണ്ടി പണമിറക്കാനും പാടുപെടാനും കർഷകനു ധൈര്യമായി.




പഞ്ചാബിലെ കർഷകർ ഉത്പന്നവുമായി മാർക്കറ്റ് കമ്മിറ്റിയുടെ മണ്ഡിയിൽ എത്തുന്നു. അവിടെ നടക്കുന്ന ലേലത്തിൽ ലഭ്യമാകുന്ന വില തൃപ്തികരമാണെങ്കിൽ ചരക്ക് കൈമാറുന്നു. വില തൃപ്തികരമല്ലെങ്കിൽ അവിടെത്തന്നെയുണ്ട് ഫുഡ്കോർപ്പറേഷന്റെ താങ്ങുവില സംഭരണ കേന്ദ്രം. അവിടെ ഉത്പന്നം നൽകുന്നു. മൂന്നു ദിവസത്തിനകം അയാൾക്കു താങ്ങുവില ലഭിക്കുന്നു.

പുതിയ നിയമം വന്ന്, നികുതി ലാഭിക്കാനും ആദ്യം ലഭിക്കുന്ന മോഹവില കീശയിലാക്കാനും കർഷകർ കരാറുകാരെ സമീപിച്ചാൽ മാർക്കറ്റ് കമ്മിറ്റിയും ചന്തയും തകരും. അവിടെ പ്രവർത്തിക്കുന്ന സംഭരണ ഏജന്റും അപ്രത്യക്ഷനാകും. ഫുഡ് കോർപ്പറേഷനെ അതിനകം സർക്കാർ സ്വകാര്യവത്കരിച്ചെന്നും വരാം. താങ്ങുവില സമ്പ്രദായവും വിസ്മൃതമായേക്കാം. അപ്പോൾ പഴയ ദുർഭൂതം, വിളവെടുപ്പു സമയത്തെ വിലയിടിവ്, വീണ്ടും പ്രത്യക്ഷപ്പെടും. ഈ അപകടം മണക്കുന്ന കർഷകർ ആണ്ടുതോറും താങ്ങുവില പുതുക്കിനിർണ്ണയിക്കുന്ന പതിവ് തുടരണമെന്നും കമ്പനിയുമായി ഉണ്ടാക്കുന്ന കരാറിൽ നിശ്ചയിക്കുന്ന വില ഈ എം.എസ്.പി. എന്ന താങ്ങുവിലയെക്കാൾ കുറയാൻ പാടില്ലെന്നും നിയമത്തിൽ വ്യവസ്ഥ ചെയ്യാൻ ആവശ്യപ്പെടുന്നു.

മൂന്നാമത്തെ നിയമം, അവശ്യവസ്തു വില നിയന്ത്രണനിയമത്തിന്റ ഭേദഗതിയാണല്ലോ. ധാന്യങ്ങൾ, സസ്യഎണ്ണ, പയറ്, പരിപ്പ്, ഉള്ളി, ഉരുളക്കിഴങ്ങ് തുടങ്ങിയ അവശ്യവസ്തുക്കൾ ഒരു പരിധിക്കു മുകളിൽ ശേഖരിച്ചു വയ്ക്കുന്നതിന് നിയന്ത്രണമുണ്ട്, ഈ നിയമത്തിൽ. ഉത്പന്നം ശേഖരിച്ചുവച്ച് വിപണിയിൽ കൃത്രിമക്ഷാമമുണ്ടാക്കി, വില ഉയർത്തി, കൊള്ളലാഭം ഉണ്ടാക്കുന്ന പ്രവണതയെ തടുക്കാനാണ് സ്റ്റോക്ക് പരിധി ഈ നിയമത്തിൽ 1950 കളിൽത്തന്നെ നിർണ്ണയിച്ചിരുന്നത്. ഇപ്പോൾ ഈ പരിധികൾ എടുത്തുകളഞ്ഞിരിക്കുന്നു. കോർപ്പറേറ്റ് സ്ഥാപനങ്ങൾ വൻതോതിൽ ഉത്പന്നം വാങ്ങുകയും വിൽക്കുകയും ചെയ്യുമ്പോൾ പലപ്പോഴും വളരെയധികം ഉത്പന്നം സ്റ്റോക്ക് ചെയ്യാൻ കഴിയണം. അപ്പോൾ മാത്രമേ അവർ ഉദ്ദേശിക്കുന്നത്ര ലാഭം നേടാൻ കഴിയൂ. അങ്ങനെ ലാഭം നേടാൻ അവർക്ക് അവസരമൊരുക്കാനായി സ്റ്റോക്ക് പരിധികൾ നീക്കം ചെയ്തിരിക്കുകയാണ്.

ചുരുക്കത്തിൽ, മൂന്നു നിയമങ്ങളും കർഷകർക്കുവേണ്ടിയല്ല കാർഷികവിപണിയിലിറങ്ങുന്ന കമ്പനികൾക്കു ലാഭകരമായി പ്രവർത്തിക്കാൻ അരങ്ങൊരുക്കുന്നവയാണ് എന്നു പറയേണ്ടിയിരിക്കുന്നു. പക്ഷേ, 'ഒരു രാജ്യം, ഒരു വിപണി,' എന്ന ആകർഷകമായ ഒരു മുദ്രാവാക്യം മുഴക്കി പുതിയ പദ്ധതിയെ 'മാർക്കറ്റ്' ചെയ്യുന്നു.

എ.പി.എം.സി.യും താങ്ങുവിലസമ്പ്രദായവും ഇല്ലാതായാൽ കർഷകൻ വലിയ കമ്പനികളുടെ ഇരയായിത്തീരുമെന്നറിയാവുന്ന നേതാക്കൾ അരയും തലയും മുറുക്കി രംഗത്തെത്തിയിരിക്കുന്നു. എം.എസ്.പി. - താങ്ങുവില - തുടരും, എന്ന് പ്രധാനമന്ത്രി വാഗ്ദാനം ചെയ്യുന്നു. പ്രധാനമന്ത്രിയുടെ വാക്കിനപ്പുറം എന്തുറപ്പിനാണ് പ്രസക്തി എന്ന് സർക്കാർവക്താക്കൾ ചോദിക്കുന്നു. അപ്പോൾ, ജലരേഖകളായിത്തീർന്നിരിക്കുന്ന നിരവധി വാഗ്ദാനങ്ങൾ പ്രധാനമന്ത്രി നൽകിയ കാര്യം കർഷകരും ചൂണ്ടിക്കാണിക്കുന്നു. അഞ്ചുദിവസത്തെ ചർച്ചകൾ പരാജയപ്പെട്ടുകഴിഞ്ഞു.

ഡൽഹിയിലെ രാത്രികൾ അനുദിനം തണുപ്പേറിയവയായിത്തീരുന്നു. അതേസമയം, പ്രക്ഷോഭണത്തിന്റെ ചൂട് നിലനിറുത്താൻ കർഷകർക്കു കഴിയട്ടേയെന്നു നമുക്കു പ്രാർത്ഥിക്കാം;

■

പാട്ടിന്റെ പാലാഴി - 67

ളാക്കാട്ടൂർ പൊന്നപ്പൻ

**സംഗീതാചാര്യന്മാർ**

## പാപനാശം ശിവൻ



**ക**ഴിഞ്ഞ നൂറ്റാണ്ടിലെ പ്രശസ്തനായ ഒരു വാഗ്ഗേയകാരനാണ് തഞ്ചാവൂരിനടുത്ത് പോളകം എന്ന സ്ഥലത്ത് 1890-ൽ ജനിച്ച പാപനാശം ശിവൻ. രാമയ്യ എന്നാണ് മാതാപിതാക്കൾ ഇട്ട പേര്. ഭസ്മം പൂശി രുദ്രാക്ഷവും ധരിച്ച് ആകർഷകമായ ഈണത്തിൽ ശിവസ്തുതികൾ പാടിവന്ന ഇദ്ദേഹത്തെ എല്ലാവരും ശിവൻ എന്നുവിളിച്ചു. ഇദ്ദേഹത്തിന്റെ ഭജനകളിൽ പങ്കെടുത്ത് നിർവൃതിയനുഭവിച്ച ഭക്തർ പാപനാശം എന്ന വിശേഷണം പേരോടുചേർത്തു വിളിച്ചുപോന്നു. പോളകം രാമയ്യ അങ്ങനെ പാപനാശം ശിവനായി. 'പാപനാശം' എന്ന പ്രസിദ്ധമായ സ്ഥലത്ത് കുറെനാൾ താമസിച്ച് ഭജന ചെയ്തിരുന്നതിനാൽ ഈ പേര് അന്വർത്ഥമായി.

തിരുവനന്തപുരത്ത് സംസ്കൃതകോളജിൽ പഠിച്ച് വ്യാകരണത്തിലും ശാസ്ത്രത്തിലും പ്രാവീണ്യം നേടിയ ശിവൻ തിരുവനന്തപുരത്തുണ്ടായിരുന്ന സുപ്രസിദ്ധവേദാന്തിയും കവിയും ഗാനകൃത്തുമായ നീലകണ്ഠശിവനുമായി പരിചയപ്പെടാനിടയായി. അദ്ദേഹത്തിന്റെ ഭജനകളിൽ ദിവസേന ഉത്സാഹത്തോടെ പങ്കെടുക്കുകയാൽ സംഗീതകവനത്തിലും വേദാന്തതത്ത്വശാസ്ത്രപരമായ ഗാനനിർമ്മിതിയിലും ഉത്സുകനായിത്തീർന്നു. നൂർണി മഹാദേവ ഭാഗവതരുടെ ശിക്ഷണത്തിൽ സംഗീതത്തിന്റെ പ്രാഥമികപാഠങ്ങൾ അഭ്യസിച്ചു നേമം നടേശഭാഗവതരിൽനിന്ന് കാര്യമായ സംഗീത പഠനം സിദ്ധിച്ചു. പിന്നീട് കോനേരി രാജപുരം വൈദ്യനാഥയ്യരെന്ന പ്രസിദ്ധവിദ്വാന്റെ ശിഷ്യനായി ഏറെക്കാലം കഴിച്ചു.

ഒരു തീർത്ഥാടകനായി പിന്നീട് പുണ്യക്ഷേത്രങ്ങളിലൂടെ സഞ്ചരിക്കുകയും അവിടത്തെ ദേവന്മാരെക്കുറിച്ച് കീർത്തനങ്ങൾ രചിച്ചുപാടുകയും ചെയ്ത് നിസ്പൃഹനായി ജീവിതം കഴിച്ചുപോന്നു. 1917-ൽ വിവാഹിതനായി. രണ്ടു പെൺമക്കളുണ്ടായി. പിൽക്കാലത്ത് അവർ സംഗീതവിദുഷിമാരായി മാറി.

500 ൽപ്പരം കൃതികൾ പാപനാശം ശിവന്റേതായുണ്ട്. എല്ലാം വളരെ മഹത്തരങ്ങളാണ്. സംഗീതവിദ്വാന്മാർ ഇക്കാലത്ത് ഇദ്ദേഹത്തിന്റെ ധാരാളം കൃതികൾ ആലപിച്ചുവരുന്നു. സംഗീതത്തിൽ രാഷ്ട്രപതിയുടെ കീർത്തിമുദ്രയും മദ്രാസ് സംഗീതസഭയുടെ സംഗീതകലാനിധി എന്ന ബഹുമതിയും മദ്രാസിലെ തമിഴൈ സംഘം 'ഇസൈപേരറിഞ്ഞർ' എന്ന ബഹുമതിയും നല്കിയിട്ടുണ്ട്.

പാപനാശം ശിവൻ 1973-ൽ അന്തരിച്ചു. അദ്ദേഹത്തിന്റെ പ്രസിദ്ധമായ തമിഴ്-സംസ്കൃതം കൃതികൾ കച്ചേരികളിൽ ഇന്നത്തെ യുവഗായകരും ആലപിക്കുന്നുണ്ട്. മൂന്നു വാല്യങ്ങളിലായി മുന്നൂറിൽപ്പരം കൃതികൾ സ്വരപ്പെടുത്തി പ്രസിദ്ധം ചെയ്തിട്ടുണ്ട്. കപാലി (മോഹനരാഗം), മയിൽവാഹനം (മോഹനം), ശരവണഗുഹനേ (മധ്യമാവതി), ക്ഷീരസാഗരശായി (പൂർവ്വികല്യാണി), പരാൽപരം പരമേശ്വരാ (വാചസ്പതി) എന്നിവ ഏറെ പ്രസിദ്ധങ്ങളാണ്. ആദ്യകാല തമിഴ്ചലച്ചിത്ര നടൻ ത്യാഗരാജഭാഗവതർക്കുവേണ്ടി കുറെ ഗാനങ്ങൾ തയ്യാറാക്കിയത് ഇന്നും അവിസ്മരണീയങ്ങളാണ്. പഴയ തമിഴ് ചലച്ചിത്രവ്യവസായമേഖലയിൽ ഗാനരചയിതാവായും സംഗീതസംവിധായകനായും അഭിനേതാവായും പാപനാശം ശിവൻ തിളങ്ങിയിരുന്നു.




## അദ്ധ്യായം 16

"സലോമീ, മനസ്സിലായില്ലേ? ഞാൻ സുമൻ ബാബുവാ."

"മനസ്സിലായി."

"ഞാൻ പകല് രണ്ടു തവണ വിളിച്ചപ്പോഴും ലൈൻ കിട്ടിയില്ല. അതുകൊണ്ടാ ഇപ്പോൾ വിളിച്ചെ. എനിക്കൊരു മറുപടി തന്നില്ലല്ലോ?"

"എനിക്ക് അമ്മയുണ്ടല്ലോ. ഒന്നുപറയാതെ..."

"പറയാനെന്താ മടി. സലോമിക്ക് എന്നോടു താത്പര്യക്കുറവായിട്ടാണെങ്കിൽ അതു തുറന്നു പറയാം. പിന്നെ ഞാനൊരു ശല്യമാകില്ല."

"സുമൻ, എന്റെ കാര്യങ്ങൾ വേണ്ടതുപോലെ മനസ്സിലാക്കീട്ടില്ല. ഞാനും അമ്മയും ഒരുമിച്ചല്ല താമസം. ഞാൻ ഔദ്യോഗികവസതിയിലും അമ്മ നാട്ടിലുള്ള വീട്ടിലുമാ. ഇന്നിപ്പോൾ ഇവിടെയുണ്ട്. വൈകുന്നേരം വന്നു."

"എങ്കിൽ ചെറുതായി ഒന്നു സൂചിപ്പിക്കരുതോ."

"പറയാനാണിരിക്കുന്നത്. അതിനുമുമ്പ് ചില കാര്യങ്ങൾ നമ്മൾ തമ്മിൽ പറയാനുണ്ട്."

"ഫോണിൽക്കൂടി പറയാവുന്നതാണോ?"

"അതേ. എന്റെ ഇപ്പോഴത്തെ ജോലി യഥാർത്ഥത്തിൽ ഒരു ഇരുപത്തിയേഴുകാരിപ്പെണ്ണിന്റെ കഴിവിനും അറിവിനും വിവേകത്തിനുമൊക്കെ താങ്ങാനാവുന്നതല്ല. ജില്ലയിലുണ്ടാകുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഇടപെട്ട് പരിഹാരം കണ്ട് മുന്നോട്ടുപോണം. ഭരണത്തിന്റെ എല്ലാ വകുപ്പുകളുടെയും ഏകോപനവും മേൽനോട്ടവും വേണം. ഇതിനിടയ്ക്ക് എങ്ങനെ ഒരു വിവാഹജീവിതം കൊണ്ടുപോകുമെന്നെനിക്കറിയില്ല."

"പേടിക്കാതെ സലോമി. ഞാനെല്ലാക്കാര്യത്തിലും സലോമിയെ മനസ്സിലാക്കിത്തന്നെ പ്രവർത്തിക്കും. മുൻപ് പരിചയമൊന്നുമില്ലാത്ത ഒരാളെ കല്യാണം കഴിക്കുന്നതിലും ഭേദമല്ലേ, പരസ്പരം അറിയാവുന്ന ഒരാളെ ഒപ്പം കൂട്ടുന്നത്."

"അതെ. അങ്ങനെയൊരു ചിന്തയുണ്ട്. പിന്നെ എന്റെ പശ്ചാത്തലം തീരെ മോശമാണ്, അറിയാമല്ലോ."

"അറിയാം. ഞാനതൊന്നും പറഞ്ഞ് സലോമിയെ ചെറുതാക്കില്ല. വിദ്യാഭ്യാസത്തിലും പദവിയിലും എന്നെക്കാൾ എത്രയോ ഉയരത്തിലാണ് സലോമി."

"ഉയരവും ഉയരക്കുറവും നമ്മൾ രണ്ടാളും ചിന്തിക്കുകയേ വേണ്ട. പരസ്പരം സ്നേഹിച്ച്, സഹകരിച്ച്, സഹായിച്ച് അങ്ങനെ കഴിയാൻ പറ്റില്ലേ?"

"പറ്റും. എനിക്കും സ്ഥലമാറ്റങ്ങളുണ്ടാകാവുന്ന ജോലിയാണ്. സ്റ്റേറ്റ് വിട്ടുപോകേണ്ടിവരും. ഏതു പരിതസ്ഥിതിയിലും നമ്മൾ യോജിച്ചുതന്നെ പോകും."

"സുമൻ ഇങ്ങനെയൊക്കെ പറയുമ്പോൾ ഒത്തിരി സന്തോഷമുണ്ട്. ഞാനമ്മയോട് ഉടനെ തന്നെ പറയും. അമ്മ എതിരായൊന്നും ചിന്തിക്കുകയോ പറയുകയോ ഇല്ല."

"നാളെയെങ്കിലും ഒരു തീരുമാനം അറിയിച്ചാൽ നന്നായിരുന്നു."

"അറിയിക്കാം സുമൻ. ഗുഡ്നൈറ്റ്"

"ഗുഡ്നൈറ്റ്." സുമൻ ഫോൺ കട്ടാക്കി.

സലോമി വേഗം അമ്മയുടെയടുത്തേക്കു ചെന്നു. സുമനെപ്പറ്റി അമ്മയോടു പറഞ്ഞു. സെലീനയ്ക്ക് വലിയ സന്തോഷമുണ്ടായി.

"മോളേ, ജീവിതത്തിൽ എന്റെ അനുഭവം എന്റെ മകൾക്കുണ്ടാകരുതെന്ന് എന്നും ദൈവത്തോടു ഞാൻ പ്രാർത്ഥിക്കുന്നുണ്ടായിരുന്നു. നിനക്കറിയാവുന്ന, നിന്നെ സ്നേഹിക്കുന്ന ഒരാള് ഉണ്ടായല്ലോ. ജോലിയിൽ താഴ്ന്നു നില്ക്കുന്നതും നല്ലതാ. നീ അവനെ കുറഞ്ഞവനായി കാണരുത്. കല്യാണം ഉടനെ നടത്തണമെന്നെങ്ങാനും പറഞ്ഞോ?"

"എന്റെ തീരുമാനം ഇതുവരെ പറഞ്ഞിട്ടില്ലമ്മേ?"

"അതെന്താ അങ്ങനെ?"

"ഇപ്പഴല്ലേ. ഞാനമ്മയോടിതു പറഞ്ഞത്. അമ്മ സമ്മതിച്ചത്. ഇനി നാളെ രാവിലെ വിളിച്ചു പറയും."

"ഞാൻ കുറച്ചുമുമ്പു പറഞ്ഞതുപോലെ നല്ലൊരു വീടും ഇത്തിരി മണ്ണും സ്വന്തമായിട്ടുണ്ടാക്കീട്ട് കല്യാണം നടത്തുന്നതായിരുന്നു നല്ലത്."

"അതുണ്ടാക്കാമമ്മേ, ബാങ്കിൽനിന്ന് നല്ല ഒരു ലോണെടുത്താൽ വളരെപ്പെട്ടെന്നുതന്നെ പറമ്പും വീടുമുണ്ടാക്കാം." സലോമി പറഞ്ഞു.

സെലീനയുടെ മുഖത്ത് സന്തോഷം പ്രതിഫലിച്ചു.



"രണ്ടുപേരും വാ. അത്താഴം കഴിക്കാം." സുമലത അടുത്തു വന്നു വിളിച്ചു. സെലീനയും സലോമിയും ഡൈനിംഗ് റൂമിലേക്കുപോയി. തീൻമേശയിൽ വ്യത്യസ്തവിഭവങ്ങൾ നിരന്നിരുന്നു.

"എന്റെ മോളേ, നീ ഈ സുമയെ ഒത്തിരി ബുദ്ധിമുട്ടിച്ചല്ലോ? എന്തിനാ ഇത്രയും കൂട്ടങ്ങളുണ്ടാക്കിയത്? ഞാനാണെങ്കിൽ ഇത്തിരി പച്ചമോരും കാന്താരിപൊട്ടിച്ചതും കിട്ടിയാൽ തൃപ്തിയോടെ വയറുനിറയെ കഴിക്കുന്നയാളാ."

"ഇങ്ങനെ വല്ലപ്പഴുമൊക്കെയല്ലേയുള്ളമ്മേ." സലോമി പറഞ്ഞു. താറാവുറോസ്റ്റും കരിമീൻ പൊള്ളിച്ചതും മട്ടൻ മപ്പാസും ചിക്കൻ വറുത്തതുമൊക്കെ മേശയിലെത്തിയിരുന്നു.

"വർത്തമാനമൊക്കെപ്പറഞ്ഞ് പയ്യെയിരുന്ന് രണ്ടുപേരും കഴിക്ക്. എല്ലാ ഐറ്റവും രുചിച്ചെങ്കിലും നോക്കണം." സുമലത പറഞ്ഞു.

"അമ്മയും എല്ലാം നന്നായിട്ടുണ്ടാക്കാനറിയാവുന്നയാളാ." സലോമി, സുമയോടായി പറഞ്ഞു.

"അതെനിക്കറിയാം." സുമലത ചിരിച്ചു.

വളരെനാളുകൾകൂടി ഇത്ര വിഭവസമൃദ്ധായ ഒരു ഭക്ഷണം കഴിക്കുകയായിരുന്നു സെലീന. മകൾ അമ്മയ്ക്കൊരുക്കിയ സ്നേഹവിരുന്ന്! അധികമാണെന്നു തോന്നിയിട്ടും മകളെ സന്തോഷിപ്പിക്കാനായി സെലീന എല്ലാ വിഭവങ്ങളും കുറേശ്ശേ കഴിച്ചു. സുമയെ പ്രോത്സാഹിപ്പിക്കാനായി ഓരോന്നും അതീവരുചികരമാണെന്നു പുകഴ്ത്തുകയും ചെയ്തു.

അമ്മയും മകളും ഒരു മുറിയിൽ ഒരേ ബെഡ്ഡിലാണു കിടന്നത്. ഒത്തിരി വർത്തമാനങ്ങൾ പറയുകയും ചെയ്തു. രാവിലെ ഏഴുമണിക്കുതന്നെ സെലീന മടങ്ങി. തിങ്കളാഴ്ച. സലോമിക്ക് കളക്ട്രേറ്റിൽ വലിയ തിരക്കുള്ള ദിവസമായിരുന്നു. വൈകുന്നേരം നാലരയ്ക്ക് കളക്ടറുടെ ചേംബറിൽ എ.ഡി.എം. ഉൾപ്പെടെയുള്ള ഉയർന്ന ഉദ്യോഗസ്ഥരുടെ യോഗം ചേർന്നു. പിറ്റേന്ന് പുഴക്കര വക്കച്ചന്റെ വീട് പൊളിച്ചുനീക്കുന്നതിനുള്ള സുപ്രധാന നടപടികൾ പൂർത്തിയാക്കാനായിരുന്നു യോഗം. ദൗത്യം ഏറ്റെടുത്ത കരാറുകാരൻ വിനയചന്ദ്രനും യോഗത്തിൽ പങ്കെടുക്കുന്നുണ്ട്.

"നമ്മുടെ പ്രധാന ഡിമാന്റുകൾ പറയാം." സലോമി പറഞ്ഞു തുടങ്ങി.

"സമീപവാസികൾക്ക് യാതൊരുവിധ പൊല്യൂഷനും ഉണ്ടാകാതെ നോക്കണം. വീടിന്റെ അവശിഷ്ടങ്ങൾ എത്രയും പെട്ടെന്നു നീക്കം ചെയ്യണം. അത് സമീപസ്ഥലങ്ങളിലോ ജലാശയങ്ങളിലോ ഡംപ് ചെയ്യാൻ പാടില്ല. വീട്ടിൽ താമസിച്ചുകൊണ്ടിരുന്നവരുടെ ഭാഗത്തുനിന്ന് എന്തെങ്കിലുമൊക്കെ പ്രതികരണം ഉണ്ടാകാനിടയുണ്ട്. പോലീസുണ്ടാകും. നമ്മുടെ ഭാഗത്തുനിന്ന് ഒരു പ്രകോപനവും ഉണ്ടാകരുത്. വലിയ ശബ്ദമില്ലാത്ത ചെറുസ്ഫോടനങ്ങളിലൂടെ വേണം കെട്ടിടം തകർക്കുവാൻ. പറഞ്ഞിരിക്കുന്ന ദിവസം വേഗത്തിൽത്തന്നെ ദൗത്യം പൂർത്തിയാക്കണം." സലോമി പറഞ്ഞുനിർത്തി.

"ഡിമാന്റുകളൊക്കെ പൂർണ്ണമായും പാലിക്കപ്പെടും. പിന്നെ ഒരു ഭേദഗതി പറയാനുള്ളത് രാത്രിയിൽ ഇതു ചെയ്യുകയാണെങ്കിൽ ഒത്തിരി എളുപ്പം കിട്ടും. ആളുകൾ കൂടുന്നതും നമുക്കൊഴിവാക്കാം. ഇപ്പോൾ നമ്മൾ പുറത്തുവിട്ടിരിക്കുന്ന വാർത്ത നാളെ കെട്ടിടം പൊളിച്ചുനീക്കുമെന്നാണ്. ഇവിടുന്നനുവദിച്ചാൽ നാളെ പുലരുമ്പോൾ ക്ലിയറായ ഒരു ഗ്രൗണ്ട് മാത്രമേ അവിടെ കാണുകയുള്ളൂ." വിനയചന്ദ്രൻ പറഞ്ഞു.

കളക്ടർ സലോമി, എ.ഡി.എമ്മിനെയും എസ്.പിയെയും നോക്കി.

"അത് നല്ല നിർദ്ദേശമാണ്." എസ്.പി. പറഞ്ഞു. എ.ഡി.എം. അനുകൂലിച്ചു.

"ഒരുതരത്തിലും മീഡിയാസറിയാതെ നോക്കിയാൽ നമ്മുടെ ജോലി ഒത്തിരി എളുപ്പമാകും." സി.ഐ. പ്രേമചന്ദ്രൻ പറഞ്ഞു.

"മിസ്റ്റർ വിനയചന്ദ്രൻ കാര്യങ്ങൾ ഇപ്പോൾ പറഞ്ഞതുപോലെ പ്രൊസീഡ് ചെയ്തോളൂ." കളക്ടർ തീർപ്പുകല്പിച്ചു. സാങ്കേതി കാര്യങ്ങളെപ്പറ്റിയും പബ്ലിക് ഇംപാക്ടിനെപ്പറ്റിയുമൊക്കെ യോഗത്തിൽ ചർച്ചയുണ്ടായി. ആറുമണിയോടെ യോഗം അവസാനിച്ചു.

അന്നു രാത്രി പതിനൊന്നുമുപ്പത്! ശബ്ദരഹിതമായ ചെറുസ്ഫോടനങ്ങളിലൂടെ പുഴക്കര ബംഗ്ലാവ് തകർന്നടിയുന്നതിനു സാക്ഷിയായി ജില്ലാകളക്ടർ സലോമി മാത്യുവും കളക്ട്രേറ്റിലെ പ്രധാന ഉദ്യോഗസ്ഥരും ജില്ലാ പോലീസ് സൂപ്രണ്ട് അടക്കമുള്ള നിയമപാലകരും അവിടെയുണ്ടായിരുന്നു. ജെ.സി.ബി.കളും ടിപ്പർലോറികളും ആവശ്യത്തിലേറെ തയ്യാറാക്കിയിരുന്നു. ഒരുമണിമുതൽ അവശിഷ്ടങ്ങൾ നീക്കിത്തുടങ്ങി. ആ പ്രവർത്തനവും തീർന്നുകഴിഞ്ഞ് വെളുപ്പിന് നാലു മണിക്കാണ് കളക്ടർ സലോമി തന്റെ ഔദ്യോഗികവസതിയിലേക്കു കാറിൽ പുറപ്പെട്ടത്.

മനഃസംഘർഷംമൂലം ഉറങ്ങാതെ രാത്രിയുടെ യാമങ്ങൾ കഴിച്ച പുഴക്കര വക്കച്ചൻ മൂന്നുമണിയോടെയാണ് ബെഡ്ഡിൽ ചാഞ്ഞത്. മദ്യലഹരിയിൽ അയാൾ മയക്കത്തിലേക്കു വഴുതി. ഏഴുമണിയായപ്പോൾ ഫോൺബെൽ കേട്ട് അയാൾ ഞെട്ടിയുണർന്നു.

"ആരാ... ആരാ വിളിക്കുന്നെ?"

"തന്റെയൊരഭ്യുദയകാംക്ഷി."

"പേരുപറയടാ പട്ടീ..."

"പഴയ രാഘവനാടാ. നിന്റെ കൊടുംചതിയിൽ തകർന്നുപോയ കോൺട്രാക്ടർ രാഘവൻ."

"തനിക്കിപ്പഴെന്തുവേണം?"

"ഒന്നും വേണ്ട. ഒരു കാര്യം അറിഞ്ഞില്ലെങ്കിൽ കേട്ടോ. രാത്രീൽത്തന്നെ തന്റെ ഡ്രീം ഹൗസ് നിലംപൊത്തി. അതു ചത്തു. സംസ്കാരവും നടത്തി. നീ ചെന്നു നോക്ക്. കാണ്. കണ്ടു മനസ്സിലാക്ക്." രാഘവൻ ഫോൺ കട്ടാക്കി.

കിതച്ചുകൊണ്ട് വക്കച്ചൻ ബെൻസ്കാറിന്റെ കീച്ചെയിനെടുത്തു. പിന്നെ പുറത്തിറങ്ങി പോർച്ചിൽക്കിടന്ന കാറിൽ ചാടിക്കയറി. സ്റ്റാർട്ടാക്കി. വാഹനം ലക്ഷ്യസ്ഥാനത്തേക്കു ചീറിപ്പാഞ്ഞു.

*(തുടരും)*

1-ാം പേജ് തുടർച്ച

# ധാർമികത തകർന്നടിയുമ്പോൾ



അമ്പതു രൂപ കൈക്കൂലി വാങ്ങുന്ന ശിപായിമുതൽ അഞ്ചു ലക്ഷത്തിന് വില പേശുന്ന അഖിലേന്ത്യൻവരെ സമൂഹത്തിലെ പുഴുക്കുത്തുകളായി നമ്മുടെ ഇടയിലുണ്ട്. തട്ടിക്കൊണ്ടുപോയി തടങ്കലിൽ വച്ചിട്ട് മോചന ദ്രവ്യം ചോദിക്കുന്ന കള്ളക്കൂട്ടങ്ങളും പണം വാങ്ങി കരാറെടുത്ത് കഴുത്തു വെട്ടുന്ന ക്വട്ടേഷൻകാരും നോട്ടമിടുന്നത് ധനത്തിൽത്തന്നെ. മുക്കുപണ്ടം പണയം വയ്ക്കുന്ന തട്ടിപ്പുകാരിക്കും ബൈക്കിൽ കറങ്ങിനടന്ന് മാല പൊട്ടിക്കുന്ന കപടമാന്യനും വേണ്ടത് പണംതന്നെ.

ഒരേ പാത്രത്തിൽനിന്ന് വാരിയുണ്ട് ഒരേ പായിൽ കിടന്നുറങ്ങി വളർന്ന കൂടപ്പിറപ്പിനെ ഒരിഞ്ചു ഭൂമിക്കുവേണ്ടി കുത്തിക്കൊല്ലുന്ന ചേട്ടനും അനുജനുമൊക്കെ പരിചിതരാണ് നമുക്ക്. ആദിവാസികൾക്കും അകറ്റിനിർത്തപ്പെട്ടവർക്കും അനുവദിച്ച ആനുകൂല്യങ്ങൾ വ്യാജരേഖകളുണ്ടാക്കി സ്വന്തം പോക്കറ്റിലേക്കു തള്ളിയിറക്കുന്ന നാടുനന്നാക്കികൾ ഒരുപാടുണ്ടിവിടെ. വിദ്യാലയങ്ങളുടെയും കലാലയങ്ങളുടെയും പരിസരങ്ങളോടൊപ്പം വളർന്നുവരുന്ന തലമുറയുടെ സന്മാർഗ ബോധമണ്ഡലങ്ങളെ വിഷലിപ്തമാക്കുവാൻ പാത്തും പതുങ്ങിയും നടക്കുന്ന മയക്കുമരുന്നു വിതരണക്കാർ നാടുനീളെ ധാരാളമുണ്ടിന്ന്. ഉന്നതവിദ്യാഭ്യാസ മേഖലയിൽ ഒരു നല്ല കോഴ്സിന് പ്രവേശനം കിട്ടാൻ മാനേജ്മെന്റ് തലയെണ്ണി ചോദിക്കുന്ന തലവരിത്തുക എട്ടക്കത്തിൽ എത്തിനിൽക്കുന്ന ഭയാനകമായ അവസ്ഥയിൽ തകിടംമറിയുന്നത് ആ മേഖലയിൽ എന്നും ഉണ്ടായിരിക്കേണ്ട ധാർമികതയാണ്.

ധനാർത്തിപോലെതന്നെ, ഒരുപക്ഷേ, അതിനെക്കാൾ ഭീകരമായി, ധാർമികതയെ ചവിട്ടിയരയ്ക്കുന്ന മറ്റൊരു ദുരവസ്ഥയാണ് കാമാർത്തി. ലോകത്തിൽ കാണപ്പെടുന്ന ഭൂരിഭാഗം തിന്മകളുടെയും പ്രഭവസ്ഥാനമാണിത്. മാനവകുലത്തിന്റെ നിലനില്പിനായി സൃഷ്ടികർത്താവ് മനുഷ്യനിൽ നിക്ഷേപിച്ച പരിപാവനമായ വിശേഷവികാരത്തെ ഭ്രാന്തമായ ആസക്തികളുടെ പൂർത്തീകരണത്തിനുള്ള ഉപാധിയായി മനുഷ്യൻ കാണുന്നിടത്ത് ലൈംഗിക അരാജകത്വവും തന്മൂലം ഭയാനകമായ അധാർമികതയും രൂപപ്പെടുന്നു. ഭാര്യാഭർത്താക്കന്മാരുടെ സ്വാർത്ഥതയോ അറിവില്ലായ്മയോമൂലം ഭ്രൂണഹത്യയ്ക്കു വിധേയരാകുന്ന ലക്ഷക്കണക്കിന് അമ്മമാരെക്കാൾ ദശലക്ഷം മടങ്ങ് കൂടുതൽ അവിവാഹിതരായ യുവതികളും കൗമാരക്കാരും ഈ അരുംകൊലയ്ക്കു സമ്മതം മൂളേണ്ടിവരുന്നത് കാലഘട്ടത്തിനേറ്റ ഏറ്റവും വലിയ ശാപമെന്നേ പറയേണ്ടൂ. പരസ്പരം വഴക്കിട്ട് വേർപിരിഞ്ഞു കഴിയുന്ന ദമ്പതികളുടെ എണ്ണവും കുടുംബക്കോടതികളിൽ കെട്ടിക്കിടക്കുന്ന ദശലക്ഷക്കണക്കിന് വിവാഹമോചനക്കേസുകളുടെ എണ്ണവും ഇത്ര ഭീകരമായി ഉയർന്നിരിക്കാൻ കാരണം മുഖ്യമായും ലൈംഗികമായ പൊരുത്തക്കേടുകളും അവയിൽനിന്ന് ഉദ്ഭൂതമാകുന്ന അസ്വസ്ഥതകളുമാണ്.

വിവാഹവും കുടുംബജീവിതവുമൊക്കെ വിജയിക്കാൻ പക്വതയും ക്ഷമാശീലവും വിട്ടുവീഴ്ചാമനോഭാവവും കൂടിയേ തീരൂ. ഭാര്യാഭർത്തൃബന്ധത്തിൽ കാത്തുസൂക്ഷിക്കേണ്ട വിശ്വസ്തതയുടെ ലംഘനംമൂലം ധാർമികമായ അധഃപതനത്തിന്റെ പടുകുഴിയിൽ വീണുഴലുന്ന ജീവിതങ്ങൾ നിരവധിയുണ്ടിന്ന്. ആസക്തികളുടെ തിരത്തള്ളലിൽ ദുരുപയോഗം ചെയ്യപ്പെടുന്ന ബാല്യകൗമാരങ്ങൾ ഒന്നുകിൽ കൊല്ലപ്പെടുന്നു; അല്ലെങ്കിൽ പ്രസരിപ്പും പ്രസന്നതയും നഷ്ടപ്പെട്ട് വിഷാദരോഗികളായി മാറുന്നു. വരുംവരായ്കകളെപ്പറ്റി ചിന്തിക്കാതെ കള്ളപ്പുകഴ്ത്തലുകളിൽ മയങ്ങി, കപടവാഗ്ദാനങ്ങളിൽ കുടുങ്ങി എടുത്തുചാടുന്ന എത്രയോ കൗമാരങ്ങൾ ആത്മഹത്യയിൽ അഭയം തേടുന്നു.

പല രാജ്യങ്ങളും നിയമവിധേയമാക്കിയിട്ടുള്ളതും ചിലയിടങ്ങളിൽ കോടതിയുടെ പരിഗണനയിൽ ഇരിക്കുന്നതുമായ മറ്റൊരു കാമഭ്രാന്താണ് സ്വവർഗവിവാഹം. ആ വാക്കുതന്നെ യുക്തിക്കു നിരക്കാത്തതും അർത്ഥരഹിതവുമാണ്. പുരുഷനെയും സ്ത്രീയെയും തമ്മിൽ ദൈവം യോജിപ്പിക്കുന്ന പാവനമായ ബന്ധമാണ് വിവാഹം. രണ്ടോ അതിലധികമോ കാമകേളിക്കാർ ഒന്നിച്ചു കഴിയുന്നതിനെ വിവാഹമെന്നു വിശേഷിപ്പിക്കുന്ന വിവരദോഷികൾക്കു പ്രകൃതിപോലും കൊടുക്കില്ല മാപ്പ്! ലൈംഗികധാർമികതയെ പാതാളത്തിന്റെ അടിത്തട്ടോളം ചവിട്ടിത്താഴ്ത്തുന്ന ഈ സാത്താനിസം ഇന്നിന്റെ തിന്മകളിൽ ഒന്നാം സ്ഥാനത്തു നിൽക്കുന്നു.

ധാർമികതയെ തകിടം മറിക്കുന്ന മറ്റൊരു ഘടകം തീനാർത്തിയാണ്. പാനാർത്തിയും ഇതിലുൾപ്പെടുന്നു. വയറും ചോറും കള്ളും ലഹരിയുമാണ് ഈ ആർത്തിക്കാരുടെ സർവവും. മാമ്മോദീസയ്ക്കുമുതൽ മരിച്ചടക്കിനുവരെ ബാറുകളായി മാറുന്ന ഭവനങ്ങൾ നമുക്കിടയിലുണ്ട്. തലയെടുപ്പും താൻപോരിമയും നാലുപേരെ അറിയിക്കാൻ അനാവശ്യമായ ജാടയും ധൂർത്തും ആർഭാടങ്ങളും ആഡംബരങ്ങളും നിരത്തി ആഘോഷിക്കുന്ന മനസ്സമ്മതവും കെട്ടുകല്യാണവും സർവസാധാരണമായി. മൂന്നു തലമുറ സ്ത്രീകളോടും കൊച്ചുമക്കളോടുമൊപ്പമിരുന്ന് ലഹരി കഴിച്ചാഹ്ലാദിക്കുന്ന കുടുംബങ്ങളും ഏറെയുണ്ടിന്ന്. മദ്യത്തിന്റെയും മയക്കുമരുന്നിന്റെയും ദൂഷിതവലയത്തിലേക്കു വളരുന്ന തലമുറ വീണുപോകുന്നെങ്കിൽ ആ അധാർമികതയ്ക്ക് നമ്മളല്ലാതെ മറ്റാരും ഉത്തരവാദികളാകുന്നില്ല.

പിന്നാലെ വരുന്നു താനാർത്തി എന്ന അഹംഭാവം. എന്നിൽ അല്ലെങ്കിൽ ഞങ്ങളിൽ കവിഞ്ഞ് ആരുമുണ്ടാകരുത് എന്ന ദുർവാശിയാണ് ഇതിന്റെ പിന്നിൽ. ഫോട്ടോയിൽ ഇടംപിടിക്കാൻ ഇടിച്ചുകയറുന്ന അല്പന്മാർ മുതൽ ജാഥ നടത്തുന്നതും റാലി നയിക്കുന്നതും മറ്റാരുമാകരുതെന്നു ചിന്തിക്കുന്ന അനല്പന്മാർ വരെ ഇക്കൂട്ടത്തിലുണ്ട്. അങ്ങേ വീട്ടിലെ കാറ് എട്ടുലക്ഷത്തിന്റേതാണെങ്കിൽ ഈ വീട്ടിലേത് പത്തു ലക്ഷത്തിന്റേതായിരിക്കണം, ആ വീടിന് ഒന്നരക്കോടി മുടക്കുമെങ്കിൽ ഈ വീടിന് രണ്ടരക്കോടി മുടങ്ങിയിരിക്കണം. ഇങ്ങനെയാണ് നമ്മുടെ ചിന്ത പോകുന്നത്.

ജനിക്കാനോ ജീവിക്കാനോ മരിക്കാനോ ഇടമില്ലാതെ മരണക്കിടക്കയായി വച്ചുനീട്ടപ്പെട്ട മരക്കുരിശു ചുമലിലേന്തി കാൽവരിയുടെ കാട്ടുകൽപ്പടവുകളിൽ ചോരയൊലിക്കുന്ന കാൽപ്പാദങ്ങൾ വലിച്ചുവച്ച് വേച്ചുവേച്ച് ചവിട്ടിക്കയറിയ മനുഷ്യപുത്രന്റെ അനുയായികൾ അനുവർത്തിക്കുന്ന അനുകരണത്തിന്റെ നേർക്കാഴ്ചകളാണിവയൊക്കെ! ലജ്ജിച്ചു തലതാഴ്ത്തണം നമ്മൾ. നെഞ്ചിലിടിച്ചു ‘മേയാ കുൾപ്പാ’ എന്ന് ഏറ്റുപറയണം.

മണിമന്ദിരങ്ങളിൽനിന്ന് പടുതാക്കുടിലിലേക്ക് ഇറങ്ങിച്ചെല്ലാനുണ്ടായ ആഹ്വാനം നമ്മൾ കേട്ടില്ല. സുനാമി മുതൽ കൊവിഡ് വരെ നമ്മെ വേട്ടയാടുന്നു. ലോകനിയന്താവ് സർവതും അടച്ചുപൂട്ടിച്ചു. മാസങ്ങൾ എട്ടു കഴിഞ്ഞിരിക്കുന്നു. തൊഴിൽ നഷ്ടമായി, വരുമാനം നിലച്ചു. പട്ടിണി പതിന്മടങ്ങായി. സർവത്ര മാന്ദ്യം, മരവിപ്പും അനിശ്ചിതത്വവും. ലോകരാജ്യങ്ങൾ ഒന്നടങ്കം വിറങ്ങലിച്ചു നിൽക്കുന്നു. ഇതു കുറിക്കുന്ന നാൾവരെ രോഗം ബാധിച്ചവർ ആറുകോടികഴിഞ്ഞു, മരണസംഖ്യ പതിനാറര ലക്ഷം. ദൈവത്തെപ്പോലും വിറ്റുകാശാക്കാനുള്ള മനുഷ്യന്റെ ത്വര ഇപ്പോൾ ഇവിടെയെത്തി നിൽക്കുന്നു. ഇതിനേക്കാൾ മോശമായതൊന്നും സംഭവിക്കാതിരിക്കാൻ അധാർമികതയുടെ അന്ധകാരത്തിൽനിന്ന് ധാർമികതയുടെ വെള്ളിവെളിച്ചത്തിലേക്കു കടന്നുകയറാനുള്ള സദ്ബുദ്ധി ഇനിയെങ്കിലും മാനവരാശിക്കുണ്ടാകട്ടേയെന്നാശിക്കാം.


■

---

കവിത

ഫാ. തോമസ് പാട്ടത്തിൽചിറ

## ശിപ്രം




ശിപ്രമെന്നാലിന്നു സർവ്വരുമേതോരു-
ശിക്ഷപോലണിയും മുഖാവരണം.
ശിശു,യുവ,വൃദ്ധജനങ്ങളുമവരിലെ-
ശിഷ്ട,ദുഷ്ടർക്കുമുള്ളോരു മറ.
ശസ്ത്രക്രിയ ചെയ്യുവോർക്കുമാത്രം മുമ്പ്-
ശീലമുണ്ടായോരു മാസ്കതിത്ര-
ശീഘ്രമേവർക്കുമനുദിനജീവിത-
ശൈലിയായ് മാറുമെന്നാരറിഞ്ഞു!
ശനിപോലെ ചീനയിൽനിന്നു പടർന്നൊരു
ശവദാഹിയാം മഹാമാരിതന്നെ,
ശതകോടിമാനവവദനങ്ങളിൽ കൊടും-
ശകുനപ്പിഴയാമീ മൂടിയേറ്റി.
ശരവേഗമെമ്പാടും വ്യാപിച്ചിടും നര-
ശിക്കാരിയാം കൊറോണ വ്യാധിയെ,
ശകലമുള്ളാരീ തുണിത്തുണ്ടിനാലവർ
ശ്രമിച്ചിടുന്നൂ ചെറുത്തീടുവാനായ്.
ശീമോനും,ശങ്കരനും,ശിഹാബ്,തങ്ങളും
ശ്വേതരുംശ്യാമരുംസമ്പന്നരും
ശൂന്യഹസ്തരും ധരിക്കുമീ മാസ്മിനു-
ശൂദ്ര,ബ്രാഹ്മണവ്യത്യാസമില്ല!
ശോഭിതമായ് നിന്ന ഭൗമാനനത്തിനു
ശോകഭാവം ചാർത്തിടുന്നിതെങ്ങും.
ശ്ലീലദീപത്തിൻ പ്രഭാങ്കുരമാകെയ-
ശ്ലീലമി മാസ്ക് പൊത്തിക്കെടുത്തി!
ശാസ്ത്രത്തെ വാഴ്ത്തുമീ കാലത്തിനേറ്റൊരു-
ശാപമോയീ മുഖംമൂടിയയ്യോ!
ശങ്കകൂടാതിതുമാറ്റിടാമെന്നൊരു-
ശുഭവാർത്തയെത്തുമോയെന്നെങ്കിലും?
ശരിയാണു ചൊന്നതാമിവയൊക്കെയെങ്കിലും,
ശമനമി ദുസ്ഥിതിക്കെത്തീടിലും,
ശപഥമെടുക്കണമേവരും മാസ്ക്കൊന്നു-
ശവമായിടുംവരെയണിയുവാനായ്.
ശ്രവണങ്ങളിൽ കോർത്തിടുന്നോരു മാസ്കല്ല,
ശീലയിൽ തീർത്തതുമല്ലതോർക്കാം.
ശിഷ്ടകാലം ചിന്ത, വാക്ക്, കർമ്മങ്ങൾക്കു
ശിക്ഷണത്തിൻ ശിപ്രമുണ്ടാകണം.




ജിൻസ് കാവാലി

# വിഷാദച്ചില്ലയിൽ പ്രതീക്ഷ പൂക്കുമ്പോൾ

**ജീ**വിതമങ്ങനെയാണ്. കൊടിയ നിരാശകൾക്കുള്ളിലും പ്രതീക്ഷയുടെ നേർത്തൊരു വെളിച്ചം അതു ബാക്കിവയ്ക്കും. എന്നാൽ, വിഷാദത്തിന്റെ ഇരുൾക്കയങ്ങളിലാണ്ടുപോയാൽ ആ വെളിച്ചം മനുഷ്യന്റെ കൺമുമ്പിൽ തെളിയാതെപോകുന്നു. അതുകൊണ്ടാണ് ഒരു കയർത്തുമ്പിലോ ഒരു തുടം വിഷത്തിലോ മരണവേഗമുള്ളാരു റെയിൽവേപ്പാളത്തിലോ ഓരോ നാല്പതു സെക്കൻഡിലും ഓരോ മനുഷ്യൻ




അഭയം തേടുന്നത്. ജീവിതമെന്ന കൊടുംവേനലിനുത്തരമായി അവർ മരണമെന്ന മഹാകുട നിവർക്കുന്നു. ഇങ്ങനെ മരണക്കുടക്കീഴിൽ അഭയം തേടാൻ തീരുമാനിക്കുന്നൊരു യുവാവ്, ജീവിതത്തിന്റെ സ്വപ്നവീഥികളിലേക്കു തിരികെനടക്കുന്നതിന്റെ കഥയാണ് അനീഷ് ഫ്രാൻസിസ് 'വിഷാദവലയങ്ങൾ' എന്ന ആദ്യനോവലിലൂടെ പറയുന്നത്.

"ജോയലിന്റെ ദിവസങ്ങൾ മരണത്തെക്കുറിച്ച് ആലോചിച്ചുകൊണ്ടു തുടങ്ങുകയും അതിനെക്കുറിച്ച് ആലോചിച്ചുകൊണ്ട് അവസാനിക്കുകയും ചെയ്തു പോരുകയായിരുന്നു." മരണത്തിന്റെ തണുപ്പരിച്ചിറങ്ങുന്ന ഈ വരിയിൽനിന്നാണ് നോവലിന്റെ തുടക്കം. ജോയൽ മൃത്യുദേവതയെ ഇങ്ങനെ പ്രണയിക്കുന്നതിൽ അദ്ഭുതമൊന്നുമില്ല. കാരണം, ജീവിതത്തിന്റെ സ്വപ്നവർണ്ണങ്ങളൊക്കെയും അയാൾക്കു നഷ്ടപ്പെട്ടിരിക്കുന്നു. അയാളുടെ പിതാവ് മരിച്ചിട്ടു വർഷങ്ങൾ കഴിഞ്ഞു. അമ്മ മറ്റൊരു ദേശത്തേക്ക് ഒളിച്ചോടിപ്പോയി. പിന്നീട് ജീവിതത്തിലാകെ ഉണ്ടായിരുന്ന പ്രതീക്ഷ പ്രണയിനിയായിരുന്നു. എന്നാൽ, ഒരപകടത്തിൽ ജോയൽ വീൽചെയറിലായതോടെ തന്റെ പ്രാണന്റെ പാതിയായി എക്കാലവും കൂടെയുണ്ടാകുമെന്നു കരുതിയിരുന്ന കാമുകിയെയും അയാൾക്കു നഷ്ടമാകുന്നു. കോടിക്കണക്കിനു രൂപ ആസ്തിയുണ്ട് ജോയലിന്. എന്നാൽ, കോർത്തുപിടിക്കാനൊരു കരമില്ലെങ്കിൽ, ചേർത്തുപിടിക്കാൻ ഒരു സ്നേഹമില്ലെങ്കിൽ ഈ കോടികൾ കൊണ്ടെന്തു കാര്യം! അതുകൊണ്ടാണയാൾ മരണത്തിനായി കൊതിക്കുന്നത്; ജീവിതം അയാൾക്കൊരു ബാധ്യതയായി മാറുന്നത്.

മരണത്തിന്റെ കറുത്ത കൊടി അയാൾ തന്റെ ജീവിതത്തിനു നടുക്ക് നാട്ടിക്കഴിഞ്ഞിരിക്കുന്നു.

"എനിക്കിപ്പോൾ ഏറെ ഇഷ്ടം കറുപ്പുനിറമാണ്. കറുത്ത ഭിത്തി. കറുത്ത പൂക്കൾ, കറുത്ത വെള്ളം, കറുത്ത വീട്, കറുത്ത മരങ്ങൾ, കറുത്ത ആകാശം - കറുപ്പിൽ ഒരു സുരക്ഷിതത്വമുണ്ട്. അതൊരു പുതപ്പുപോലെയാണ്. അതു നിങ്ങളെ മറയ്ക്കുന്നു." പ്രതീക്ഷകളസ്തമിച്ചവന്റെ, ഇനിയൊരു നാളും വെളിച്ചത്തെ പ്രതീക്ഷിക്കാത്തവന്റെ ഇരുൾമൂടിയ, മനോനിലയായിരിക്കുന്നു ജോയലിന്. തന്റെ മുറിക്കു പുറത്തിറങ്ങാൻ അയാൾ ആഗ്രഹിക്കുന്നില്ല. ആളുകളെക്കാണാൻ അയാൾ ഇഷ്ടപ്പെടുന്നില്ല. മരണവിചാരങ്ങളിൽ, മൃതിയുടെ കിനാക്കളിൽ അയാളുടെ ദിനരാത്രങ്ങൾ കടന്നുപോകുന്നു.

മരണവിചാരങ്ങളിൽ ഇങ്ങനെ കാലം കഴിക്കവേയാണ്, തന്റെ ഫേസ്ബുക്ക് സുഹൃത്തുക്കളിൽ നാലു പേർ മരിച്ചവരാണെന്ന കാര്യം ജോയൽ ശ്രദ്ധിക്കുന്നത്. അവരുടെ പ്രൊഫൈലുകളിലെ ആദരാഞ്ജലി പോസ്റ്റുകളാണ് ജോയലിന്റെ ഈ നിഗമനത്തിനാധാരം.

മരിച്ചുവെന്നു കരുതപ്പെടുന്ന ആ മനുഷ്യരെക്കുറിച്ചന്വേഷിക്കാൻ ജോയൽ തയ്യാറാകുന്നതോടെ നോവലിന്റെ കഥാഗതി മാറിമറിയുന്നു. ആ അന്വേഷണമാണ് മരണത്തിന്റെ ഇരുൾവഴികളിൽനിന്നു ജീവിതത്തിന്റെ പ്രകാശവഴികളിലേക്ക് അയാളെ തിരികെയെത്തിക്കുന്നത്. കഥയുടെ ഈ ഗതിമാറ്റം അതിതത്ത്വശാസ്ത്രങ്ങളാൽ അലങ്കോലമാക്കാതെയും, ഉദ്വേഗമല്പവും ചോർന്നുപോകാതെയും ഹൃദ്യമായി ആവിഷ്കരിക്കാൻ നോവലിസ്റ്റിനു കഴിഞ്ഞിട്ടുണ്ട്.

ചില ചോദ്യങ്ങൾ നമ്മെ കൊണ്ടുപോവുക നാമൊട്ടും പ്രതീക്ഷിക്കാത്ത ഉത്തരങ്ങളിലേക്കാവും. ചിലപ്പോഴാകട്ടെ ഉത്തരങ്ങൾ, നമ്മളെ പുതിയ ചോദ്യങ്ങളിലേക്കു ക്ഷണിച്ചെന്നും വരാം. നോവലിലെ നായകനായ ജോയൽ ആത്മഹത്യയെന്ന ഉത്തരം ഉപേക്ഷിച്ച്, ജീവിതമെന്ന ചോദ്യക്കടലാസിൽ പ്രതീക്ഷയുടെ പുത്തനുത്തരങ്ങൾ എഴുതിത്തുടങ്ങുന്നു. ജീവിതത്തിന്റെ പുത്തൻതളിർപ്പുകൾ വിടർന്ന ആ പുതിയ പ്രഭാതത്തിൽ അയാൾക്കുവേണ്ടി ഒരു പുതിയ ഇല കാവൽ മാലാഖയുടെ കൈയിലെ ചില്ലയിൽ തളിരിടുന്നുണ്ട്. സ്വപ്നങ്ങൾ തിരികെയെത്തുന്ന നവജീവിതത്തിന്റെ പ്രതീകമായി ഒരു പുത്തൻ ഇല.

'ഭയക്കേണ്ട, നിരവധി തവണ നിങ്ങൾ മരിക്കും. ഒടുവിലീ ജീവിതത്തെ സ്നേഹിക്കാൻ പഠിക്കുംവരെ ' എന്ന് അന്ന കാമിയെൻസ്കയുടെ കവിത.

---

ജോൺ ജെ. പുതുച്ചിറ

# ബുജി

**ലോ**കത്തോടു മുഴുവനുമുള്ള പരമപുച്ഛം മുഖത്തു പ്രതിഫലിപ്പിച്ചുകൊണ്ടാണ് അയാൾ ആ പ്രൗഢസദസ്സിലേക്കു കടന്നുവന്നത്.

കാവിമുണ്ടും നീണ്ട ജുബ്ബയും ബുൾഗാൻ താടിയും ഒരു തോൾസഞ്ചിയുമായി അയാൾ കടന്നുവന്നപ്പോൾ ആരുമൊന്നു നോക്കിപ്പോകുമായിരുന്നു.

സദസ്സിൽ പ്രൗഢമായ ചില പ്രഭാഷണങ്ങൾ നടന്നപ്പോൾ, "എന്തൊരു വിഡ്ഢിത്തം, എന്നെ ഇതൊന്നും കേൾക്കാൻ കിട്ടില്ല" എന്ന ഭാവത്തിൽ അയാൾ ഹാളിനുപുറത്തു പോയിനിന്ന് ദിനേശ് ബീഡി പുകച്ചു.

വീണ്ടും ഇടയ്ക്കിടെ സദസ്സിലേക്കു കടന്നുവരും. പ്രഭാഷണങ്ങൾ കേട്ട് 'എന്തൊരു പമ്പരവിഡ്ഢിത്തം' എന്ന ഭാവത്തിൽ ഇടയ്ക്കിടെ പൊട്ടിച്ചിരിക്കും.

അതൊരു ശല്യമായിത്തീർന്നപ്പോൾ അടുത്ത സീറ്റിലിരുന്ന ചെറുപ്പക്കാരൻ അമർഷത്തോടെ പിറുപിറുത്തു: 'ശ്യോ, എന്തൊരു ശല്യമാണിത്.'


മറുപടിയും പെട്ടെന്നുതന്നെ വന്നു:

"ഞാനൊരു ബുദ്ധിജീവിയാണിഷ്ടാ."

---




# സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ പരീക്ഷയ്ക്കൊരുങ്ങാൻ



നേവി ജോർജ്

**കേ**ന്ദ്രസർക്കാരിന്റെ വിവിധ വകുപ്പുകളിൽ ജോലി ലഭിക്കണമെന്നാഗ്രഹിക്കുന്നവർക്ക് നിയമനം നടത്തുന്ന ഗവൺമെന്റ് ഏജൻസിയാണ് സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ (S.S.C.). ഓരോ തസ്തികയ്ക്കും പ്രത്യേകം പരീക്ഷ എന്ന രീതിക്കു പകരം സമാനസ്വഭാവമുള്ള ജോലികൾക്ക് പൊതുപരീക്ഷ നടത്തുകയാണ് എസ്.എസ്.സി. യുടെ രീതി.

എസ്.എസ്.എൽ.സി. അടിസ്ഥാന യോഗ്യതയുള്ള തസ്തികകളിലേക്ക് മൾട്ടി ടാസ്കിങ് പരീക്ഷയും പ്ലസ് ടു യോഗ്യതവേണ്ട തസ്തികകൾക്ക് കമ്പൈൻഡ് ഹയർ സെക്കന്ററി ലെവൽ പരീക്ഷയും ബിരുദം യോഗ്യത വേണ്ട തസ്തികകളിലേക്ക് കമ്പൈൻഡ് ഗ്രാജ്വേറ്റ് ലെവൽ പരീക്ഷയുമാണ് നടത്തുന്നത്.

സ്റ്റാഫ് സെലക്ഷന്റെ വെബ്സൈറ്റിൽ (http://ssconline.nic.in) ഒറ്റത്തവണ രജിസ്റ്റർ ചെയ്താൽ മതിയാവും. ഭൂരിഭാഗം പരീക്ഷകളും വർഷത്തിൽ രണ്ടു തവണ നടത്താറുണ്ട്. പരീക്ഷയുടെ വിജ്ഞാപനത്തിന്റെ സമയത്ത് അപേക്ഷ സമർപ്പിക്കുകയാണു ചെയ്യേണ്ടത്.

മൾട്ടി ടാസ്കിങ് പരീക്ഷ നടത്തുന്നത് കേന്ദ്രസർക്കാരിന്റെ കീഴിലുള്ള വിവിധ സ്ഥാപനങ്ങളിലേക്കും ഓഫീസുകളിലേക്കും നോൺ - ടെക്നിക്കൽ തസ്തികയിലെ ഗ്രൂപ്പ് സി വിഭാഗത്തിൽ വരുന്ന ഒഴിവിലേക്കാണ്.

എസ്.എസ്.എൽ.സി.യോ തത്തുല്യപരീക്ഷയോ ആണ് യോഗ്യത വേണ്ടത്. പതിനെട്ടുമുതൽ ഇരുപത്തഞ്ചു വയസ്സുവരെയാണ് പ്രായപരിധി. ഒ.ബി.സി. വിഭാഗക്കാർക്ക് മൂന്നും എസ്.സി, എസ്.ടി. വിഭാഗക്കാർക്ക് അഞ്ചും അംഗപരിമിതർക്ക് പത്തും വർഷം ഉയർന്ന പ്രായപരിധിയിൽ ഇളവു ലഭിക്കും.

ശമ്പളസ്കെയിൽ 5200 മുതൽ 20200 വരെ ലഭിക്കും. കൂടാതെ, മറ്റു ചില ആനുകൂല്യങ്ങളും. പരീക്ഷയ്ക്കു നൽകേണ്ട ഫീസ് 100 രൂപ മാത്രം. വനിതകൾ, എസ്.സി, എസ്.ടി, അംഗപരിമിതർ, വിമുക്തഭടന്മാർ എന്നിവർ ഫീസ് നൽകേണ്ടതില്ല.

ആകെ രണ്ടു പേപ്പറുകളാണ് പരീക്ഷയ്ക്കുള്ളത്. ഇതിലെ പേപ്പർ ഒന്ന് ഒബ്ജക്ടീവ് ടൈപ്പും പേപ്പർ രണ്ട് ഡിസ്ക്രിപ്ടീവ് ടൈപ്പുമാണ്. പേപ്പർ ഒന്നിലെ സിലബസ് 1. ജനറൽ ഇന്റലിജൻസ് റീസണിംഗ് 2. ന്യൂമറിക്കൽ ആപ്റ്റിറ്റ്യൂഡ്, 3. ജനറൽ ഇംഗ്ലീഷ്, 4. ജനറൽ അവേർനസ് എന്നിവ ഉൾപ്പെടുന്നതാണ്. ആകെ 100 ചോദ്യങ്ങൾ. 100 മാർക്കാണ് ആകെ ലഭിക്കുക. പരീക്ഷയ്ക്കുള്ള സമയം 90 മിനിറ്റ്. ഓരോ വിഭാഗത്തിൽനിന്നും 25 ചോദ്യങ്ങൾ വീതമാണ് നൽകുക.

ജനറൽ ഇന്റലിജൻസ് & റീസണിംഗ് എന്ന വിഭാഗത്തെ 12 ആയും ന്യൂമറിക് ആപ്റ്റിറ്റ്യൂഡിനെ 12 ആയും ഇംഗ്ലീഷ് ഭാഷയെ 9 ആയും തരംതിരിച്ചിക്കുന്നു. ജനറൽ അവേർനസിൽ ചുറ്റുമുള്ള എല്ലാ ക്കാര്യങ്ങളെയും ഉൾപ്പെടുത്തിയിരിക്കുന്നു. പരിസ്ഥിതി, സമൂഹം, ഇന്ത്യയെക്കുറിച്ചുള്ള പൊതുവിവരങ്ങൾ, സ്പോർട്സ്, ചരിത്രം, സംസ്കാരം, ഭൂമിശാസ്ത്രം, സാമ്പത്തികമേഖല, പൊതുരാഷ്ട്രീയബോധം എന്നിവയെല്ലാം ഉൾപ്പെടുന്നതാണ്.


വിവരണാത്മകരീതിയിലുള്ള രണ്ടാമത്തെ പേപ്പറിൽ ഷോർട്ട് എസേയാണ് എഴുതേണ്ടത്. ആകെ ലഭിക്കുന്നത് 50 മാർക്കാണ്. സമയം 30 മിനിറ്റ്. ഇംഗ്ലീഷിലോ ഭരണഘടനയുടെ 8-ാം ഷെഡ്യൂളിൽപ്പെട്ട ഭാഷകളിലോ എഴുതാം. ഓരോ വർഷവും എല്ലാ വിഭാഗങ്ങളിലുമായി എണ്ണായിരത്തിലേറെപ്പേരെയാണ് തിരഞ്ഞെടുക്കുന്നത്.

---




**യൂ**റോപ്യൻനദികളിൽ രണ്ടാംസ്ഥാനമുള്ള ഡാന്യൂബ്നദി പടിഞ്ഞാറൻ ജർമനിയിലെ ബ്ലാക് ഫോറസ്റ്റ് കുന്നുകളിൽ നിന്നുദ്ഭവിക്കുന്ന ബ്രെഗ് എന്ന നദിയിൽനിന്നാണ് പിറവിയെടുക്കുന്നത്. മധ്യയൂറോപ്പിലും കിഴക്കൻ യൂറോപ്പിലുമായി ഡാന്യൂബ് ഒഴുകുന്നു. ജർമ്മനി, ഓസ്ട്രിയ, സ്ലോവാക്യ, ഹംഗറി, ക്രൊയേഷ്യ, സെർബിയ, ബൾഗേറിയ, റുമേനിയ, മൊൾഡോവ, യുക്രെയ്ൻ എന്നീ രാജ്യങ്ങളിലൂടെ ഒഴുകുന്ന ഈ നദിയുടെ നീളം 2850 കിലോമീറ്ററാണ്. ഇത് കരിങ്കടലിൽ പതിക്കുന്നു.

യൂറോപ്പിന്റെ രാഷ്ട്രീയ വിപ്ലവചരിത്രങ്ങളൊക്കെ കണ്ടൊഴുകിയതാണീ ചരിത്രനദി. മാറിമാറിവന്ന സാമ്രാജ്യങ്ങൾ കോട്ടകളും കൊട്ടാരങ്ങളും പടുത്തുയർത്തിയത് ഈ നദിയുടെ തീരങ്ങളിൽത്തന്നെ. വലുതും ചെറുതുമായ ഒട്ടനവധി പോഷകനദികളുള്ള ഡാന്യൂബ്നദി ജലഗതാഗതത്തിനും പേരുകേട്ടതാണ്. പ്രത്യേകിച്ച്, മധ്യയൂറോപ്പിലെ രാജ്യങ്ങൾ തമ്മിലുള്ള ഗതാഗതത്തിന്.




**ഡിസംബർ 20**
**മംഗളവാർത്തക്കാലം**
**നാലാം ഞായർ**



ഉത്പ 24 : 50 – 67
1 സാമു 1 : 1 – 18
എഫേ 5 : 5 – 21
മത്താ 1 : 18 – 24

ഫാ. ആന്റണി ഞള്ളംപുഴ CMI

# നടക്കാം നക്ഷത്രശോഭയിൽ

“**ജോ**സഫ് നിദ്രയിൽനിന്നുണർന്ന് കർത്താവിന്റെ ദൂതൻ കല്പിച്ചതുപോലെ പ്രവർത്തിച്ചു; അവൻ തന്റെ ഭാര്യയെ സ്വീകരിച്ചു” (മത്താ. 1:24).

ഒട്ടേറെപ്പേരുടെ ഉറക്കംകെടുത്തിയ ഒരു പിറവിയുടെ ഓർമ്മയിലേക്ക് നാം വീണ്ടും ഉറക്കംവിട്ടുണരുന്നു. രക്ഷകനായ ക്രിസ്തുവിന്റെ പിറവി പലരുടെയും ഉറക്കംകെടുത്തി. സുഖനിദ്രയ്ക്കു ഭംഗമുണ്ടാക്കി. ഈ രക്ഷകന്റെ അമ്മയാകാൻ കൃപ ലഭിച്ച മറിയത്തെ നീതിമാനായ ജോസഫ് ഭാര്യയാക്കിയതും ഒരു നിദ്രയിൽനിന്നുണർന്നാണ്; ഒരു സ്വപ്നനിദ്രയിൽനിന്നും. ആ പിറവി ആ പാതിരാത്രിയിൽ അവിടുത്തെ പല സത്രാധിപന്മാരുടെയും ഉറക്കംകെടുത്തി. അതിനു കാരണം പാതിരാത്രിയിൽ സത്രങ്ങളായ സത്രങ്ങളിലെല്ലാമുള്ള ജോസഫിന്റെ മുട്ടാണ്. വിജ്ഞാനികൾക്കും ഉറക്കംകെട്ടു. അവരും ഉറക്കമുണർന്നു. ഹേറോദേസിന് അന്നുമുതൽ ഉറക്കം ഓർമ്മയായി. കർത്താവിന്റെ ദൂതന്മാർ ഉറങ്ങാതെ ആദ്യകരോൾഗാനവും പാടി.

**ഉറങ്ങുന്നവരേ ഉണരുക!**

“ഉറങ്ങുന്നവനേ, ഉണരുക... ക്രിസ്തു നിന്റെമേൽ പ്രകാശിക്കും” (എഫേ. 4:14).

ഉണർന്നിരിക്കുന്നവരുടെ മേൽ ക്രിസ്തു പ്രകാശിക്കും. വയലുകളിൽ ആടുകളെ നോക്കി ഉറങ്ങാതിരുന്ന ഇടയന്മാരുടെമേൽ ക്രിസ്തുവിന്റെ പ്രകാശം പതിച്ചു. “കർത്താവിന്റെ ദൂതൻ അവരുടെ അടുത്തെത്തി, കർത്താവിന്റെ മഹത്ത്വം അവരുടെമേൽ പ്രകാശിച്ചു” (ലൂക്കാ 2:9). ഇടയന്മാരുടെ ജീവിതത്തിലെ സൂര്യോദയം. “ഒരിക്കൽ നിങ്ങൾ അന്ധകാരമായിരുന്നു. ഇന്നു നിങ്ങൾ കർത്താവിന്റെ പ്രകാശമായിരിക്കുന്നു. പ്രകാശത്തിന്റെ മക്കളെപ്പോലെ വർത്തിക്കുവിൻ” (എഫേ. 5:8).

കർത്താവു പ്രകാശിക്കണമെങ്കിൽ കർത്താവിനു പ്രസാദകരമായവ എന്തെന്നു വിവേചിച്ചറിയണമെന്നും വചനം പറയുന്നു (എഫേ. 5:10). ഇന്നും രക്ഷകൻ പിറക്കാൻ ഉറക്കം കെടണം. ഉറക്കം വെടിയണം. ഉറങ്ങിയിരുന്നാൽ രക്ഷകൻ പിറക്കില്ല. രാക്ഷസൻ പിറക്കും.

**ഉണരുക, സ്വപ്നത്തിൽനിന്നു യാഥാർത്ഥ്യത്തിലേക്ക്**

ജീവിതപങ്കാളിയാകേണ്ടവളെക്കുറിച്ചുള്ള സ്വപ്നങ്ങളും ആശങ്കകളുമായി ചിന്താമഗ്നനായി മയങ്ങിയ ജോസഫ് ഉണർന്നത് ഒരു യാഥാർത്ഥ്യത്തിലേക്കായിരുന്നു. നമ്മുടെ സ്വപ്നത്തിലുള്ള ജീവിതപങ്കാളിയെയല്ല, ദൈവം തരുന്ന ജീവിതപങ്കാളിയെ അവൾ/അവൻ എങ്ങനെയോ അങ്ങനെ അവരായിരിക്കുന്ന അവസ്ഥയിൽ സ്വീകരിക്കുക. സ്വപ്നങ്ങളിൽനിന്നു യാഥാർത്ഥ്യത്തിലേക്ക് ഉണരുകയെന്നത് ജീവിതത്തിൽ അവശ്യംവേണ്ട ഒന്നാണ്. ജീവിതത്തിലേക്കു പങ്കാളിയായി, കൂട്ടായി കടന്നുവരുന്ന വ്യക്തിയെപ്പറ്റി ഉന്നതമായ കാഴ്ചപ്പാടു വേണമെന്ന് ഉത്പത്തിപ്പുസ്തകത്തിൽനിന്നുള്ള ആദ്യവായനയും ഓർമ്മപ്പെടുത്തുന്നു. അബ്രാഹത്തിന്റെ മകനായ ഇസഹാക്ക് റബേക്കായെ നോക്കിക്കാണുന്ന വിധവും റബേക്കാ ഇസഹാക്കിനെ വീക്ഷിച്ചതും അവൻ അവളെ സ്വന്തമാക്കുന്നതുമായ കഥയാണ് ഒന്നാം വായനയിൽ.

വയലിലൂടെ ചിന്താമഗ്നനായി നടക്കുന്ന ഇസഹാക്കിനെ പഴയനിയമം ചേതോഹരമായാണ് അവതരിപ്പിക്കുക. തന്റെ ജീവിതപങ്കാളിയുമായി അകലെനിന്നു വരുന്ന ഒട്ടകക്കൂട്ടങ്ങളെ ഇസഹാക്ക് ‘തലപൊക്കി നോക്കുന്നതായി’ ചിത്രീകരിച്ചിരിക്കുന്നു. ‘റബേക്കായും ശിരസ്സുയർത്തി നോക്കി.’ കൂടാതെ ഇസഹാക്കിനെ കണ്ടപ്പോൾ അവൾ ‘താഴെയിറങ്ങി’ ആ ‘മനുഷ്യൻ’ ആരാണ് എന്നു തിരക്കുകയും ചെയ്യുന്നു. മനോഹരമായ അവതരണം. ജീവിതപങ്കാളിയെപ്പറ്റി ഉയർന്നു ചിന്തിക്കുക. ഉയർന്ന നിലയിൽ കാണുക. താഴ്ത്തിക്കെട്ടാതെ ഉയർത്തിക്കാട്ടുക. കുടുംബജീവിതത്തിലെ സഹവർത്തിത്വത്തിന്റെ മഹനീയമായ പല മൂല്യവിചാരങ്ങളിലേക്കും ഈ ചേതോഹരചിന്തകൾ കൂട്ടിക്കൊണ്ടുപോകുന്നതുപോലെ തോന്നുന്നു. ഈ വചനഭാഗത്ത് ഇരുവരും ചെയ്തത് ഇപ്രകാരമാണ്. ശിരസ്സുയർത്തി നോക്കിയ റബേക്ക ഒട്ടകപ്പുറത്തുനിന്നു ശിരോവസ്ത്രംകൊണ്ട് മുഖം മറച്ച് താഴെയിറങ്ങുന്ന താഴ്മയുടെ ചിത്രവും ചിന്തനീയമാണ്. കുലീനയായ റബേക്കായുടെ മഹനീയമായ മാതൃക. ഇസഹാക്ക് അവളെ കൂട്ടിക്കൊണ്ടുപോയി. അവൻ അവളെ ഭാര്യയായി സ്വീകരിച്ചു. അവൻ അവളെ സ്നേഹിച്ചു.

സാമുവലിന്റെ പുസ്തകത്തിൽനിന്നുള്ള രണ്ടാം വായനയും ശ്രദ്ധേയമാണ്. വന്ധ്യതയുടെ വേദന പേറുന്ന, ശാപവും ശകാരവും പേറുന്ന ഹന്നയുടെയും ഭർത്താവായ എല്ക്കാനയുടെയും കഥയാണത്. ഭർത്താവു നല്കിയ സാന്ത്വനവും പ്രാർത്ഥനയിലൂടെ ലഭിച്ച സമാശ്വാസവും അവളുടെ മുഖം പ്രസന്നമാക്കി. അവൾ ദൈവാലയത്തിൽചെന്ന് ദൈവസന്നിധിയിൽ ഹൃദയം ചൊരിഞ്ഞു. ‘പിന്നീടൊരിക്കലും അവളുടെ മുഖം മ്ലാനമായിട്ടില്ലെന്ന്’ രേഖപ്പെടുത്തിയിരിക്കുന്നു. പ്രാർത്ഥന തരുന്ന സാന്ത്വനം. പ്രാർത്ഥന തരുന്ന പ്രത്യാശ. എല്ക്കാനയും കുടുംബവും അതിരാവിലെ എഴുന്നേറ്റ് കർത്താവിനെ ആരാധിച്ചിരുന്നതായും വചനഗ്രന്ഥം പറയുന്നു. പ്രാർത്ഥനയുടെ ഫലമായി അവർക്ക് ഒരു പുത്രൻ ജനിച്ചു. കർത്താവിനോട് ഞാൻ ചോദിച്ചുവാങ്ങിയതാണ് എന്നു പറഞ്ഞുകൊണ്ട് ശിശുവിന് ‘സാമുവൽ’ എന്നു പേരിട്ടു. മുലകുടി മാറിയപ്പോൾ കുഞ്ഞിനെ അവൾ ദൈവാലയത്തിൽ കർത്താവിനു സമർപ്പിച്ചു. ഇസ്രായേലിനെ ഭരിച്ച ന്യായാധിപന്മാരിൽ അവസാനത്തെയാളാണ് സാമുവൽ. അദ്ദേഹം ഒരേസമയം ന്യായാധിപനും പ്രവാചകനുമായിരുന്നു. ബാലനായ സാമുവൽ ‘കർത്താവിന്റെയും മനുഷ്യരുടെയും പ്രീതിയിൽ വളർന്നു’വെന്നും രേഖപ്പെടുത്തിയിരിക്കുന്നു. (1 സാമു. 2:26). യേശു വളർന്നതും ഇങ്ങനെതന്നെ (ലൂക്കാ 2:52).



**നടക്കാം നക്ഷത്രശോഭയിൽ**

“യാക്കോബിൽ ഒരു നക്ഷത്രം ഉദിക്കും” (സംഖ്യ 24:17).

“യാക്കോബിന്റെ ഭവനമേ, വരുക. നമുക്കു കർത്താവിന്റെ പ്രകാശത്തിൽ വ്യാപരിക്കാം” (ഏശയ്യാ 2:5).

“ഞങ്ങൾ (ജ്ഞാനികൾ) കിഴക്ക് അവന്റെ നക്ഷത്രം കണ്ട് അവനെ ആരാധിക്കാൻ വന്നിരിക്കുകയാണ്” (മത്താ 2:2).


“അപ്പോൾ ഹേറോദേസ് ആ ജ്ഞാനികളെ വിളിച്ച് നക്ഷത്രം പ്രത്യക്ഷപ്പെട്ടതെപ്പോഴെന്നു സൂക്ഷ്മമായി ആകാംക്ഷയോടെ അന്വേഷിച്ചറിഞ്ഞു” (മത്താ. 2:7).

“അവർ പുറപ്പെട്ടു. കിഴക്കു കണ്ട നക്ഷത്രം അവർക്കു മുമ്പേ നീങ്ങിക്കൊണ്ടിരുന്നു” (മത്താ. 2:9).

“നക്ഷത്രം കണ്ടപ്പോൾ അവർ അത്യധികം സന്തോഷിച്ചു” (മത്താ. 2:10).


“യേശു വീണ്ടും അവരോടു പറഞ്ഞു: “ഞാൻ ലോകത്തിന്റെ പ്രകാശമാണ്” (യോഹ. 8:12). □


**അനുഗ്രഹസ്മരണ**




**ഒരു വിശ്വാസി**
മൂലമറ്റം

**അനുഗ്രഹസ്മരണ**



**ലിയ ഡെന്നീസ്**
അഴകത്ത്, മണിമല

**അനുഗ്രഹസ്മരണ**



**ഒരു വിശ്വാസി**
യു. കെ.

**അനുഗ്രഹസ്മരണ**



**ഒരു വിശ്വാസി**
യു. കെ.

# ഹാവായ് ദ്വീപിലെ വെക്കീക്കി ബീച്ച്



ഡോ. ജെ. കട്ടയ്ക്കൽ

'പസഫിക് മഹാസമുദ്രത്തിലെ പറുദീസാ' എന്നു പ്രഖ്യാതമാണ് ഹാവായ് ദ്വീപുകൾ. ഈയടുത്തകാലത്ത് ഹാവായ് ദ്വീപുകൾ സന്ദർശിക്കാൻ എനിക്കു ഭാഗ്യമുണ്ടായി. ഹാവായ് ദ്വീപുകളിലൊന്നായ മൊളോക്കോയി (Molokai) സന്ദർശിക്കുകയായിരുന്നു, എന്റെ യാത്രയുടെ പ്രധാന ലക്ഷ്യം. അവിടെയാണ്, പുണ്യപുരുഷനായ ഫാദർ പീറ്റർ ഡാമിയൻ, ബഹുശതം കുഷ്ഠരോഗികളെ പരിചരിച്ചുകൊണ്ട് സ്വജീവിതം മുഴുവൻ ചെലവഴിച്ചത്.

**ആഴിയുടെ അഗാധത്തിൽനിന്ന്**

ശാസ്ത്രജ്ഞന്മാരുടെ അഭ്യൂഹമനുസരിച്ച്, ഭൂഗോളം ഉരുത്തിരിഞ്ഞിട്ട് മുന്നൂറ്റിയറുപത്തഞ്ചുകോടി സംവത്സരങ്ങളായി. എന്നാൽ, പസഫിക് സമുദ്രമധ്യത്തിലെ ഹാവായ് ദ്വീപുസമൂഹം ഉദ്ഭവിച്ചിട്ട്, വെറും മൂന്നുകോടി വർഷങ്ങളേ ആയിട്ടുള്ളൂ. എങ്ങനെയാണ് ഹാവായ് ദ്വീപുകളുടെ ഉദ്ഭവം? പസഫിക് മഹാസമുദ്രത്തിൽനിന്ന്, ഉഗ്രമായ അഗ്നിപർവ്വതം പൊട്ടിത്തെറിച്ച് ഭൂമിയുടെ മുകളിലേക്ക് ഉയർന്നു; അനന്തരം അഗ്നിപർവ്വതത്തിന്റെ അവശിഷ്ടങ്ങളെല്ലാം, കടലിലേക്കുതന്നെ വീണടിഞ്ഞ്, രൂപംപ്രാപിച്ചവയാണ് എട്ടു മുഖ്യ ഹാവായ് ദ്വീപുകളും.

**എങ്ങനെ ഹാവായിയിൽ എത്തിച്ചേരാം?**

ജപ്പാന്റെ തലസ്ഥാനമായ ടോക്കിയോയിൽനിന്ന്, ആറായിരം കി.മീ. കിഴക്കോട്ട് വിമാനയാത്ര ചെയ്താൽ; അല്ലെങ്കിൽ, അമേരിക്കയുടെ പടിഞ്ഞാറേ തീരപട്ടണമായ ലോസാഞ്ചലസിൽനിന്ന് നാലായിരം കി.മീ. പടിഞ്ഞാറോട്ടു യാത്ര ചെയ്താൽ ഹാവായ് ദ്വീപുകളുടെ തലസ്ഥാനനഗരമായ ഹോണോലുലുവിൽ ചെന്നു ചേരും. ഉദ്ദേശ്യം ആറു മണിക്കൂർ വിമാനയാത്രയുണ്ട്. ഹോണോലുലു, ഒന്നാംക്ലാസ് ഇന്റർനാഷണൽ എയർപോർട്ടും തുറമുഖപട്ടണവുമാണ്.

**വൈക്കീക്കി ബീച്ച്**

ഹോണോലുലു എയർപോർട്ടിൽ, വിമാനം ഇറങ്ങുമ്പോൾ, നമ്മുടെ ദൃഷ്ടിയിൽപ്പെടുന്നത്, ചുറ്റുപാടുമുള്ള ഹരിതാഭമായ മനോഹരഭൂപ്രകൃതിയും നീണ്ടു നീണ്ടു പോകുന്ന സുവർണമണൽത്തീരവുമാണ്. വൈക്കീക്കി ബീച്ച് എന്നാണ് ഈ ലോകപ്രശസ്ത കടൽത്തീരത്തിന്റെ പേര്. മണൽപ്പരപ്പുകളെ സദാ തലോടിക്കൊണ്ടിരിക്കുന്ന ശാന്തസമുദ്രത്തിന്റെ അച്ഛസ്ഫടികജലം, ഈ ജലത്തിൽ മുങ്ങിക്കുളിക്കുവാനും നീന്തിക്കുളിക്കുവാനും ആബാലവൃദ്ധം ജനങ്ങൾ ഇഷ്ടപ്പെടുന്നു. സമുദ്രതീരത്തുനിന്ന് ഉൾക്കടലിലേക്ക് ഒരു കിലോമീറ്റർ ദൂരം. മുട്ടോളം വെള്ളത്തിൽ ജനങ്ങൾ നിർഭയം ഓടിക്കളിക്കുന്നു. ആണ്ടുവട്ടം മുഴുവൻ മിതോഷ്ണം നൽകുന്ന ഹാവായ് ദ്വീപുകൾ വാസ്തവത്തിൽ ടൂറിസ്റ്റുകളുടെ പറുദീസായാണ്. ലക്ഷക്കണക്കിനു വിദേശികളാണ് ഓരോ വർഷവും വൈക്കീക്കിയിൽ അതിഭൗമിക സുഖം ആസ്വദിക്കുന്നത്.

**ഗാന്ധിപ്രതിമയും കാഴ്ചബംഗ്ലാവും**

വൈക്കീക്കി ബീച്ചിന് അടുത്തുതന്നെയാണ്, ഹാവായിലെ വിശ്വവിഖ്യാത 'കാഴ്ചബംഗ്ലാവ്' അഥവാ Zoo. Zoo എന്ന ഇംഗ്ലീഷ് പദത്തിന്റെ അർത്ഥം, 'ജീവജാലങ്ങളുടെ സങ്കേതം' എന്നതുകൊണ്ടായിരിക്കാം സർവ്വജാതി ജീവികളും, ഹാവായ് കാഴ്ചബംഗ്ലാവിലുണ്ട്.

ഇവയെക്കാളെല്ലാം വിസ്മയകരമായത്, കാഴ്ചബംഗ്ലാവിന്റെ പ്രധാന പ്രവേശനകവാടത്തിൽ, മഹാത്മാഗാന്ധിയുടെ ആൾവലിപ്പപ്രതിമയും പ്രതിമയുടെ അടിയിൽ, വിശുദ്ധനായ ഫാ. ഡാമിയനെ പ്രശംസിച്ചുകൊണ്ടുള്ള ഒരു വാക്യവുമാണ്. സഞ്ചരിക്കുന്ന രീതിയിലാണ്, കൈയിൽ വടിയും പിടിച്ചുനടക്കുന്ന ഗാന്ധിജിയെ ചിത്രീകരിച്ചിരിക്കുന്നത്.

കാഴ്ചബംഗ്ലാവിലെ ആശ്ചര്യകരമായ കാഴ്ചകളെല്ലാം കണ്ടു, പുറത്തിറങ്ങിയപ്പോൾ, അതാ, ഇന്റർനാഷണൽ ഫുഡ് ഹൗസ്. ഇരുപത്തിരണ്ടു രാജ്യങ്ങൾ അവരവരുടെ അതിവിശിഷ്ടഭോജ്യപാനീയങ്ങൾ ചൂടോടെ പ്രദർശിപ്പിച്ചിരിക്കുന്നു, അതിവിശാലമായ ഭക്ഷണശാല. ഇഷ്ടമുള്ള ഭക്ഷണം 'കിച്ചനിൽ'നിന്ന് ന്യായമായ വിലയ്ക്കു വാങ്ങി പൊതുവായ ഭോജനശാലകളിലിരുന്ന് ആസ്വദിക്കാം. അവരിൽ ഒരാളായി ഞാനും ചേർന്നു. ഹാവായൻ ഭക്ഷണമാണ് ഞാൻ വാങ്ങിയത്. എന്റെ അടുത്തിരുന്നു ഭക്ഷണം കഴിച്ചിരുന്ന ഒരു വിദേശി എന്നോടു ചോദിച്ചു:

Are you a cousin of GANDHI? (ഗാന്ധിയുടെ കസിനാണോ?)

"ആശയത്തിലും ആദർശത്തിലും ഒരു പരിധിവരെ ഞാൻ ഗാന്ധിയനാണ്" ചിരിച്ചുകൊണ്ട് ഞാൻ മറുപടി പറഞ്ഞു.

"വൈക്കീക്കി ബീച്ചിൽ ഗാന്ധിപ്രതിമയും, പ്രതിമയുടെ അടിയിലെ ഗാന്ധിവാക്യവും കണ്ടോ?" എന്ന് ആ 'സഹവിദേശി' ആരാഞ്ഞു.

"തീർച്ചയായും." ഞാൻ പ്രതിവചിച്ചു. എന്റെ കൈവശമുണ്ടായിരുന്ന ടൂറിസ്റ്റ് ഗൈഡ് ഞങ്ങൾ രണ്ടുപേരുംകൂടി വായിച്ചു.

അതിന്റെ മലയാളപരിഭാഷ: "രാഷ്ട്രീയക്കാർക്കോ വാർത്താമാധ്യമങ്ങൾക്കോ മൊളോക്കോയിലെ ഫാദർ ഡാമിയനെപ്പോലെ ഒരു മഹാനെ ചൂണ്ടിക്കാണിച്ച് അഭിമാനിക്കാൻ കഴിവില്ല; നേരെമറിച്ച്, കത്തോലിക്കാസഭയ്ക്കാകട്ടെ, ഡാമിയനച്ചന്റെ മാതൃകയാൽ പ്രചോദിതരായി കുഷ്ഠരോഗീപരിചരണത്തിനായി ജീവൻ സമർപ്പിച്ച ആയിരക്കണക്കിന് ആളുകളെ ചൂണ്ടിക്കാണിക്കുവാൻ കഴിയും."

ഗാന്ധിജിയുടെ പ്രശംസാപാത്രമായിത്തീർന്ന പൂജ്യനായ ഫാദർ ഡാമിയൻ കുഷ്ഠരോഗികൾക്കുവേണ്ടി തന്റെ വൈദികജീവിതം മുഴുവൻ ചെലവഴിച്ച ആ മൊളോക്കോയി ദ്വീപ്, ഇവിടെയടുത്താണ്. എട്ടുപേർക്കു മാത്രം യാത്ര ചെയ്യാവുന്ന ചെറിയ എയർപ്ലെയിനിൽ 15 മിനിറ്റ് യാത്ര. അത്രമാത്രം. എന്റെ വിദേശിമിത്രം എന്നെ ധരിപ്പിച്ചു.

'ഓ, നാളെത്തന്നെ, ഞാൻ മൊളോക്കോയി ദ്വീപു സന്ദർശിക്കുന്നുണ്ട്. എന്റെ ലോസാഞ്ചലസ് – ഹാവായ് യാത്രയുടെ പ്രധാനോദ്ദേശ്യവും അതുതന്നെ' ഞാൻ പറഞ്ഞു.



"അങ്ങോട്ടു നോക്ക് – ആ കാണുന്ന കെട്ടിടസമുച്ചയം പ്രഖ്യാതമായ ഹോണോലുലു യൂണിവേഴ്സിറ്റിയാണ്. ബുദ്ധമതം, ഗാന്ധിജി, ഇന്ത്യ മുതലായവ ഈ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയിൽ പാഠ്യവിഷയങ്ങളാണ്. ബീഹാറിൽ നിന്നു കൊണ്ടുവന്ന് നട്ടുവളർത്തിയ ഒരു ബോധി (ആൽ) വൃക്ഷം, ഇവിടുത്തെ ഇന്റർനാഷണൽ യൂണിവേഴ്സിറ്റിയുടെ മുമ്പിലുണ്ട്." എന്റെ സുഹൃത്ത് എന്നെ ഓർമ്മിപ്പിച്ചു.

■

---

ശ്രേഷ്ഠമലയാളം

ഡോ. ഡേവിസ് സേവ്യർ

## കാൽപ്പന്തുകളി

ഫുട്ബോളിനു തമിഴിൽ കാൽപന്ത് (கால்பந்து) എന്നും ഫുട്ബോൾകളിക്ക് കാൽപന്താട്ടം എന്നും പറയുന്നു. ഫുട്ബോൾ എന്ന ഇംഗ്ലീഷ്വാക്കിനെ തദ്സമമായി സ്വീകരിക്കുകയാണു മലയാളികൾ ചെയ്തത്. ഫുട്ബോളിനെ കാൽപന്താക്കാൻ മലയാളിക്കു മനസ്സുവന്നില്ല. അങ്ങനെ വേണം എന്നു ശഠിക്കാനാവില്ല. 'കാൽപ്പന്തി'നെ വെറുക്കുന്ന മനോഭാവത്തിനോടേ പ്രതിഷേധിക്കേണ്ടതുള്ളൂ എന്നൊരു മതമാണ് സി.വി. വാസുദേവ ഭട്ടതിരിക്കുള്ളത്.* അതു സ്വീകാര്യമാണുതാനും.

'കാൽപ്പന്ത്' ഇപ്പോൾ മലയാളികൾക്കു പ്രിയങ്കരമായിക്കഴിഞ്ഞിരിക്കുന്നു. ദൃശ്യ-അച്ചടി മാധ്യമപ്രവർത്തകർ കാൽപ്പന്ത് എന്നെഴുതിത്തുടങ്ങിയതോടെ ആ പദം സർവ്വാത്മനാ സ്വീകരിക്കപ്പെട്ടു. കാൽപ്പന്ത് എന്ന പദപ്രയോഗം ഇപ്പോൾ ആർക്കും അസ്വീകാര്യമായിത്തോന്നുന്നുമില്ല. തമിഴിൽനിന്നു കടന്നുവന്ന നല്ല പദപ്രയോഗമായി കാൽപ്പന്ത് പ്രചരിച്ചുകഴിഞ്ഞു. ഇനി 'ഫുട്ബോളി'ലേക്കു മടങ്ങിപ്പോകേണ്ടതില്ല എന്നാണ് ഈയുള്ളവന്റെ പക്ഷം.

തമിഴിൽ കാൽപന്ത് എന്നാണെങ്കിലും മലയാളത്തിൽ 'കാൽപ്പന്ത്' എന്നിരട്ടിച്ചെഴുതണം. ചില്ലുകളിൽ സ്വരചൈതന്യം ലീനമായിരിക്കുന്നതുകൊണ്ട് അവ സ്വയം ഉച്ചാരണക്ഷമമാണ്. തന്മൂലം അടുത്തുവരുന്ന വ്യഞ്ജനത്തിൽ സാധാരണ കൂട്ടക്ഷരംപോലെ ചില്ലുകൾ അലിഞ്ഞുചേരില്ല. ആൽ, ഇൽ, കൽ എന്നിവയ്ക്കുശേഷം വരുന്ന ദൃഢവ്യഞ്ജനങ്ങൾ സമാസം ഇല്ലാത്തിടത്തും ഇരട്ടിക്കണമെന്നത്രേ നിലവിലുള്ള നിയമം. അങ്ങനെ, കാൽ+പന്ത്=കാൽപ്പന്ത് എന്നാകുന്നു. മലയാളത്തിൽ കാൽപ്പന്ത് എന്നുതന്നെ എഴുതണം.

ആമ്പൽപ്പൂവ്, തോൽപ്പാവ, തോൽപ്പെട്ടി എന്നിങ്ങനെ ഉത്തരപദവ്യഞ്ജനം ഇരട്ടിച്ചാണ് മലയാളത്തിൽ എഴുതുന്നതും എഴുതേണ്ടതും. ഇനി ദ്വിത്വം ഒഴിവാക്കി എഴുതണമെങ്കിൽ 'ൽ' എന്ന ചില്ലിനെ സംവൃതോകാരമാക്കുക (ല്). അപ്പോൾ കാല്പന്ത്, ആമ്പല്പൂവ്, തോല്പാവ, തോല്പെട്ടി എന്നെല്ലാം വരും. എന്നാൽ ഇവയെക്കാൾ ജനകീയരൂപങ്ങൾ ചില്ലുചേർത്ത് എഴുതുന്നവയാണ്.

'പന്താട്ട'ത്തെ മലയാളമാക്കുമ്പോൾ പന്തുകളി എന്നാകും. പന്തുകളിയിലെ 'ക കാരം ഇരട്ടിക്കാത്തത്, ഉ കാരത്തിനു ശേഷം വരുന്ന ക്രിയാനാമത്തിലെ വ്യഞ്ജനത്തിനു ദ്വിത്വമില്ല എന്ന വിധിപ്രകാരമാണ്. പന്ത്+ കളി=പന്തുകളി (സംവൃതോകാരലോപം)

** വാസുദേവഭട്ടതിരി; സി.വി, നല്ല മലയാളം, ഡി.സി. ബുക്സ്, കോട്ടയം, 1999, പുറം – 27)*

Deepanalam Weekly
RNI No : 16998/68
Vol. 53 No. 32 Date of Publication 10 December 2020
Annual Subscription Rate ₹ 300 (For Abroad ₹ 3000)
Registered No. KL/KTM/12/2018-2020
License No.KL/CR/KTM/WPP-04/2018-2020
Licensed to post without pre-payment













Printed & Published by Fr. Joseph Thadathil on behalf of Deepanalam Society Palai, Reg. No. 69/77 and printed at Deepanalam printings Palai P.O., Pin-686575 and Published at Palai, Kottayam Dist. Kerala, Pin -686575 . Editor - Fr. Kurian Thadathil * Responsible for selection of news under PRB Act.
Ph: 04822-212842 . Fax: 04822-212842 . Email: editordeepanalam@gmail.com . deepanalam@rediffmail.com . website: www.deepanalam.com